

മാഗസിൻ '21
എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ


M.E.S. ASMABI COLLEGE
(Govt. Aided, Affiliated to University of Calicut, Recognized by UGC,
Minority Institution certified by National Minority Education Commission)
P. Vemballur P.O., Kodungallur Thrissur Dist., Kerala, Pin- 680671
NAAC re-accredited with B++ (CGPA 3.00) - 3rd Cycle, New RAF
ISO 9001:2015 Certified Institution

# Credits

ചീഫ് എഡിറ്റർ :
Dr. A Biju

സ്റ്റാഫ് എഡിറ്റർ :
Dr. Jaisy David

സ്റ്റുഡൻറ് കോഡിനേറ്റർ :
Muhamed Shahal T

അംഗങ്ങൾ
Fathimathul Misriya / Nirmal ranadeev k /
Asnitha / Aadil / Shaika / Anisa / Anaswara

രൂപവിന്യാസം / മുഖചിത്രം / വരകൾ
magicBus / Prajil Aman / 8589883349

അച്ചടി : Vibgyor Print Innovations/ Calicut

Statement of ownership and other particulars about the publication of MES Asmabi college Magazine 2020-21

Printer and Publisher : Dr. A. Biju
Principal, MES Asmabi college
MES Asmabi college /
Owner : The Principal
Address : The Principal / MES Asmabi College
P. Vemballur - 680671

I, Chief editor here by declare that the particulars given above are true to the best of my knowledge and belief.
Sd/-
Dr.A.Biju
Principal

മാഗസിൻ ’21

# അമ്പ് കൊള്ളാത്തവരില്ല കുരുക്കളിൽ

എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ

# MES State Committee



**Dr. P A Fazal Ghafoor**
PRESIDENT
MES KERALA



**Prof. P O J Lebba**
GENERAL SECRETARY
MES KERALA



**P.H. Mohammed**
CORPORATE MANAGER
MES AIDED COLLEGES

# Asmabi College Management



**Aspin Ashraf**
CHAIRMAN



**Salim Arakkal**
SECRETARY &
CORRESPONDENT




**Musthaq Moideen**
TREASURER

## *Remembering*



# Dr. P.K . Abdul Gafoor

( Founder president Muslim educational society )



## PRINCIPAL'S MESSAGE

The gone and the ongoing are the times of Covid 19 pandemic which hold the globe in its grip. Even while reeling under the attack of the virus it gave us new opportunities of technological readiness for successfully proceeding with online education. New tools and techniques were exploited for teaching and learning which depicted a new scenario almost unknown in the past. The transformation was so rapid that it took only finger countable days for teachers and students to get adapted to it. We have started living with the pandemic now and the disease itself has started dying out as an endemic. This became possible due to concerted efforts of scientists, policy makers, health workers, medical professionals, and educators.
Our institution has made laudable gains during this difficult period including introduction of new courses, betterment of infrastructure facilities and many online activities for overall improvement of the student clan. Pandemic brought in new styles and methods of creating, disseminating and growing literary and artistic works after a short lull arose due to the Covid situation. Social media and other online platforms kept it vibrant with added sheen. I am sure that the lessons from this tough period must have facilitated the creation, collection and compilation of entries in this magazine and it makes an exciting read.

Stay Safe!
Say Studious!!

principal
Dr. A Biju

എഡിറ്റോറിയൽ

പ്രതിസന്ധികളുടെ കാലം അകന്നുതുടങ്ങിയിരിക്കുന്നു അടഞ്ഞു കിടന്ന കലാലയങ്ങളെല്ലാം നമുക്ക് മുന്നിൽ തുറക്കുകയായി. ആൾക്കൂട്ടത്തിൽ നിന്നും അകന്നിരിക്കാൻ നിർബന്ധിതരായ സമയത്തും സമൂഹത്തിലെ പ്രതിസന്ധികളെ അതിജീവിക്കാൻ വിദ്യാർഥികൾ മുന്നിലുണ്ടായിരുന്നു. കോവിടെന്ന മഹാമാരി ലോകത്ത് സൃഷ്ടിച്ച അനിശ്ചിതത്തിൽ നിന്നും ഉണർവിന്റെ പുതിയ പടവുകൾ കയറി, കൂടുതൽ ഊർജ്ജസ്വലരായിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിസമൂഹം ക്യാമ്പസിനകത്തെ സർഗാത്മകതയെ വീണ്ടും ഉണർത്തുകയാണ്. കോവിഡ് കാലത്തും ആതുരസേവന രംഗങ്ങളിൽ മുന്നിൽ നിൽക്കാനും രോഗം പിടിപെട്ടവരെയും അവരുടെ കുടുംബത്തെയും സഹായിക്കാനും ജാതി, മത, വർഗ്ഗ, വർണ ബേധമെന്യേ എല്ലാവരും ഇവിടെ
ഒറ്റക്കെട്ടായിരുന്നു.

എന്നിരുന്നാലും നമ്മുടെ സമൂഹം ഇന്നും കെട്ടുകഥകളെയും പാരമ്പര്യ ചിന്താഗതിയെയും പിൻപറ്റി ജീവിച്ചു പോരുന്നു. കാറ്റിനെക്കാൾ വേഗത്തിൽ പോകുന്ന അഭ്യൂഹങ്ങളും വിവാദങ്ങളും ഭൂമിയുടെ കറക്കത്തെ നിയന്ത്രിക്കുന്ന ഈ കാലത്ത്.  അസഹിഷ്ണുതയും ആശങ്കയും നിറഞ്ഞ ഈ സാമൂഹിക അന്തരീക്ഷത്തിൽ സ്വതന്ത്ര ചിന്താഗതിയോടെ
ജീവിക്കുക എന്നത് വെല്ലുവിളിയാണ്. ഈ മാഗസിന്റെ ആദ്യ ഭാഗത്ത് ചർച്ച ചെയ്യുന്നത് ഈ വിഷയങ്ങളെ കുറിച്ചാണ്. രാജ്യത്തിന് ശ്വാസം മുട്ടുമ്പോഴും ജനങ്ങൾ മുഖാവരണങ്ങളിൽ മൂടപെടുമ്പോഴും രാജ്യത്ത് ഫാസിസം വേരൂന്നുകയാണ്. ഫാസിസത്തോടുള്ള കലഹമാണ് മാഗസിന്റെ രണ്ടാം ഭാഗം.


ഇനിയും നമ്മൾ അടങ്ങിയിരുന്നുകൂടാ. നമ്മുടെ ആശയങ്ങൾക്കും, നാവിനും കൂച്ചുവിലങ്ങിടുന്നതിനു മുൻപ് രാജ്യത്തിന്റെ തെരുവുകളെ പ്രതിഷേധ ധ്വനികളാൽ ശക്തിപ്പെടുത്താം. നഷ്ടമായിക്കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തെയും മതേതരത്വത്തെയും ജനാധിപത്യത്തെയും വീണ്ടെടുക്കാൻ നമുക്കിവിടെ സംസാരിച്ചു തുടങ്ങാം

സ്റ്റുഡന്റ് കോഡിനേറ്റർ
**മുഹമ്മദ് ഷഹൽ ടി**



# സമർപ്പണം

ആതുരസേവന രംഗത്ത് കർമ്മനിരതരായ
ആരോഗ്യ പ്രവർത്തകർക്ക്
കോവിഡിനെ പ്രതിരോധിക്കാൻ മുന്നിൽ
നിന്ന കേരള ജനതക്ക്




## DOSE 1

കുറച്ച് ആളുകളെ
എല്ലാ കാലവും
വിഡ്ഢികളാക്കാം.
എല്ലാ
ആളുകളെയും
കുറച്ച്
കാലത്തേക്കും
വിഡ്ഢികളാക്കാം.
എന്നാൽ
എല്ലാവരെയും
എക്കാലത്തേക്കും
വിഡ്ഢികളാക്കുക
അസാധ്യമാണ്..

എബ്രഹാം ലിങ്കൺ

**ഡോ. ജെയ്സി ഡേവിഡ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളം ഡിപാർട്മെന്റ്

# മിത്തുകളുടെ മതേതര പാഠങ്ങൾ

മത വംശീയ സംസ്കാരങ്ങളുടെ വേരുകൾ ഒരു സമൂഹത്തിന്റെ ഭൂതകാല വിജ്ഞാനത്തിന്റെ ഭാഗമാണ്. ചരിത്രരേഖകളിൽ നിന്ന് കണ്ടെടുക്കാൻ കഴിയാത്ത പലതും ഒരു കൂട്ടായ്മയുടെ ഓർമ്മകളിൽ സന്നിഹിതമാണ്. ഒരു സമൂഹത്തിന്റെ വൈകാരികവും പ്രാദേശികവുമായ പഴമയുടെ മുദ്രകളാണ് മിത്തുകളും പുരാ വൃത്തങ്ങളും. വാമൊഴികളിലൂടെ പകർന്നു കിട്ടി ഒരു ജനതയുടെ ഓർമ്മകളുടെ ഭാഗമായ മിത്തുകൾക്കും പുരാവൃത്തങ്ങൾക്കും നമ്മുടെ സംസ്കാരത്തിൽ വലിയ പ്രാധാന്യമുണ്ട്.

കെട്ടുകഥകളായും വിശ്വാസങ്ങളായും ഒരു പ്രദേശത്തോ സമുദായത്തിലോ നിലനിൽക്കുന്ന പുരാവൃത്തങ്ങളും മിത്തുകളും അലൗകികകഥകളും മാനവസംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ്. മനുഷ്യൻ അത്ഭുതത്തോടെ മാത്രം വീക്ഷിച്ച പ്രപഞ്ചത്തിന്റെ അതീതസത്തയ്ക്ക് സമാന്തരമായി മതങ്ങളും വിശ്വാസങ്ങളും സർഗ്ഗാത്മകതയും പകരം വെച്ചുകൊണ്ടാണ് മനുഷ്യൻ ഭാവശക്തിയുടെ സ്രഷ്ടാവായി പ്രകൃതിയെ പ്രതിനിധീകരിച്ചതും പുനർനിർമ്മിച്ചതും. പ്രകൃതിശക്തിയെ ആവാഹിച്ച് അതീത സത്തയെ ഉൾക്കൊണ്ടെന്ന ബോധ്യത്തിൽ അമാനുഷികനാകാനുള്ള മനുഷ്യന്റെ ഉത്കടമായ തൃഷ്ണയാണ് പ്രാക്തന വിശ്വാസങ്ങളുടെ നിർമ്മിതിതത്വം. ശാസ്ത്രീയ തെളിവുകളുടെ പിൻബല

**ഒരു സമൂഹത്തിന്റെ വൈകാരികവും പ്രാദേശികവുമായ പഴമയുടെ മുദ്രകളാണ് മിത്തുകളും പുരാ വൃത്തങ്ങളും,**

**നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ മിത്തുകളും വിശ്വാസങ്ങളും മതത്തേക്കാൾ പ്രാക്തനങ്ങൾ ആണ്. പിന്നീട് വന്ന മത ജാതി കൂട്ടായ്മകൾ ഇവയെ സ്വാംശീകരിച്ച് തങ്ങളുടെ മതബോധനത്തിനനുസൃതമായി പുനർവിന്യസിച്ചു.**

ത്തോടെ കൈമാറിക്കിട്ടിയ പ്രാക്തന വിശ്വാസങ്ങൾ മനുഷ്യമനസ്സുകളുടെ അബോധതലങ്ങളിൽ ഇന്നും ഇളക്കാനാകാതെ കിടക്കുന്ന ആർക്കിടൈപ്പുകളാണ്. (Archetypes)

പ്രത്യക്ഷലോകത്തിലെ അധികാരരൂപങ്ങൾ പ്രകൃതിക്കും മനുഷ്യനും മേൽ കടന്നാക്രമണം നടത്തുമ്പോൾ രക്ഷയായി നിലനിൽക്കുന്നത് പ്രാക്തന വിശ്വാസങ്ങളുടെ ഭാഗമായ മിത്തുകളും പുരാവൃത്തങ്ങളുമാണ്. പുഴകളും മലകളും കാവുകളും സംരക്ഷിക്കപ്പെട്ടതും കീഴാളരും സ്ത്രീകളും ഒരു പരിധിവരെ അടിമത്തത്തെ പ്രതിരോധിച്ചതും പുരാവൃത്തങ്ങളും മിത്തുകളും സ്വയം സൃഷ്ടിച്ചു കൊണ്ടാണ്. യക്ഷി ഗന്ധർവ്വ കഥകൾക്കും അലൗകികമാന്ത്രിക കഥകൾക്കും ഇതിൽ വലിയ സ്ഥാനമുണ്ട്. പ്രകൃതി പ്രതിഭാസങ്ങളുടെ അതീന്ദ്രിയ അമാനുഷഭാവങ്ങൾ മനുഷ്യന് കരഗതമാകുന്ന തിലൂടെ വരുന്ന അജയ്യത അലംഘനീയമാണെന്ന വിശ്വാസമാണ് അലൗകികമാന്ത്രിക കഥകളുടെയും വിശ്വാസങ്ങളുടെയും അടിത്തറ. ഇത്തരം വിശ്വാസങ്ങൾ കായികമായും ജാതിപരമായും ദുർബലമാക്കപ്പെട്ട ഒരു വിഭാഗത്തിന്റെ പ്രതിരോധ മാർഗ്ഗമായി പ്രവർത്തിക്കുന്നുവെന്നത് വാസ്തവം തന്നെയാണ്.

സംസ്കാര പഠനത്തിന്റെ ഭാഗമായ ഫോക് അംശങ്ങളെ ഭാവനയും യഥാർത്ഥ്യവും ഇടകലർത്തി ആവിഷ്കരിക്കുന്ന സാഹിത്യം നാടോടി വിജ്ഞാനീയത്തിന്റെ സൗന്ദര്യമാനം തന്നെയാണ്. പ്രാക്തനമായ പ്രകൃതിവിശ്വാസങ്ങളെ പ്രതിനിധാനം ചെയ്യുന്ന പുരാവൃത്തങ്ങളും മിത്തുകളും മത-അധി





കാരം നിയമ ബന്ധങ്ങളുടെ കരുക്കിൽ വീർപ്പുമുട്ടുന്ന മനുഷ്യർക്ക് സാഹോദര്യത്തിന്റെ യും മാനവികതയുടെയും സ്മൃതിപഥമാകുന്ന തിന്റെ നേർചിത്രമാണ് കെ.ആർ. മീരയുടെ നോവലായ 'കബറിൽ കണ്ടെത്താനാവുക. മതത്തിന്റെയും ചരിത്രത്തിന്റെയും രേഖകൾക്ക പ്പുറത്ത് തെളിവുകൾ ഓർമ്മകളിൽ മാത്രം അവശേഷിക്കുന്ന ഖബർ സംരക്ഷിക്കപ്പെടാൻ നടത്തുന്ന ഒറ്റയാൾ പോരാട്ടവും തെളിവുകളു ടെ അഭാവത്താൽ നീതി ലഭിക്കാതെ പോകു ന്നിടത്ത് രേഖകളിലില്ലാത്ത സത്യം വെളിപ്പെ ടാൻ കൺകെട്ട് വിദ്യകളും പുരാവൃത്തങ്ങളും രക്ഷക്ക് എത്തുന്ന മാന്ത്രിക ആഖ്യാനമാണ് കബറിലെ മിത്തുകളുടെ നിർമ്മിതിയുടെ അനിഷേധ്യത.

നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ മിത്തുക ളും വിശ്വാസങ്ങളും മതത്തേക്കാൾ പ്രാക്തനങ്ങൾ ആണ്. പിന്നീട് വന്ന മത ജാതി കൂട്ടായ്മകൾ ഇവയെ സ്വാംശീകരിച്ച് തങ്ങളുടെ മതബോധനത്തിനനുസൃതമായി പുനർവിന്യസിച്ചു. മിത്തുകളുടെയും പുരാവൃത്തങ്ങളുടെയും വേരുകൾ തേടി പോകു ന്നിടത്ത് പ്രകൃതിശക്തിയുടേയും മാനവികതയു ടെയും സമന്വയമാണ് കണ്ടെടുക്കാനാവുക. ഇത്തരം ആശയലോകത്തിലൂന്നിക്കൊണ്ടുള്ള മിത്തുകളുടെ പുനരാഖ്യാനമാണ് കബറിലെ കഥാതന്തു.

ഭാവനയുടെ മനസ്സിന്റെ അടിത്തട്ടിൽ ഉറങ്ങി ക്കിടന്ന യോഗീശ്വരനമ്മവന്റെ കഥയിൽ നിന്നുമാണ് മിത്തുകളുടെയും ഐതിഹ്യങ്ങളുടെ യും അലൗകിക മനുഷ്യജീവിത പ്രേരകമാകുന്നതിന്റെ മാസ്മരിക ലോകം പിറവിയെടുക്കുന്നത്. അഡിഷണൽ ജില്ലാ ജഡ്ജി ഭാവന സച്ചിദാനന്ദൻ പുരാവൃത്തം ഓർമിക്കുന്നതാകട്ടെ കാക്കശ്ശേരി ഖയാലുദ്ദീൻ തങ്ങൾ വാദിയായ അവസാനത്തെ കേസ് വിസ്താരത്തിനിടെയായിരുന്നു. ചേരമാൻ പെരുമാളുടെ ഒപ്പം മക്കയിൽ പോയി ഇസ്ലാം മതം സ്വീകരിച്ചു മടങ്ങിയ ഹസ്സൻകോയയുടെ ഖബർ ഇരിക്കുന്ന മണ്ണ് ഒരു ചാരിറ്റബിൾ ട്രസ്റ്റിന് കൈമാറ്റം ചെയ്യുകയും അവർ അവിടെ ഓഡിറ്റോറിയം പണിയുന്നതിന് തീരുമാനിക്കുകയും ചെയ്യുന്നു. ഖബറിരിക്കുന്ന സ്ഥലം സംരക്ഷിക്കപ്പെടണം എന്നതായിരു ന്നു കാക്കശ്ശേരി തങ്ങളുടെ ആവശ്യം. തെളിവു കളും രേഖകളുമാണ് കോടതിക്ക് പ്രധാനം എന്നത് കൊണ്ട് അവിടെ ഖബർ ഉണ്ട് എന്ന് തെളിയിക്കുവാൻ കാക്കശ്ശേരി ഖയാലുദ്ധീൻ കഴിഞ്ഞില്ല. അധികാരത്തിനും നീതിവ്യവസ്ഥ യ്ക്കും പ്രധാനം ശാസ്ത്രീയ നിരീക്ഷണങ്ങളും ചരിത്രരേഖയുമാണ്. അതിലില്ലാത്ത വ്യവഹാര യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ അധികാ രരൂപങ്ങൾക്കാകില്ല. രേഖകളിൽ കാണാൻ കഴിയാത്ത അനുഭവയാഥാർത്ഥ്യ ത്തിന്റെ ലോകത്തു നിന്നുമാണ് ഖയാലുദ്ദീൻ വാദിക്കു ന്നത്. ഖയാലുദ്ദീന് ആ മണ്ണുമാ യുള്ള ബന്ധം തികച്ചും വൈകാരികമാണ്. വികാരത്തിന് കോടതിയധികാരത്തിൽ സ്ഥാനമില്ലാത്തതിനാൽ കേസ് പരാജയപ്പെട്ടു ന്നു. വിധി പ്രസ്താവിക്കുന്നതാകട്ടെ ഭാവനാ സച്ചിദാനന്ദനും. നീതിനിഷേധത്തെ അയാൾ പ്രതിരോധിക്കുന്നത് കൺകെട്ട് വിദ്യയിലൂടെ യാണ്.

**തെളിവുകളും രേഖകളുമാണ് കോടതിക്ക് പ്രധാനം എന്നത് കൊണ്ട് അവിടെ ഖബർ ഉണ്ട് എന്ന് തെളിയിക്കുവാൻ കാക്കശ്ശേരി ഖയാലുദ്ധീൻ കഴിഞ്ഞില്ല.**

**ചില ചരിത്രസത്യങ്ങളെ ഓർമപ്പെടുത്താൻ അബോധ തലങ്ങളിലെ മിത്തുകളെ ഉയിർപ്പിക്കുന്ന ആഖ്യാനതന്ത്രം. ജഡ്ജിയുടെ മേശപ്പുറത്ത് മൂർഖനെ പ്രത്യക്ഷപ്പെടുത്തിയും കടലാസെടുത്ത് രണ്ടായി കീറിയ ശബ്ദം ജഡ്ജിയുടെ ശരീരത്തിൽനിന്നും കേൾപ്പിച്ച ഖയാലുദ്ദീൻ അവരെ വിറളി പിടിപ്പിച്ചു.**

നിയമ അധികാര സ്ഥാപനങ്ങൾക്കു മുന്നിൽ അടയാളപ്പെടുത്താനോ സമർത്ഥിക്കാനോ കഴിയാത്ത ഇടങ്ങൾ ചരിത്രത്തിൽ നിന്നും മനുഷ്യ മനസ്സുകളിൽ നിന്നും കണ്ടെടുത്ത് പുനർനിർമ്മിക്കുന്ന ഇന്ദ്രജാലമാണ് കബറിലെ ആഖ്യാന പരിസരം. നിർജീവ അരക്ഷിത യാഥാർത്ഥ്യങ്ങളിലൂടെ കടന്നു പോകുന്ന രണ്ടാത്മാക്കളാണ് ജില്ലാ ജഡ്ജി ഭാവന സച്ചിദാനന്ദനും മകൻ അദ്വൈതും. കുടുംബമെന്ന...സ്ഥാപനം തകർത്തെറിഞ്ഞത് ഭാവനയുടെ സ്വപ്നലോകത്തെ ആയിരുന്നു. പുരുഷാധികാരത്തിന് കീഴ്പെട്ട് ഇഷ്ടങ്ങളെയും സ്വാതന്ത്ര്യത്തെയും ബലികഴിച്ച് ജീവിക്കേണ്ടിവന്ന ദാമ്പത്യം, തെളിവുകൾ കൊണ്ടോ രേഖകൾ കൊണ്ടോ തെളിയിക്കാനാവാത്ത മറ്റൊരു ഖബറിടമായിരുന്നു.

ചരിത്രരേഖകളിൽ ഇടം നേടാത്ത തെളിവുകളാൽ സമർത്ഥിക്കാനാകാത്ത പലതും നിഷേധിക്കാനാകാത്ത ജൈവയാഥാർഥ്യങ്ങളാണെന്ന ആശയത്തെ ഖയാലുദ്ദീൻ തങ്ങൾ പ്രേഷണം ചെയ്യുന്നത്, ഭാവനാ സച്ചിദാനന്ദന്റെ മുന്നിൽ കൺകെട്ടിലൂടെ നടത്തുന്ന ചില ഇടപെടലുകളിലൂടെ ആണ്. ഇന്ദ്രജാല പ്രകടനത്തിലൂടെ ഭാവന സച്ചിദാനന്ദനെ അസ്വസ്ഥപ്പെടുത്തി അയാൾ അവരുടെ ഉള്ളിലെ മിത്തുകളെ ഉണർത്തുന്നു. ചില ചരിത്രസത്യങ്ങളെ ഓർമപ്പെടുത്താൻ അബോധ തലങ്ങളിലെ മിത്തുകളെ ഉയിർപ്പിക്കുന്ന ആഖ്യാനതന്ത്രം. ജഡ്ജിയുടെ മേശപ്പുറത്ത് മൂർഖനെ പ്രത്യക്ഷപ്പെടുത്തിയും കടലാസെടുത്ത് രണ്ടായി കീറിയ ശബ്ദം ജഡ്ജിയുടെ ശരീരത്തിൽനിന്നും കേൾപ്പിച്ചും ഖയാലുദ്ദീൻ അവരെ വിറളി പിടിപ്പിച്ചു. പെരുമാറ്റ പ്രശ്നം നേരിടുന്ന കുഞ്ഞുമായി ഒറ്റയ്ക്ക് കഴിയുന്ന ഭാവനയുടെ ഉള്ളിൽ ഖയാലുദ്ദീന്റെ കേസ് വാദത്തിനിടെ കേട്ട് മറന്ന ഒരു മിത്ത് പിറവി കൊള്ളുകയാണ്.

യോഗീശ്വരമ്മാൻ ഭാവനയുടെ കുടുംബത്തിലെ പൂർവികനായിരുന്നു. വയസ്സായെന്നു തോന്നുമ്പോൾ കാരണവന്മാർ തറവാടിന്റെ ഭരണം അവകാശികളെ ഏൽപ്പിച്ച് കാശിക്കു പോകും. പോയവർ പിന്നെ തിരിച്ചു വന്നിട്ടില്ല. യോഗീശ്വരനമ്മാവൻ മാത്രമാണ് തിരിച്ചുവന്നത്. പഴയതിലും തേജസ്വിയായി, രണ്ട് ബാലികമാർ കൂടി അമ്മാവന്റെ ഒപ്പം ഉണ്ടായിരുന്നു. അവർ പരദേശികളും അതീവ സുന്ദരികളുമായിരുന്നു. അനന്തരവന് അമ്മാവൻ തിരിച്ചു വന്നത് ഇഷ്ടപ്പെട്ടില്ല. പലതരത്തിൽ അവർ യോഗീശ്വരൻ അമ്മാവനെ അപായപ്പെടുത്താൻ ശ്രമിക്കുന്നു. 'കലികയറിയ മൂത്ത അനന്തരവൻ യോഗീശ്വരനമ്മാവൻ നടന്നു പോകും വഴി മദയാനയെ വിട്ടു. ഇളയവൾ വള്ളിയിലാടി വന്ന് ആനയ്ക്ക് ഒരു പടല പഴം കൊടുത്ത് ഇണക്കി നിർത്തി. അപ്പോൾ മൂത്തനന്തരവൻ യോഗീശ്വരമ്മാവൻ കിടന്ന അറയിൽ ആയിരം പാമ്പുകളെ തുറന്നു വിട്ടു. ആയിരം പാമ്പുകളും പിന്നോട്ടിഴഞ്ഞ് കാവിൽ മറഞ്ഞു. തിരഞ്ഞു ചെന്നവർ ശിരസ്സിൽ മുടിയിഴകൾക്ക് പകരം പുളയുന്ന നാഗങ്ങളുമായി തൊണ്ടിപ്പഴം പൊളിച്ചു തിന്നുന്ന മൂത്തവളെ കണ്ടു പേടിച്ച് ബോധം കെട്ടു. തുടർന്ന് യോഗീശ്വരനമ്മാവൻ ഉറങ്ങി കിടന്നപ്പോൾ ആക്രമിക്കാൻ ഒരു പടയെ തന്നെ മൂത്തനന്തരവൻ അയച്ചു. ഇളയവൾ തൂങ്ങിയാടിയ വള്ളിയിൽ തട്ടി പടയാളികൾ മറിഞ്ഞുവീണു ചത്തു. അത്രയുമായപ്പോൾ അവർക്ക് ഒരു കാര്യം മനസ്സിലായി അമ്മാവന്റെ ശക്തി ആ പെൺകുട്ടികളിലാണ്.' യോഗിശ്വരനമ്മാവനെ കാത്തു പരിപാലിക്കുന്നത് ആ ബാലികമാരാണെന്ന് അനന്തരവർ മനസ്സിലാക്കുന്നു. 'നിലംതൊടാത്ത പെൺകുട്ടികളെ യോഗീശ്വരനമ്മാവൻ ഇരുചുമലിലും ഇരുത്തിയാണ് അകത്തേക്ക് ആനയിച്ചത്. കിഴക്കേമുറിയുടെ കന്നിമൂലയിൽ കുട്ടികളെ കൊണ്ട് ഇരുത്തി. കഴിക്കാൻ എന്തു വേണം എന്ന് ചോദിച്ചു. തീയും മഴയും തൊടാത്തത് എന്ന് കുട്ടികൾ പറഞ്ഞു. യോഗീശ്വരനമ്മാവൻ ഇളനീർ ഇടിക്കാൻ പോയി ഇളനീരും

ആയി വന്നപ്പോൾ കിഴക്കേ മുറിയിൽ കന്നിമൂലയിൽ കൊരണ്ടി പലകകൾ ഒഴിഞ്ഞുകിടന്നു. ഉണ്ണും ചേരും താണിയും പല്ലാഞ്ഞിയും പടർന്നു നട്ടുച്ചയ്ക്കും ഇരുട്ടുള്ള പനയ്ക്കാട്ടു കാവിനുള്ളിൽ നിന്നും മൂത്തവൾ വിളികേട്ടു. ഒരു വെണ്ണെക്കിനും മാനം മുട്ടെ ഉയർന്ന ഈട്ടിയ്ക്കും ഇടയിൽ ഊഞ്ഞാൽ പോലെ കിടന്ന പത്തൊൻ പത് കാതം നീളമുള്ള ചുണ്ണാമ്പുവള്ളിയിൽ തൂങ്ങി യാടി ഇളയവളും വിളികേട്ടു.' യോഗീശ്വരനമ്മാവനെ കൊല്ലണമെങ്കിൽ ബാലിക മാരെ ഇല്ലായ്മ ചെയ്യണം എന്നുറച്ച് ഇളനീരിൽ ചുട്ടുവെള്ളം നിറച്ചു കൊടുത്ത് മൂത്തവളെ മയക്കി പനയ്ക്കാട്ട് കാവിലെ യക്ഷി പാലയിൽ തറച്ചു. വള്ളിയിൽ മയങ്ങിതൂ ങ്ങിയ ഇളയവളെ ജോനക ന്മാരുടെ തട്ടിൻപുറത്ത് തട്ടി. ' നിനച്ചിരിക്കാതെ ആകാശ ത്തുനിന്ന് പൊട്ടിവീണ് പെൺകുട്ടി അള്ളാഹുവിന്റെ സമ്മാനമാണെന്ന് നിശ്ചയിച്ച ജോനകപ്രമാണി അവളെ നിലവറയിൽ അടച്ചു. കാച്ചിയും തട്ടവും ഇടുവിച്ചു. അവളുടെ കരച്ചിൽ പുറത്തു കേൾക്കാതിരിക്കാൻ അവളെ അയാൾ വലിയൊരു ചെമ്പ് കൊണ്ട് മൂടി. രാത്രി കസവ് പുടവയും പാലും താലിയും ചെരിച്ചു കൊണ്ടകെട്ടിയ മുടിയുമായി ചേച്ചി യക്ഷിപാലയിൽ കിടന്നു പുളഞ്ഞു അനിയത്തി എന്നുറക്കെ കരഞ്ഞു. കാച്ചിയും കാലിൽ ചങ്ങലയും ഊരികളയാനാകാതെ അനിയത്തി ജോനകന്മാരുടെ ചെമ്പിനടിയിൽ കിടന്നു ചേച്ചി എന്ന് അലമുറയിട്ടു.' (ഖബർ)

യോഗിശ്വരനമ്മാവന്റെ രക്ഷയായ ബാലികമാരിൽ ഭാവന തന്നെത്തന്നെ കാണുകയാണ്. 'യോഗിശ്വര നമ്മാവന്റെ കഥ വെറുമൊരു കഥയല്ലെന്ന് എനിക്ക് തോന്നി. ആ കഥയിൽ ഞാൻ തിരിച്ചറിയാത്ത മറ്റൊരു എന്റെ കഥയുണ്ടായിരുന്നു. പാലയിൽ തറച്ച




**യോഗിശ്വരനമ്മാവന്റെ കഥ വെറുമൊരു കഥയല്ലെന്ന് എനിക്ക് തോന്നി. ആ കഥയിൽ ഞാൻ തിരിച്ചറിയാത്ത മറ്റൊരു എന്റെ കഥയുണ്ടായിരുന്നു.**

**സ്ത്രീയുടെ കരുത്തും ശക്തിയും നന്മയും ഭാവന സച്ചിദാനന്ദനിൽ ഖയാലുദ്ദീൻ തങ്ങൾ കണ്ടെത്തുന്നുണ്ടെങ്കിലും മാന്ത്രിക പരിവേഷത്തോടെ അവരുടെ മനസ്സ് കീഴടക്കുന്നുണ്ടെങ്കിലും അവളിൽ അധികാരമോ അവകാശമോ സ്ഥാപിക്കാൻ ശ്രമിക്കുന്നില്ല.**

മുത്തോളും ചെമ്പിനടിയിൽപ്പെട്ട് ഇളയവളും
ചേർന്നാൽ മാത്രം പൂർണ്ണമാകുന്ന ഒരു കഥ.
അതു വെളിപ്പെടുത്താൻ വേണ്ടിയായിരുന്നു
കാക്കശ്ശേരി തങ്ങൾ എന്റെ ജീവിതത്തിലേക്ക്
പ്രവേശിച്ചത്'. (ഖബർ)

യോഗിശ്വരൻ അമ്മാവന്റെ മിത്തിലെ
കാവലാളുകുട്ടിയായ ബാലികമാരെ പോലെ
അമാനുഷികതയ്ക്കായി വെമ്പുന്ന
സ്ത്രൈണാസ്വത്വത്തെ ഭാവന സച്ചിദാനന്ദ
നിൽ കാണാം ('മന്ത്രവാദം പഠിച്ചിരുന്നെങ്കിൽ
അവളെ മുള്ളാണി തറച്ച ചൂരൽ വടികൊണ്ട്
അടിമുടി തല്ലിച്ചതക്കാമായിരുന്നു. നഖവും പല്ലും
പിഴുതെടുത്ത് ബലിക്കല്ലിൽ വച്ച് കഴുത്ത്
വെട്ടാമായിരുന്നു ബാക്കിയുള്ള ശരീരത്തെ
അടുത്ത ഏഴായിരം കൊല്ലത്തേക്ക് യക്ഷിപ്പാ
ലയിൽ ആണിയടിച്ച് തറക്കാൻ ഉത്തരവ് )
പുറപ്പെടുവിക്കാമായിരുന്നു. മഹേന്ദ്രജാലം
പഠിച്ചിരുന്നെങ്കിൽ അദ്വൈതിന് പിരുപിരിപ്പ്
തുടങ്ങുമ്പോൾ അവനെയും കൊണ്ട് ആകാശ
ത്ത് പറക്കാമായിരുന്നു. മരങ്ങളിൽ നിന്നും
മിഠായി പൊഴിച്ച് ശ്രദ്ധതിരിക്കാമായിരുന്നു.
ബോറടിക്കുമ്പോൾ പക്ഷികളെക്കൊണ്ട്
അവനോട് കഥ പറയിപ്പിക്കാമായിരുന്നു.
എല്ലാത്തിലുമേറെ എനിക്ക് കരച്ചിൽ വരു
മ്പോൾ ചുറ്റും നിൽക്കുന്നവരുടെ കണ്ണു കെട്ടാ
മായിരുന്നു.'

ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളുമാ
യുള്ള പോരാട്ടത്തിൽ ഒറ്റപ്പെടുന്ന ഭാവനയ്ക്ക്
തുണയാകുന്നത് ഖയാലുദ്ദീൻ തങ്ങളും അദ്ദേഹ
ത്തിന്റെ കൺകെട്ട് വിദ്യയുമായിരുന്നു.
യോഗീശ്വരനമ്മാവന്റെ കഥയിലെ ശക്തികേ
ന്ദ്രമായ ബാലികമാർ ഒരുമിക്കുമ്പോൾ
ഉണ്ടാകുന്ന അലൗകിക ശക്തിപരിവേഷം
ഖയാലുദ്ദീൻ തങ്ങളുടെ പ്രണയത്തിൽ ഭാവന
അനുഭവിച്ചറിയുന്നു.


' ആ നേരത്ത് മഴ പെയ്തു തുടങ്ങി. പെയ്തത്
പുഷ്പങ്ങൾ ആയിരുന്നു. ഞാൻ ഭ്രമിച്ചുപോയി.




ഗ്ലാസ് താഴ്ത്തി ഞാൻ മുകളിലേക്ക് നോക്കി
ആകാശം പിങ്കുനിറം ആയിത്തീർന്നിരിക്കുന്നു.
റോസാപ്പൂക്കൾ മൂക്കിലും നെറുകയിലും ഇടിച്ചിടി
ച്ചു വീണു വളരെ ഉയരത്തിൽ നിന്നും വീണതി
നാൽ ചില ഇതളുകൾ ചതഞ്ഞ മുഖത്ത് നനവ്
പോലും പടർന്നു ഞാൻ അദ്വൈതിനെപോലെ
ഇളകി ചിരിച്ചു ജഡ്ജിയാണെന്നു മറന്നു
കൂവിവിളിച്ചു. അന്നോളം കാക്കശ്ശേരി ഖയലു
ദ്ദീൻ തങ്ങളോടു മനസ്സിൽ തോന്നിയ എല്ലാ
വിദ്വേഷവും പൂക്കൾ തട്ടി തെറിച്ചു പോയി.
പെയ്തു വീണ് എഡ്വേർഡ് റോസ് പുഷ്പങ്ങൾ
കുമിഞ്ഞു രൂപപ്പെട്ട മലനിരകൾക്കിടയിലൂടെ
പിങ്ക് കാർപ്പെറ്റായിത്തീർന്ന നീണ്ട
റോഡിലൂടെ ചെങ്കൽ മഞ്ഞ നെഹ്റു ജാക്കറ്റും
കോളറിൽ മഞ്ഞ എംബ്രോയ്ഡറി ചെയ്ത
ഗ്രുരുകുർത്തയും പൈജാമയും ധരിച്ച് കാക്കശ്ശേ
രി തങ്ങൾ അയാളുടെ റോൾസ് റോയ്സ്
ഗോസ്റ്റ് കാർ ഓടിച്ചു. ചക്രങ്ങൾ റോഡിൽ
പതിഞ്ഞില്ല. ഒരു പൂവും ചതഞ്ഞില്ല.'

സ്ത്രീയുടെ കരുത്തും ശക്തിയും നന്മയും ഭാവന
സച്ചിദാനന്ദനിൽ ഖയാലുദ്ദീൻ തങ്ങൾ കണ്ടെ
ത്തുന്നുണ്ടെങ്കിലും മാന്ത്രിക പരിവേഷത്തോടെ
അവരുടെ മനസ്സ് കീഴടക്കുന്നുണ്ടെങ്കിലും
അവളിൽ അധികാരമോ അവകാശമോ
സ്ഥാപിക്കാൻ ശ്രമിക്കുന്നില്ല. 'മാഡം നിങ്ങൾ


ഒരാളല്ല രണ്ടുപേരാണ് നാഗങ്ങളെ ആഭരണമാക്കിയ ഒരുവളും വള്ളിയിൽ തൂങ്ങി ആകാശത്ത് ഊഞ്ഞാലാടുന്ന മറ്റൊരുവളും ഖബർ സംരക്ഷിക്കപ്പെടാൻ ഉള്ള വാദത്തിൽ ഖയാലുദ്ദീൻ തോറ്റു പോകുന്നുണ്ട്. മറ്റു മാർഗ്ഗങ്ങൾ തേടിയാൽ എളുപ്പത്തിൽ ജയിക്കാവുന്ന കേസ് ആയിരുന്നിട്ടും മതവർഗീയത വളരുമെന്നതിനാൽ അത്തരം മാർഗ്ഗങ്ങൾ തേടുന്നില്ല എന്ന് ഖയാലുദ്ദീൻ ഭാവനയോട് തുറന്നു പറയുന്നുണ്ട്.
നൂറ്റാണ്ടുകൾക്കുമുമ്പ് സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്തു ചതിക്കപ്പെടുകയും മരിക്കുകയും ചെയ്തു ഒരാളാണ് ഇതിനുള്ളിൽ. ആ പേരിൽ നിന്നാണ് ഞാൻ പൊട്ടി കിളിർത്തത്. ഇതിൽ മതമില്ല കുടുംബമാണുള്ളത്. ഏതുതരം പരസ്യപ്പെടുത്തലും മതവിശ്വാസികളെ ആകർഷിക്കും. അത് ഞാൻ ആഗ്രഹിക്കുന്നില്ല.'



**ഹിന്ദു മുസ്ലിം മതവിശ്വാസങ്ങൾക്കും അപ്പുറത്ത് ഒരേ വേരുകളും മിത്തുകളും സംസ്കാരവും പേറുന്നവർ സ്വാർത്ഥലാഭത്തിനുവേണ്ടി പരസ്പരം വെട്ടിച്ചാകുന്നതിനെ ശക്തമായി നോവൽ പ്രതിരോധിക്കുന്നുണ്ട്.**

**വ്യത്യസ്ത വിഭാഗക്കാർ പരസ്പരം പോരാടേണ്ടവരല്ല. ഒരുമിക്കേണ്ട ഒരു ജനതയാണ് എന്ന വാസ്തവമാണ് മിത്തുകളിലൂടെ നോവലിൽ അനാവൃതമാകുന്നത്.**

ഹിന്ദു മുസ്ലിം മതവിശ്വാസങ്ങൾക്കും അപ്പുറത്ത് ഒരേ വേരുകളും മിത്തുകളും സംസ്കാരവും പേറുന്നവർ സ്വാർത്ഥലാഭത്തിനുവേണ്ടി പരസ്പരം വെട്ടിച്ചാകുന്നതിനെ ശക്തമായി നോവൽ പ്രതിരോധിക്കുന്നുണ്ട്. 'അകമേ ഞാനിതൊന്നുമല്ല ഒരു കലാപം അനുഭവിച്ചവനാണ്. വലിയൊരു ജനക്കൂട്ടം ഉടുതുണി പിടിച്ചഴിച്ച് നിങ്ങളുടെ ജനനേന്ദ്രിയം നോക്കുന്ന ഒരു നിമിഷം ഉണ്ടല്ലോ? അത് അനുഭവിക്കുന്ന ഒരാളും ഹിന്ദുവാകട്ടെ മുസ്ലിം ആകട്ടെ ഒരാളായി തുടരില്ല.' (ഖബർ) പ്രാക്തനാവിശ്വാസങ്ങളും മിത്തുകളും മതവിഭാഗീയതയുടേതല്ല. എല്ലാ മനുഷ്യരും പ്രകൃതിയുടെ ഭാഗമാണ്. ചേർത്ത്പിടിക്കേണ്ട സഹോദരങ്ങളാണെന്ന ദർശനമാണ് മിത്തുകളുടെ ആഖ്യാനത്തിലൂടെ ഇഴ ചേരുന്നത്. 'മാഡം





പാലമരത്തിൽ തറക്കപ്പെട്ട മൂത്തവളും ചെമ്പ് കമഴ്ത്തിയതിന് അടിയിൽ പെട്ട ഇളയവളും തമ്മിൽ കണ്ടുമുട്ടി എന്നിരിക്കട്ടെ. ചേച്ചി അനിയത്തിയെ പേടിക്കുമായിരുന്നോ? അനിയത്തി ചേച്ചിയെ വെറുക്കുമായിരുന്നോ? വ്യത്യസ്ത വിഭാഗക്കാർ പരസ്പരം പോരാടേണ്ടവരല്ല. ഒരുമിക്കേണ്ട ഒരു ജനതയാണ് എന്ന വാസ്തവമാണ് മിത്തുകളിലൂടെ നോവലിൽ അനാവൃതമാകുന്നത്. ഭാവനയുടെയും ഖയാലുദ്ദീൻ തങ്ങളുടെയും പൂർവികർ ഒരാളാണെന്ന് തിരിച്ചറിവാണ് ചരിത്രവും മിത്തും ഇടകലർന്ന ആഖ്യാനത്തിലൂടെ തെളിയുന്നത്.'

മിത്തുകൾ പ്രകൃതിയും മനുഷ്യനും ഒരുമിക്കുന്ന ഒരു സംസ്കാരത്തിന്റെ അടിവേരുകളാണ്, ജീവലോകത്തിന് താങ്ങും കരുത്തും നൽകുന്ന തായ് വേരുകൾ. സ്നേഹത്തിന്റെ പരിപൂർണ്ണത കണ്ടെത്തിയ പുരുഷന്റെ മരണത്തിലും തളരാതെ നിൽക്കാനുള്ള കരുത്ത് ഭാവന സച്ചിദാനന്ദൻ നേടിയെടുക്കുന്നത് മിത്തുകളിലൂടെ തെളിഞ്ഞ ബാലികമാരുടെ ഒരുമയും ശക്തിയും കരുത്തും തന്നിൽ സന്നിവേശിച്ചിട്ടുണ്ടെന്ന ഉറച്ച ബോധ്യത്താലാണെന്ന് നോവലിൽ നിന്ന് കണ്ടെത്താനാകും. ജീവിതത്തിലാദ്യമായി മറ്റൊരാളുടെ അസാന്നിധ്യത്തിൽ ഞാൻ പരിപൂർണ്ണത അനുഭവിച്ച എന്ന ഭാവനയുടെ വാക്കുകളിൽ ഇത് ഉള്ളടങ്ങിയിട്ടുണ്ട്. പ്രകൃതിശക്തികളും പൂർവികരും ഒരുമിക്കുന്ന അമാനുഷികതയുടെ വിത്തുകൾ തലമുറകളായി ഒരു ജനതയുടെ അബോധതലങ്ങളിൽ കരുത്തിന്റെ പ്രതീകമായി കുടികൊള്ളുന്നുണ്ട്. ഒരു മതത്തിന്റെയും ഭാഗമല്ലാത്ത പ്രകൃതിയുടെ ചൈതന്യം പേറുന്ന പ്രാക്തന മിത്തുകൾ ജാതിമത ഭേദങ്ങളില്ലാത്ത പ്രകൃതിയുടെ ഭാഗമായ മനുഷ്യജീവിത ചിഹ്നങ്ങളാണ്. മതവും അധികാര ബന്ധങ്ങളും ചരിത്രത്തെയും രേഖകളെയും വളച്ചൊടിക്കുന്ന ഇക്കാലത്ത് നന്മയ്ക്കും സാഹോദര്യത്തിനും സ്വപ്നങ്ങൾക്കും വേണ്ടി പരതുന്ന മനുഷ്യരുടെ അത്താണികളാണ് പ്രാക്തന വിശ്വാസ പാരമ്പര്യങ്ങൾ അതിന് മതപരിവേഷമില്ല. മിത്തുകളുടെയും പുരാവൃത്തങ്ങളുടെയും അടിത്തറ പ്രാക്തന പ്രകൃതിവിശ്വാസങ്ങളാണ്. പ്രകൃതിയും സ്ത്രീയും ശക്തിയുടെ പ്രതീകങ്ങളാകുന്ന മിത്തുകളാണ് സമകാലികതയിലും മനുഷ്യന് കൂട്ടാകുന്നത്.

Sameena Yoosaf
Bsc.Psychology

# SPEAK UP FOR THE UNSEEN



Love is in the air and it's everywhere ' yes it's true, love, romance and affection are accepted worldwide the beauty and the pain of love are glorified in the best possible ways but most of us are got stuck to the idea of love that only happens between men and women (heterosexual love) and we often forget that love does exist everywhere among all other sexualities that we have been suppressing and oppressing for centuries for loving. When the world had campaigned against LGBTQIA+ the world had failed to love.

Alan Turing's story would give an idea of how much do homosexual people had withstood homophobia, torture and injustice. Alan Turing is the namesake behind the Turing machine, which is the basis for all computers. He was also responsible for breaking the Nazi Enigma code during World War II. Homosexuality was a crime in mid -century England. Despite this, Turing was open with his friends at College in Cambridge and pursued relationships with men beyond that circle of safety. He was arrested for "indecency" in 1952, accussed, and was punished via hormone injections that left him impotent. Two years later, he's believed to have killed himself by eating a cyanide -laced apple. It wasn't until 2013 that the British government granted a posthumous pardon to this computing pioneer and war hero.


**When the world had campaigned against LGBTQIA+ the world had failed to love.**

homosexuality was a crime in mid-century England. Despite this, Turing was open with his friends at College in Cambridge and pursued relationships with men beyond that circle of safety.



Sadly there is many more like Allan Turing who chooses to die, be beaten to death, tortured, ignored and excluded from our society. But as the light of hope also there have been the brave people who stood against it gained their rights and brought changes.

Even the heroes who have been fighting for equality, rights and justice kept silent for sexual minorities. Injustice against LGBTQIA+ continues many people being called out, harassed and tortured and




denied their rights of freedom to live only because their love is considered inappropriate by some people.





ഷിഫാന
ബി എ. മാസ്സ് കമ്മ്യൂണിക്കേഷൻ

# അകലെ...

ശാന്തമായ് നിദ്രയിൽ നീ ലയിച്ചിടവേ
നിനക്കായ് കാവലുണ്ടെൻ നെഞ്ചകം.
ഒരു വാക്കുപോലും മൊഴിഞ്ഞിടാതെന്തേ പിരിഞ്ഞു നീ?
പരിഭവമായിരുന്നോ എന്നോട് പരിഭവമായിരുന്നോ?
ഇനി നീ വരില്ലെന്നാരോ പറഞ്ഞിട്ടുന്നു സഖി...
നീയില്ലാതൊരു ദിനം ഓർക്കാനാവില്ല,

നീയില്ലാതെനിക്കില്ലൊരിരവും പകലും
പനിച്ചൂടിൻ പൊള്ളലിൽ പോലും
മിഴിനിറച്ച നീ

എങ്ങനെ ഈ അഗ്നിച്ചൂടേറ്റു വാങ്ങും?
ഞാനില്ലാതെ എൻറെ ലാളനകളില്ലാതെ നിനക്കാകുമോ?
നാം ഒരുമിച്ച് കൊണ്ട മഞ്ഞും മഴയും,
വെയിലും മറന്ന് മറയാൻ നിനക്കാകുമോ?
പിന്നെയെന്തിനു നീ പോയ് മറഞ്ഞു.
പ്രിയമായിരുന്നവയിൽ ഏറ്റം പ്രിയം
നിന്നോടായിരുന്നില്ലേ?
എന്നിട്ടും നീയെന്തേ പോയ് മറഞ്ഞു.


കാലമെത്ര കഴിഞ്ഞു
ദിനരാത്രമെത്ര പൊഴിഞ്ഞു നീയില്ലാതെ-
നിക്കാകില്ല സഖി.
നിയില്ലായ്മയിൽ നീറി,
സ്മരണകളിലൂടെ ഞാൻ ജീവിപ്പൂ.
ദേഹിയില്ലാത്തൊരു ദേഹമായി ജീവിപ്പൂ.

അഭിനന്ദ് ശിവാനന്ദൻ
ബി എസ് സി. സൈക്കോളജി

# മതിലുകൾ



മതിലുകൾ ഇല്ലെ ?
ബഷീറിന്റെയും നാരായണി
യുടെയും
ഇടയിലെ മതിലുകൾ
ആ മതിലുകൾക്ക് അപ്പുറവും
ഇപ്പുറവും
നിന്നവർ പ്രണയിച്ചത്
കണ്ടിട്ടില്ലെ ?
അത് പോലെയാണ് നമ്മൾ
തുടങ്ങിയത്.
തമ്മിൽ കാണാതെ
ഇൻസ്റ്റാഗ്രാമിലെ കഥകളിൽ.
പിന്നെ നമ്മൾ തമ്മിൽ
എന്തായിരുന്നു ?
സിനിമകൾ പുസ്തകങ്ങൾ
മുറിവ് ഉണങ്ങാത്ത രാത്രികളിലെ
നെരൂദ കവിതകൾ
പിന്നെ
ഒരു വെളുത്ത പൂവ് ഇല്ലെ ?
ആ പൂവിന്റെ ചൂരും എന്റെ കവിത
കളുടെ ചൂരും ഒന്നാണെന്ന്
ഞാൻ അറിയുന്നു.
അറിയുന്ന മാത്രയിൽ
നഗ്നമായ നിന്റെ
കവിൾ തടങ്ങളിൽ ചുണ്ട് ഉരച്ചു
കവിത ചൊല്ലും.
രണ്ടും മൂന്നും സുഷിരങ്ങളുള്ള
നിന്റെ കാതുകളിൽ തട്ടി
കരള് കൊത്തി വലിക്കും വിധത്തിൽ.
പിന്നെ നാലണ കയ്യിൽ എടുക്കാൻ
ഇല്ലാത്ത ഉച്ച നേരങ്ങളിൽ
തലവേദനയ്ക്ക്
നീ വെച്ച് നീട്ടിയ ചൂട് കാപ്പിയുടെ
പൊള്ളൽ അറിഞ്ഞ നാവിന്റെ തുമ്പ്.
പിന്നെ
നീളൻ വരാന്തകളിൽ ഒളിച്ച് നിന്ന്
വസന്തത്തെ
നിന്റെ വെളുത്ത പൂക്കൾ വിളിച്ച് അടുപ്പിക്കും.
ഒടുവിൽ ഈ വസന്തത്തിന് ശേഷം
ചവിട്ടി അരച്ച് വെളുത്ത
പൂക്കളുടെ കറ
എന്റെ കീശയിൽ കിടന്ന്
നെഞ്ച് പൊള്ളിക്കും.
അത് വരെ മാത്രം മതിലുകൾ മതിലുകൾ.



**Aneesha**
B.bsc Psychology

# THOSE BROWN EYES

It was a cooly morning
the birds were singing
Walking through the trees
feeling the gentle touch
of breeze
At that time
the seraph just came
Turned his sight
sky shows a bright light
I never really knew
what went up on my head
When i found that
your eyes are brown
Felt of being
lost inside of them
I was never fascinated
with the colour brown
until i looked into
your eyes.....
Amazing how much
happiness shines
Through your beautiful
brown eyes
Feeling the mystery of
life
Through your beautiful
brown eyes
Feeling the mystery of
life
Through your beautiful
Brown eyes
Which represent the
ground
That have a tint of gold
Searching for them
in all crowded places
Oh..those brown eyes
they draw me in
And then slowly let me go
I don t know if i wanna go



Ms. നജ്മ നസീർ
അസിസ്റ്റന്റ് പ്രൊഫസർ
മാസ്സ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെൻറ്

# സർവ്വഗുണസമ്പന്ന എന്ന മിത്ത്!

"ഒരാണ് ഒരു പെണ്ണിനെ കണ്ടു മുട്ടുന്നു അവർ പ്രണയത്തിലാകുന്നു. വിവാഹം കഴിക്കുന്നു. എന്നിട്ട് ജീവിതകാലം മുഴുവൻ സന്തോഷത്തോടെ ജീവിക്കുന്നു"

ഈ ക്ലാസിക് സ്ക്രിപ്റ്റിൽനിന്ന് നമുക്ക് ആരംഭിക്കാം. വിവാഹമെന്നത് ജീവിതകാലം മുഴുവനുള്ള പ്രതിബദ്ധതയാണ്. ശാരീരിക ഐക്യത്തേക്കാൾ ആത്മീയവും വൈകാരികവുമായ ഐക്യം ആഹാ എന്ത് സുന്ദരമായ നടക്കാത്ത സ്വപ്നം അല്ലേ? അതുകൊണ്ട് നമുക്ക് സാഹിത്യം വിട്ട് റിയാലിറ്റിയിലേക്ക് വരാം. വിവാഹം എന്നാൽ എന്ത്

ഒരു ചെക്കൻ സർവ്വഗുണ സമ്പന്നയായ ഒരു പെണ്ണിന് വേണ്ടി അച്ഛനെയും അമ്മയെയും കൂടാതെ ഏതൊക്കെയോ ആൾക്കാരെയും കൊണ്ട് ഒരു വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേക്ക് പോകുന്ന നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആചാരമാണ് വിവാഹം

നമ്മൾ നമുക്ക് അനുയോജ്യമായ വസ്തുങ്ങൾക്കുവേണ്ടി ഒരു കടയിൽ നിന്ന് മറ്റൊരു കടയിലേക്ക് പോവില്ലേ അതപോലെയുള്ള ഒരു രീതിയാണിതും. സാധനം വിറ്റ്

പോകാനായി നല്ല ഭംഗിയായി സാധനങ്ങൾ ഡിസ്പ്ലേ ചെയ്യുന്ന പോലെ സ്വന്തം മകളെ അവളുടെ മാതാപിതാക്കളും വിൽപ്പനയ്ക്ക് വേണ്ടി ഒരുക്കി നിർത്തുന്നു. ഈ കണ്ട കാലമത്രയും അന്യപുരുഷന്റെ നാക്കരുതെന്ന് പഠിപ്പിച്ചിട്ടുള്ള ആൾക്കാരാണ് ഇതെന്നോർക്കണം, അത് മാത്രമല്ല എപ്പോഴും താഴെ നോക്കിയെ നടക്കാവൂ, ദീർഘശ്വാസം വലിച്ചാൽ മാറിടം എല്ലാവരും ശ്രദ്ധിക്കും എന്ന് പറഞ്ഞ് നമ്മളെ ഭയപ്പെടുത്തിയ ആൾക്കാരാണിവർ

ഇന്ത്യയിൽ ഒരു ഉത്തമ ഭാര്യയും മകളും, മരുമകളും ആവുന്നത് എപ്പോഴാണെന്ന് അറിയാമോ? അത് ഭർത്താവിന്റെയോ കുട്ടികളുടെയോ മാത്രമല്ല അവിടെയുള്ള പോത്തുകളുടെ പോലും എല്ലാ ജോലിയും ആവശ്യങ്ങളും കണ്ടറിഞ്ഞു ചെയ്യുമ്പോഴാണ്. നല്ല മകൾ നല്ല ഭാര്യ നല്ല മരുമകൾ ചേട്ടത്തിയമ്മ എന്ന നീളുന്ന ഒരുപാട് profileന് ഉടമയാണ് ഒരു പെണ്ണ്. ചുരുക്കി പറഞ്ഞാൽ ഒരു ചിട്ടി റോബോട്ട് തന്നെയാണ്. കൂടാതെ നമ്മൾ ക്ഷമ നശിച്ചു വല്ലതും മറുത്തു പറഞ്ഞാലോ ഫെമിനിച്ചി എന്ന് നല്ല ഭംഗിയുള്ള പ്രൊഫൈലിലും അറിയപ്പെടുന്നു.

എത്ര ഇന്ത്യൻ കുടുംബങ്ങളാണ് മരുമകളോട് മാന്യതയോടെ സ്നേഹത്തോടും കരുതലോടും പെരുമാറുന്നത്? ഒന്നുമില്ലെങ്കിലും പുരുഷന്മാരേക്കാൾ പരിചരണവും വീട്ടുജോലികളും വന് പെണ്ണുങ്ങൾ ചെയ്യുന്നില്ലേ, ഫ്രീയായി

അതെങ്ങനാ ജനിച്ച വീട് പോലും സ്വന്തം വീടായി കരുതാൻ പാടില്ലാത്ത ജന്മങ്ങൾ ആണല്ലോ സ്ത്രീകൾ സത്യം പറഞ്ഞാൽ ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ അജ്ഞാതമായ ശത്രുവാണ്, അല്ലെങ്കിൽ അങ്ങനെയാണ് മാറ്റിയിരിക്കുന്നത് കുടുംബത്തിനുള്ളിലെ സാമൂഹ്യവൽക്കരണങ്ങളും ഭയാനകമായ ജീർണിച്ച നിയമങ്ങളും നടപ്പിലാക്കുന്നത് സ്ത്രീകൾ തന്നെയാണ് ഇങ്ങനെ പതിറ്റാണ്ടുകളായി സ്ത്രീയെ തന്നെ സ്ത്രീക്കെതിരെ കാവൽ പട്ടിയാക്കുകയാണ് പുരുഷാധിപത്യം. അതുകൊണ്ടാണ് ഭർത്താവ് അടിക്കുന്നത് സ്നേഹം കൊണ്ടല്ലേ എന്നും നിന്നെ നന്നാക്കാൻ അല്ലേ എന്നു പറഞ്ഞുകൊണ്ട് പല അമ്മമാരും തന്റെ മകളെ ആശ്വസിപ്പിക്കുന്നത്.

കുട്ടികൾ കാരണം തളർന്നു പോയി എന്ന് ഒരമ്മ പറഞ്ഞാൽ എന്താണ് അതിനർത്ഥം? സ്വന്തം കുഞ്ഞുങ്ങളെ അവൾ വെറുക്കുന്നു എന്നാണോ? തീർച്ചയായും അല്ല ഒരു ബ്രേക്ക് വേണം എന്ന് തന്നെയാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. ഇതുപോലും മനസ്സിലാക്കാതെ സ്വന്തം അമ്മ ഉൾപ്പെടെയുള്ള നേരത്തെ പറഞ്ഞ കാറ്റഗറിയിൽപ്പെട്ട സ്ത്രീകൾ പറയും ദൈവമേ അങ്ങനെയൊന്നും പറയല്ലേ ഈ നിമിഷങ്ങൾ ഒക്കെ ആസ്വദിക്കാൻ ഉള്ളതല്ലേ? ഇവരുടെ കുറുമ്പൊക്കെ വളർന്നാൽ നമുക്ക് കാണാൻ കഴിയോ?

സ്ത്രീകൾക്ക് വേണ്ടത് ഇതുപോലെ ഉപദേശങ്ങൾ അല്ല ശാരീരികവും മാനസികവുമായ വിശ്രമമാണ്. ഇങ്ങനെയുള്ള വിശ്രമങ്ങൾ വഴി അവൾക്ക് അവളുടെ ശരീരത്തെ സുഖപ്പെടുത്താൻ സാധിക്കും. ഒരുപാട്

**എത്ര ഇന്ത്യൻ കുടുംബങ്ങളാണ് മരുമകളോട് മാന്യതയോടെ സ്നേഹത്തോടും കരുതലോടും പെരുമാറുന്നത്?**

**സ്ത്രീകൾക്ക് വേണ്ടത് ഇതുപോലെ ഉപദേശങ്ങൾ അല്ല ശാരീരികവും മാനസികവുമായ വിശ്രമമാണ്.**



സമ്മർദ്ദങ്ങൾ ഒഴിവാക്കി റീചാർജ് ചെയ്തു മടങ്ങി വരാനും പറ്റും. കൂടാതെ സാമൂഹികവും വൈകാരികവുമായ വിശ്രമവും ആവശ്യമാണ്. ഇതുവഴി തലവേദന, ക്ഷോഭം, സങ്കടം പെസിമിസം ഉറക്കപ്രശ്നങ്ങൾ തുടങ്ങിയ നിസ്സാര പ്രശ്നങ്ങൾ പരിഹരിക്കപെടുകയും ചെയ്യും ഇതുപോലുള്ള സത്യങ്ങളും യാഥാർത്ഥ്യങ്ങളും മനസ്സിലാക്കാതെ പല അമ്മമാരും അവരുടെ മക്കളോട് പറയുന്നത് എന്താണ്?
– നിന്റെ ഫെമിനിച്ചി വർത്താനങ്ങൾ കൊണ്ട് നാട് നന്നാക്കാൻ പോകുവാണോ? ഞങ്ങളും കുറെ സഹിച്ച കഷ്ടപ്പെട്ടും തന്നെയാണ് ജീവിച്ചിട്ടുള്ളത്. അവസാനം നീയും മക്കളും പെരുവഴിയിൽ ആവുകയും നിന്റെ ഭർത്താവ്

വേറെ കെട്ടി സുഖമായി ജയിക്കുക യും ചെയ്യും വയസ്സാംകാലത്ത് ഞങ്ങളെ നീ കണ്ണീർ കുടിപ്പിക്കരുത്. ഈ ഫെമിനിസം എന്നുള്ളത് ഒരു അസംബന്ധമാണ്. അതുകൊണ്ട് നല്ല പെണ്ണായി ജീവിക്കുക

എന്താണ് ഈ നല്ല പെണ്ണിന്റെ ഡെഫിനിഷൻ ഭർത്താവിനെ ദൈവത്തെ പോലെ കാണുകയും, അദ്ദേഹം പറയുന്നത് എല്ലാം അനുസരിച്ച് അദ്ദേഹത്തിന്റെ കൂടെ കിടന്നും നല്ല ഭക്ഷണം പാകം ചെയ്തു കൊടുത്തും വീട്ടിലെ എല്ലാ കാര്യങ്ങളും ചെയ്തു ജീവിക്കു ന്ന പെണ്ണാണ് നല്ലപെണ്ണ്,

മാഗസിൻ '21

കൊള്ളാ

കുരുക്കളിൽ

എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ

എന്തുകൊണ്ടാണ് പെണ്ണിന്റെ സ്വാതന്ത്ര്യം ഇന്ത്യൻ സമൂഹത്തെ ഇത കണ്ടു ഭയപ്പെടുത്തുന്നത്. അവളുടെ അടിവസ്ത്രങ്ങൾക്കുപോ ലും സ്വാതന്ത്രം ഇല്ലല്ലോ എല്ലാ വസ്ത്രങ്ങളും നല്ല വെയിലുകൊണ്ട് ഉണങ്ങുകയും അണുവിമുക്തമാക്കു കയും ചെയ്യുമ്പോൾ, ഏറ്റവും ശ്രദ്ധ നൽകേണ്ട അവളുടെ അടിവസ്ത്ര ങ്ങൾ ഏതെങ്കിലും മൂലയിൽ കഴിയേണ്ട ഗതികേടാണ്.



സ്വന്തം ഭർത്താവിന്റെയും മകന്റെ യും അടിവസ്ത്രങ്ങൾ തുറസ്സായ സ്ഥലത്ത് ഉണക്കാൻ മടികാണി ക്കാത്ത സ്ത്രീകൾ എന്തുകൊണ്ടാ ണ് സ്വന്തം അടിവസ്ത്രങ്ങൾക്ക് പരിഗണന നൽകാത്തത്?

"ഏതുവിധേനയും മാറ്റങ്ങൾ വരാം. ചിലപ്പോ അത് രക്തരൂക്ഷിതമാ വാം അല്ലെങ്കിൽ ചിലപ്പോൾ മനോഹരവും എങ്ങനെയാണ് മാറ്റങ്ങൾ എന്നത് നമ്മെ ആശ്ര യിച്ചാണിരിക്കുന്നത്"
അരുന്ധതി റോയ്

**സ്വന്തം ഭർത്താവിനെയും മകനെയും അടിവസ്ത്രങ്ങൾ തുറസ്സായ സ്ഥലത്ത് ഉണക്കാൻ മടികാണിക്കാത്ത സ്ത്രീകൾ എന്തുകൊണ്ടാണ് സ്വന്തം അടിവസ്ത്രങ്ങൾക്ക് പരിഗണന നൽകാത്തത് ?**

**"നല്ലഭാര്യ" എന്ന ടാഗിന് വേണ്ടി ഇരട്ടജീവിതം കഷ്ടപ്പെട്ട് ജീവിക്കുന്നത് എത്ര ഭയാനകമാണെന്ന് നിങ്ങൾ ഓരോരുത്തർക്കും അറിയാൻ ആവാനും സാധിക്കും.**


എന്റെ സ്വന്തം അമ്മ പെങ്ങമ്മാരെ ഒന്ന് ശ്രദ്ധിക്കും സ്ത്രീകളെ ദുർബലരായാണ് കണക്കാക്കുന്നത്. അതങ്ങനെ തന്നെ ഇരിക്കട്ടെ ആദ്യം നിങ്ങൾ നിങ്ങളെ തന്നെ സ്നേഹിച്ചു. സ്വന്തത്തെ സ്നേഹിക്കാൻ ഒരുപാട് കാരണങ്ങളൊന്നും വേണ്ട. നിങ്ങളുടെ സ്വപ്നങ്ങളിലും കരിയറുകളിലും ഫോക്കസ് ചെയ്യുക. എന്നിട്ട് കൂടെ ജീവിക്കാൻ പറ്റിയതെന്ന് നല്ല ബോധ്യമുള്ള ആളുമായി മുന്നോട്ടുള്ള ജീവിതം ആസ്വദിച്ചും മനസ്സിലാക്കിയും ജീവിക്കുക. നിങ്ങൾക്ക് ഭക്ഷണം പാകം ചെയ്യാൻ അറിയില്ല എന്ന ഒറ്റക്കാരണം കൊണ്ട് വിഷമിക്കരുത് കാരണം ഭക്ഷണം പാകം ചെയ്യുക എന്നത് ഒരു പെണ്ണിന്റെ മാത്രം സ്കിൽ അല്ല അതൊരു ലൈഫ് സ്കിൽ ആണ്. അതുകൊണ്ടുതന്നെ എല്ലാവരും അറിഞ്ഞിരിക്കേണ്ട ഒന്നാണ് പാചകം. കൂടാതെ മറ്റുള്ളവരെ പ്രീതിപ്പെടുത്താനുള്ള വിഫല ശ്രമങ്ങൾ അവസാനിപ്പിക്കുക എന്നിട്ട് സ്വന്തത്തിൽ കോൺസെൻട്രേറ്റ് ചെയ്യുക self-love എന്നതൊരു ചീത്ത സ്വഭാവം അല്ല. "നല്ലഭാര്യ" എന്ന ടാഗിന് വേണ്ടി ഇരട്ടജീവിതം കഷ്ടപ്പെട്ട് ജീവിക്കുന്നത് എത്ര ഭയാനകമാണെന്ന് നിങ്ങൾ ഓരോരുത്തർക്കും അറിയാൻ സാധിക്കും. അതിന് വേണ്ടത് നിങ്ങളുടെ 'self worth തിരിച്ചറിയുക എന്നതാണ് Believe in yourself അങ്ങനെയെങ്കിൽ സ്വന്തം പങ്കാളിയായി ഒരുമിച്ചുള്ള സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഓരോ പെണ്ണിനും കഴിയും.

അതുകൊണ്ടാണ് മറ്റൊരു പെണ്ണിന്റെ self-love നിങ്ങളെ അസ്വസ്ഥരാക്കുന്നത്. നമ്മൾ പഠിച്ചതൊക്കെ unlearn ചെയ്യാൻ ഇനിയും ഒരുപാട് വർഷങ്ങൾ എടുക്കാം എടുക്കട്ടേ! അത് ഒരിക്കലും നമ്മളെ വേദനിപ്പിക്കില്ല എന്ന് ഉറപ്പുണ്ട്. നിങ്ങൾക്ക് ഒരേസമയം നല്ലൊരു അമ്മയും successful career woman

പുരുഷന്മാർ ഈ മാറ്റങ്ങളുമായി അതിവേഗം പൊരുത്തപ്പെടുന്നുണ്ടെങ്കിലും പഴയതും പുതിയതുമായ മൂല്യങ്ങൾക്കിടയിൽ കിടന്നവർ ചക്രശ്വാസം വലിക്കുകയാണ്. ഒരുപാട് തടസ്സങ്ങൾ നരിടുകയും ചെയ്യുന്നു. ഇതൊന്നും താങ്ങാനുള്ള കെൽപ്പ് ഇല്ലാത്തതുകൊണ്ടാണ് മിക്ക പുരുഷന്മാരും ഈ പുരുഷമേധാവിത്വം കണ്ടീഷനിലേക്ക് വരുന്നുന്നത്. മാത്രമല്ല സ്വന്തം മാതാപിതാക്കളെ പ്രീതിപ്പെടുത്താനുള്ള കടമ കൂടിയായാണ് ഈ കണ്ണുടക്കല്ലുകളെ അവർ കാണുന്നത്. തങ്ങൾ പരസ്പരം പിന്തുണയ്ക്കുന്നവർ ആണെന്ന കാര്യവും അവർ മനപ്പൂർവ്വം മറക്കുന്നത്

പെണ്ണുങ്ങൾക്ക് വിഷമം വന്നാൽ ഒന്ന് കലിതുള്ളാനും, ആണുങ്ങൾക്ക് വിഷമം വന്നാൽ ഒന്ന് കരയാനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നേൽ എത്ര മനോഹരവും സന്തോഷകരവുമായേനെ നമ്മുടെയെല്ലാം ജീവിതങ്ങൾ എന്നാണെനിക്കു തോന്നുന്നത്. നിങ്ങൾക്കോ?

മാഗസിൻ '21
അമ്പും കൊള്ളാത്തവരില്ല കുരുക്കളിൽ
എം ഇ എസ് അസ്മാബി കോളേജ് പി. വെമ്പല്ലൂർ



ദേവൻ
2nd Bcom cooperation

# വർണ്ണനകൾക്കതീതം

അഴകേ മെല്ലെ നീ എന്നിലേക്ക് അലിഞ്ഞുവോ....
അറിയാതെ എൻ നിഴലായി കൂടെ നീ
പൂവിൽ നിറയും മധുകണം പോലും നീയായ് മാറി.

തോരാ മഴയിൽ ഒരു കുടകീഴിൽ നിൽക്കെ
തണുത്തു കുളിർന്ന കാറ്റാൽ
ആടി ഉലയുന്ന മുടിയിഴകൾ എന്നെ മെല്ലെ തലോടി.
ഒരു പൂവിന്റെ ഞെട്ടറ്റ് വീഴും പോലെ
എന്നിലെ വേദനകൾ വീണുപോയി
നീ എന്നിൽ നിൽക്കും നേരം
ചെറുകാറ്റിന്നാൽ നിന്റെ പ്രണയത്തിന്റെ ഗന്ധം
എന്നിലേക്ക് അണഞ്ഞു.
മഴത്തുള്ളികൾ തുള്ളി വീഴുന്ന
ആ കവിൾത്തടങ്ങളിൽ മെല്ലെ ഒന്ന് തലോടി
ചുവന്നു തുടുത്ത ആ ചുണ്ടുകളിലെ പ്രണയവും,
പ്രണയത്തിന്റെ സൗന്ദര്യം മറച്ചു വെച്ച ആ മിഴികളും

വള്ളി ചെടികൾ പിണഞ്ഞു നിൽക്കുംപോൽ
ഇരു കൈകളും കോർത്തു പിടിച്ചു നമ്മൾ.
പ്രകൃതി തന്നെ നിശ്ചലമായ നിമിഷം
മഴത്തുള്ളികൾ വാനിൽ നിൽക്കെ,
നിന്നെ എന്നിലേക്ക് ചേർത്ത് പിടിച്ചു
നെറ്റിയിൽ ഒരു ചുംബനം നൽകുന്നത് കാണാൻ
ആ നിലാവെളിച്ചം സാക്ഷിയായി .
മേഘങ്ങൾക്ക് ഇടയിലൂടെ ചന്ദ്രനും നക്ഷത്രക്കൂട്ടവും
ഒന്നും പോരാതെ വന്നു
ആ നിമിഷത്തെ നിന്റെ സൗന്ദര്യം വർണ്ണിക്കുവാൻ



ഷിഫാന
2nd BA mass communication

# അവൾ ആരായിരുന്നു

അവളെ പറ്റി ഒന്ന് പറയോ?

: പറയാലോ...
: പറക്കാനായിരുന്നു അവൾക്ക് ഏറെ ഇഷ്ടം
: ഏയ്, അവളൊരു പെണ്ണല്ലേ. വീട്ടിലെ പെണ്ണ്
അടക്കവും ഒതുക്കവും ഉള്ളവളാവണം .
വിമാനം പറത്താൻ ഒക്കെ പഠിക്കാൻ പോയ
ബന്ധുക്കൾ ഓരോന്ന് പറയൂല്ലേ...
എന്നാലും അവളു ഒരുപാട് സംസാരിച്ചിരുന്നു
: ആഹാ എന്നിട്ട് ഇപ്പഴോ?
: മിണ്ടാറില്ല! ഒരിക്കൽ വീട്ടിലെ കാർന്നോരു പെണ്ണുങ്ങൾ
പുറത്ത് പോയി പഠിച്ചാൽ വെടക്ക് ആയി പോവും
ആൺകുട്ട്യോൾ ആണെങ്കിൽ കുടുംബം രക്ഷപെടും
എന്നു പറഞ്ഞു. അതെന്താണ് മൂത്താപ്പ ആണുങ്ങൾക്
പറ്റുമെങ്കിൽ ഞങ്ങൾ പെണ്ണുങ്ങൾ പോയാൽ...?
അത്രേ ചോദിച്ചോള്ളൂ അവൾ. അന്ന് കൊടുത്തു
അവളുടെ മുഖത്തു ഒരു അടി, 'ധിക്കാരം പറയുന്നോ
അധിക പ്രസംഗി. മതി അന്റെ പഠിപ്പ്.
ഇയ്യ് ഒരു പെണ്ണാ അത് മറക്കണ്ട! ഒരു മുറിക്കപ്പുറം
അന്റെ ഒച്ച പൊന്തൻ പാടില്ല.
: എന്നിട്ട്?! ഇപ്പോൾ അവൾ എവിടെയാ?
: അവൾ.....(മുഖത്തു നിരാശ കലർന്ന ചിരി )

മിൻസില ഹിലാൽ
സൈക്കോളജിസ്റ്റ് & അസിസ്റ്റന്റ്
പ്രൊഫസ്സർ

# കാക്ക കുളിച്ചാൽ കൊക്കാകുമോ?



അറിവ് വച്ച കാലം മുതൽ എന്നെ മാനസികമായി കാര്യമായി തന്നെ ചൂഷണം ചെയ്ത ഒരു പഴഞ്ചൊല്ല്...!!! അത് എത്ര ആഴത്തിൽ എന്റെ ഉള്ളിലേക്ക് കേറിയിട്ടുണ്ടെന്നും അതിന്റെ കൈപ്പുകൾ എന്നെ ഏതൊക്കെ തരത്തിലാണ് ബാധിച്ചതെന്ന് ഞാൻ പോലും തിരിച്ചറിയുന്നത് മുതിർന്നപ്പോൾ. പിന്നീട് മറുപടിയായി മനസ്സിൽ കരുതി വച്ചും "കാക്ക കുളിക്കുന്നത് വെളുക്കാനല്ല, വൃത്തി ആവാനാണ്" എന്നൊക്കെ. എന്നാൽ, മറുവശത്തു നിന്ന് തിരിച്ചു വരാൻ പോകുന്ന പുതിയ പരിഹാസങ്ങൾക്കോ, മറുപടി തന്നെക്കാൾ മുതിർന്നവരോട് ആയത് കൊണ്ട് തന്നെ "തർക്കുത്തരം" എന്ന "ചീത്തപ്പേരിനോ" അന്ന് മനസ്സ് പാകപ്പെട്ടിട്ടുണ്ടായില്ല.

ഇഷ്ടപ്പെട്ട ചില വസ്ത്രങ്ങൾ ഇഷ്ടപ്പെട്ട ചില നിറങ്ങൾ ധരിച്ചാൽ, പുതിയ ചില പഴഞ്ചൊല്ലുകൾ കൂടി കേൾക്കാം...!!! അങ്ങനെ എത്രയെത്ര പഴഞ്ചൊല്ല

## "കാക്ക കളിക്കുന്നത് വെളുക്കാനല്ല, വൃത്തി ആവാനാണ് "

തിൽ "ടാർപാട്ടയ്യ്ക്ക് തീ പിടിച്ചത് പോലെ.." എന്നുള്ളതാണ് അടുത്ത "വെറൈറ്റി" പഴഞ്ചൊല്ല്... ഈ മനുഷ്യർടെ ഓരോ കഴുവ്വകൾ !! പിന്നീട് വളരെ ചുരുക്കം ചില സമയങ്ങളിലെങ്കിലും ഈ  പഴഞ്ചൊല്ല് ഞാൻ എന്നോട് തന്നെ പറഞ്ഞിട്ടുണ്ട്... ചുരുക്കി പറഞ്ഞാൽ ഈ ചിന്തകൾ ഒക്കെ എന്റെയുള്ളിലേക്കും കേറി തുടങ്ങി എന്ന്..!

അങ്ങനിയിരിക്കെ മലയാളം-2 പാഠഭാഗത്തിൽ ഒരു നോവലിന്റെ ഭാഗം കാണുന്നു "ദീനാമ്മ". ആ പേര് ഇത്രയും വർഷങ്ങൾക്കിപ്പുറവും ഞാൻ ഓർത്തു വയ്ക്കുന്നു എന്നതിനർത്ഥം ഞാൻ ആസ്ഥാന പഠിപ്പിസ്റ്റ് ആയതുകൊണ്ടല്ല. അത്രയേറെ ആഴത്തിൽ ആ പേര് എന്റെ മനസ്സിൽ കുറിയ്ക്കപ്പെട്ടു എന്നതുകൊണ്ടാണ്.. അന്ന് അത് കാണുമ്പോൾ ക്ലാസ്സിൽ ആരെങ്കിലും തന്നെ നോക്കി കളിയാക്കുന്നുണ്ടോ, ആരെങ്കിലും കളിയാക്കി ക്ലാസ്സിൽ തന്റെ പേര് അതിനോട് ചേർത്ത് പറയുമോ എന്നൊരു ഉൾഭയം ഉണ്ടായിരുന്നു..

ഇതിന്റെ ഒക്കെ ഫലമായി പൗഡർ ബഹിഷ്കരിച്ചു, ചില നിറത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാതെ ആയി, എന്തിനേറെ ഒരു ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ വരെ മടി ആയി തുടങ്ങിയിരുന്നു..

പെൺകുട്ടി + ഇരുണ്ട നിറം + അല്പം വണ്ണമുള്ള ശരീര പ്രകൃതി

പിന്നെ ഒന്നും പറയണ്ടല്ലോ..!

ഇതെല്ലാം ഒരു വശത്തു. ഇങ്ങനെ ഒക്കെ ഉള്ള കളിയാക്കലുകൾക്കിടയിൽ മാതാപിതാക്കൾ തന്റെ കുട്ടിയെ അത്തരം പരിഹാസങ്ങളിൽ നിന്ന് രക്ഷിക്കാൻ ശ്രമിച്ച് എന്തേലും ഒരു മറുപടി പറഞ്ഞാലോ.. ദാ വരുന്നു അടുത്തത്.. "കാക്കയ്ക്ക് തൻ കുഞ്ഞു പൊൻ കുഞ്ഞ്"..!!!

അങ്ങനെ എഴുതിയാലും പറഞ്ഞാലും തീരാത്തത്ര അനുഭവങ്ങൾ..

കുറച്ചു കാലത്തിനിപ്പുറം മാത്രം എന്റെ ഉള്ളിലെ അപകർഷത ബോധങ്ങൾക്ക് മാറ്റങ്ങൾ വന്നു... അനുഭവങ്ങൾക്കും ആത്മമിത്രങ്ങൾക്കും ഉള്ളറിഞ്ഞുള്ള നന്ദി..!!

ഇത് ഞാൻ എന്ന ഒരു വ്യക്തിയുടെ മാത്രം അനുഭവം ആവില്ല. എന്നെ പോലെ പലരും കടന്നുപോയ സാഹചര്യം ആവാം. നിറത്തിന്റെ പേരിൽ  ആവാം, ശരീരപ്രകൃതി ആവാം, ചില സാഹചര്യങ്ങളിൽ ഒരാൾടെ ശബ്ദം പോലും ആവാം, അങ്ങനെ അങ്ങനെ ഓരോന്ന്..

ഒരു പക്ഷെ ഞാൻ അടങ്ങുന്ന നമ്മുടെ സമൂഹം  ലിംഗ-മത-ജാതിഭേദമില്ലാതെ കുറച്ചെങ്കിലും തുല്യമായി വീതിച്ചു കൊടുക്കുന്നത് ഇത്തരം 'ബോഡി ഷേമിംഗ്' ആവാം..!!

പലപ്പോഴും ചിന്തിക്കും, ഇത്തരം പഴഞ്ചൊല്ലുകൾ ഒക്കെ ബഹിഷ്കരിക്കേണ്ട കാലം കഴിഞ്ഞില്ലേ എന്ന്.. വരും തലമുറയ്ക്കെങ്കിലും അതിൽ നിന്നൊരു മോചനം ലഭിച്ചാലോ...!!!

അഫ്രഫ.എൻ.എ
2nd,ബി.എ മാസ്സ് കമ്മ്യൂണിക്കേഷൻ

# അവൾ

നീലാകാശത്തിന് താഴെ ചിറക് വിരിച്ച്
നടക്കാനായിരുന്നു അവൾക്കേറെയിഷ്ടം...
മറ്റെല്ലാ നീറലുക്കൾക്കിടയിലും സന്തോഷത്തിൻ
വിത്ത് പാകി,
സമാധാനത്തിൻ വർണ്ണങ്ങൾ അവളെ ഏറെ
ആകർഷിക്കുന്നു.

ഇനിയുമൊരു കണ്ണീർമഴയ്ക്കായി അവൾ
കാത്തിരിക്കുന്നില്ല,
അവൾ അവൾക്കായി സ്നേഹത്തിൻ കുട
എന്നേ നിവർത്തി കഴിഞ്ഞു!
മറ്റുള്ളവർ അവൾക്കായി പണിത കൂട്ടിൽ നിന്ന്
എന്നേ പുറത്ത് ചാടിയിരിക്കുന്നു....

ഇന്ന് അവളുടെ ശബ്ദം അവർ ശ്രവിക്കുന്നു.
അവളുടെ ചിറകിന് കരുത്ത് പകരുവാൻ
അവർക്കാവുന്നു.



സൗഹൃദത്തിൻ താളുകൾ അവളിലെ
സ്നേഹത്തെ ഉണർത്തുന്നു.
കപട ലോകത്ത് സാന്ത്വനമാകുവാൻ
അവൾക്കാവുന്നു.

അവളെക്കാൾ മറ്റാരും അവളെ സ്നേഹി
ക്കില്ല എന്ന തിരിച്ചറിവ്, അവിടന്ന്
തുടങ്ങി അവളുടെ പാറിപറക്കൽ.
എങ്കിലും ഇടയ്ക്കെപ്പോഴോ ഇന്നലെകളുടെ
മുറവിളി അവളെ മാടി വിളിക്കുന്നത്
പോലെ...

Afrah.N.A
BA Mass Communication
Second year

# VANITY

Girl, you have come a long way
You believed that everything was yours
You took everything into your heart
But the world showed you that nothing was yours
And you were supposed to break everything perfectly.


Now look nothing remains the same
Fixing it properly isn't possible
You can't get it done !
You can't be the old you !

Nobody knows the rhythm of your heart
Nobody knows who you want to be
Nobody can't track the real you

Bravo, you are not giving up
Loving you is the best feeling
Accepting your flaws make you great

They might not feel your heart,
But the world can sometimes.
They might not be all ears,
But the world can sometimes.
They might not lend you a helping hand,
But the world can sometimes.

Remember, nothing is yours, theirs or ours...
But you know who you are!
Then why don't you be the one?
Let it be you, let it be you!
Let you be a sort of peace
Let you be the sunshine
Let you be the waves
Let you be the breeze
Slowly, let there be light in the tunnel.





പി.എം. ഇഫാദ്
3rd b.com coperation

# ഒറ്റയിലയിൽ ആയിരം കാടുകളുടെ ശ്വാസമുണ്ടാകും

രാത്രിയിൽ നിന്നും
നിലാവ് ചുരണ്ടിയെടുക്കുന്ന
നിന്റെ ചുണ്ടിന്റെയറ്റം
മുത്തി മുത്തി പകലാക്കുന്ന എന്റെ കൊതിയുടെ
പക്ഷികൾ.

പകൽ വെട്ടത്തിൽ
നമ്മളൊരു കളിക്കൊരുങ്ങുന്നു.
വിരലറ്റത്ത് തുന്നി കയറ്റിയ
വേനലിലാരാദ്യം
വെന്ത് മരിക്കുമെന്ന്,
മിച്ചമുള്ള പൊള്ളലിലാ –
രാദ്യം മഴയിൽ കുതിരുമെന്ന്.


നീ എന്നെയും ഞാൻ നിന്നെയും ശ്വസിക്കാറില്ല.
നമ്മൾ ശ്വസിക്കാത്ത
അന്നനാളത്തിലെ പുഴുക്കുത്തായിരുന്നു. എന്നാലും
മണ്ണിലിരുന്നുരുളുമ്പോൾ അപ്പന്റെയപ്പന്റെ ചൂര്
പൊങ്ങുന്നതും, കുടിയിറങ്ങിയതിന്റെ
വേദന തിണർക്കുന്നതും,
കണ്ണീര് ചാറി ചുവന്ന
പുഴ നീറുന്നതുമറിയുന്നു.
മുറിഞ്ഞ വിതുമ്പലുകളുടെ
മണ്ണിരകൾ,

ഒലിച്ച ചോരയുടെ കറുകപ്പുല്ലുകൾ,
ആശവറ്റിയ കരിങ്കൽചീളുകൾ,
കാലം കടിച്ചു കീറുന്ന
കിളികൊക്കുകൾ.

മോഷണം പോയ പച്ച,
ഉടലിലെങ്കിലും തപ്പി നമ്മൾ.

നേർത്ത പച്ചിലയാകാൻ
ഓരോ അന്വേഷണത്തിലും
നമ്മളിത്തിരി നമ്മളെ ചെത്തി കളയാറുണ്ട്.
ഞാനും നീയുമെന്ന വാക്കിന്റെ ഭാരത്തെ
നമ്മളെന്ന ഒറ്റ തുവലിലേക്ക്
തിരുകി കയറ്റാറുണ്ട്.
തൊലിയുരിച്ച് കളഞ്ഞ്
അസ്ഥിയും മജ്ജയുമടർത്തി നഗ്നനാക്കുമ്പോൾ
എന്റെ ശൂന്യതക്ക്
തളിരിലയുടെ മാർദ്ധവമെന്ന്,
എന്നെ ചെളി മണക്കുന്നുവെന്ന്, നീ
എന്റപ്പന്റെ മണമല്ലേ എനിക്കുമുണ്ടാകു എന്റെ
ശൂന്യതയുടെ ജീവനല്ലേ നിനക്കുമുണ്ടാകു.


ശ്വസിക്കാറില്ലെങ്കിലും
മൂക്കിൽ തൊട്ട് തൊട്ട്
പൂ വിരിയിക്കുന്ന നീയും
ശൂന്യതയിൽ നിന്നെ വിളയിച്ചെടുക്കുന്ന ഞാനും,
ഒന്നാഞ്ഞ് ശ്വസിച്ച് കൊണ്ട്
പരസ്പരം
കടലാഴത്തിൽ മുറിവുണ്ടാക്കുന്നു. വിരൽദൂരത്തിൽ
മറഞ്ഞിരിക്കുന്നു.
കാട് ഒരു സ്ഥലമല്ലെന്നുമത്-
നാവിലലിയുന്ന ഉമിനീരാണെന്നും മുറിവിലിരുന്ന്
നമ്മളറിയും..!!



**Sameena yousaf**
3rd bsc.Psychology

# MUSIC

The music that play in your mind,
repeated lifeless perished lyrics
that you rewinded,
resumed and played,
chained you to the unceasing loop
of darkness but,..
you never heard your heart,
the rhythm and the beats
every single moment it just played one song
"you are worthy to breathe"



നഫീസത്ത് മിസിരിയ കെ.എസ്
3rd ba. economics


# ജീവിതം

നീ ഒറ്റക്കായെന്ന് തോന്നുമ്പോൾ
നീ ഓർക്കുക...
നിന്റെ ഭൂതകാലം...
അതെത്ര മനോഹരമായിരുന്നുവെന്ന്
ഇനിയൊരിക്കലും തിരിച്ചു കിട്ടാത്തത്ര
അതിമനോഹരം!

അതിമനോഹരമായിരുന്നുവെന്ന്
തോന്നുന്ന ഏതിന്റെയും പ്രത്യേകത
അതനുഭവിക്കുമ്പോൾ നമുക്കറിയില്ല
നമുക്കതെത്ര വിലപ്പെട്ടതായിരുന്നെന്ന്....

ഇഷ്ടപ്പെട്ടത് നഷ്ടപ്പെടുത്തി
അതിനെക്കുറിച്ച് വിലപിക്കുന്നവരായിരിക്കും
നമ്മിൽ ഏറിയ പങ്കും !

എന്നിരുന്നാലും നിങ്ങളൊന്നോർക്കുക
നിങ്ങൾ ജീവിക്കേണ്ടത്
നാളെയുടെ പ്രത്യാശകൾക്കുവേണ്ടിയാണ്...
മാറ്റങ്ങളുടെ നാളേക്കു വേണ്ടി...
അതാണ് ജീവിതം...!!!




ഉമ്മുകുൽസു K. A
3rd Bsc Botany

# ഭൂമിയുടെ കണ്ണുനീരാണിത്..

മരണമേ നീയെന്നെ പുൽകവാൻ കാത്തുനിക്കയോ
അമ്മയാം, ഭൂമിയെ നോവിനാൽ മായ്ക്കുമോ....
രക്തപുഷ്പങ്ങളെ, മാറിലണിഞ്ഞൊരമ്മയാം ഭൂമി നീ
സ്മൃതിയായ് മാറുന്നുവോ.....

പുലർക്കാല സന്ധ്യയിൽ
ചുംബനം കൊണ്ടു നീ
താരാട്ട് പാടവേ....
പൈതലാം ലോകമേ ഉറക്കമായി....

നോവിലുതിരുന്ന ചുടുരക്തഹാരം
അണിഞ്ഞു പുഞ്ചിരി തൂകയായ്
പ്രകൃതി നീ മനോഹരി....




കാറ്റും, കാർമേഘവും നിന്റെ
നെഞ്ചിലെ
കനലായി പെയ്തിറങ്ങവേ
കുളിർക്കയായ് മനവും
മന്ദഹാസമോടെ....

പേറ്റുനോവിനാൽ
ജ്വലിക്കുന്നൊരമ്മയാം നിന്നിലെ,
അഴലിന്റെയാഴിയിൽ മുങ്ങിഞാൻ-
താഴവേ...
ചിറകുകൾ നൽകി നീയെന്നെ
തലോടിയോ....

കാടുകൾ,മേടുകൾ നിന്റെ പച്ചയാം
മാറിടങ്ങൾ
അനന്തമാം സമുദ്രമോ നിന്റെ കണ്ണീരില
ലിയവേ..
നിന്നിലെ ഉടലാടയോരോന്നായ്
അടർത്തി മാറ്റവേ
അവസാന ശ്വാസമായി മാതൃത്വം
മാറിലേറ്റി നീയമ്മയായി
പടർന്നുയരുന്നുവോ

കണ്ണുനീരുതിരുകയായ് നിന്റെ
നെഞ്ചിലെ ചുടുശ്വാസമായ്
ചുടുചോരയാൽ കതിർന്നോരി
കണ്ണുനീർ...

അലയുകയായ്....
മക്കളലയുകയായ് നിന്റെ
വാത്സല്യ-
ക്കടൽ തേടി.....



ദേവപ്രിയ വി.എസ്
2nd bsc. botony

# ധ്വനി

സ്നേഹത്തിന്റെ പരിശുദ്ധിയാൽ സന്തോഷം കൊണ്ട്
കീഴടക്കിയ ആ മനസ്സ് ഇന്ന് വിങ്ങലിന്റെ കടൽ
സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു....
തിരിഞ്ഞു നോക്കിയാൽ വാചാലമായ വാക്കുകളാൽ
സ്വപ്നങ്ങൾ കൊണ്ട് മഴവിൽ തൂകിയ
ആ ഏഴ് വർണമുള്ള ഭൂമി ഇന്ന് വിജനമാണ്..
എന്റെ കണ്ണുകളാൽ ഞാൻ കണ്ട
അപരിചിതമായ അതിഥികൾ
എന്നെ ആ ഇരുട്ടിലേക്ക് നയിച്ചു..
ഇന്ന് വിജനമാകുന്ന വഴിയരികിലൂടെ ഞാൻ
മാത്രം നടന്നു നീങ്ങുന്നു....

നാം കണ്ടുകൂട്ടിയ സ്വപ്നലോകത്തെ
ദൃശ്യങ്ങളെ
യാഥാർത്ഥ്യമാക്കികൊണ്ട് ആ
വിജനമാകുന്ന പാതയെ ശോഭയുള്ള
താക്കിത്തീർക്കണമെന്ന്
നിന്നെ സ്നേഹിച്ച അതേ മനസ്സ്
ഇന്നും എന്റെ കാതുകളിൽ മന്ത്രിക്കു
ന്നുണ്ട്...
സമ്മാനങ്ങൾ മോഹിച്ച് വരുന്ന
അതിഥികളെ ജീവിതത്തിൽ നിന്നും
പൂർണ്ണമായും ഒഴിവാക്കിയാൽ
നിന്റെ രാജ്യം
ഭരിക്കാൻ തീർച്ചയായും ഒരു നാൾ
ഞാൻ വരും....





**Sayida**
2nd Bsc physics

# AND I, YOU

You, I'll keep you as just another piece of art
that I adore, admire, and obsess over
like my favorite book and my favorite song
Perhaps it's safer to keep you that way
so that my sanity won't be at stake.
After all, it's my consciousness that decides
even if my heart has its desires.
I believe I can recover from
any pain whatsoever, any ache how so deep
as I once saw you in my dream,
and I had to wake up from it.
I've recovered from you, honey
I can endure anything much less.






# യാത്രക്കാർ


**ഫഹദ് റഹ്മാൻ**
3rd b.com finance


കൗമാരത്തിലെ അതിരുകൾ കടന്ന്
യൗവനത്തിലേക്കുള്ള യാത്ര
യാത്രക്കാർ ഒരുപാട് ഉണ്ടായിരുന്നു
കുറച്ച് യാത്രക്കാരെ
തിരക്കിനിടയിൽ കണ്ടുമുട്ടി....

ചുരുണ്ട മുടിയുള്ള യാത്രക്കാരൻ
അവന്റെ എഴുത്തുകളെ അവതരിപ്പിച്ചു. അവൻ അവന്റെ
തൂലികയിലൂടെ പ്രണയവർണങ്ങളെ പറ്റി എഴുതി.....

താടി നീട്ടി വളർത്തിയ യാത്രക്കാരൻ
അവന്റെ രാഷ്ട്രീയത്തെ വെളിപ്പെടുത്തി
അവൻ അവന്റെ രാഷ്ട്രീയത്തിലൂടെ
വിപ്ലവത്തെ പറ്റി സംസാരിച്ചു ....

വട്ട കണ്ണടയുള്ള യാത്രക്കാരൻ
അവന്റെ കമ്മ്യൂണിസത്തെക്കാട്ടി.
അവൻ അവന്റെ കമ്മ്യൂണിസത്തിലൂടെ
സഖാക്കള പരിചയപ്പെടുത്തി.....

ഇനി എന്റെ ഊഴമായിരുന്നു
അവരുടെ എഴുത്തിലും സംസാരത്തിലും ഈണത്തിലും
താളത്തിലും രാഷ്ട്രീയത്തിലും കമ്മ്യൂണിസത്തിലും പ്രണയ
ത്തിന്റൊരംശം കണ്ടിരുന്നു....

ഞാൻ അതിലൂടെ എന്റെ മനസ്സിനെ
അവർക്ക് മുന്നിൽ സ്വതന്ത്ര്യയാക്കി
ഞങ്ങൾ എല്ലാവരും നിരസിക്കാനാവാത്ത
പ്രണയത്തിന്റെ ദളങ്ങളായിരുന്നു

യാത്ര തുടരുന്നു.....



# വാൻഗോഗ് മുതൽ ഹൃദയ സരസ്സ് വരെ


പി.എം. ഇഫാദ്
3rd b.com cooperation

**വീട്ടിലുണ്ടായിരിന്ന മുട്ട കോഴിയുടെ പുറകെ ഓടിയതെല്ലാതെ അതിന്റെ പൂട പറിച്ച് നഗ്നയാക്കി വിടുന്നത് ആലോചിക്കുമ്പോ തന്നെ ഭൂമി ഒന്നു വട്ടം കറങ്ങി വന്നു നിൽക്കും .**

## 1. പാട്ട് :

"Music miraculously penetrates your very soul" - Andrei Tarkovsky

വാൻ ഗോഗിന്റെ സൂര്യകാന്തി പാടത്തിലേക്ക് നോക്കി നിൽക്കുന്ന അവളുടെ ചോദ്യചിഹ്നം പോലെ വളഞ്ഞ ശരീരം കണ്ടപ്പോൾ മെഹ്ദി ഹസ്സന്റെ റഫ്ത്ത റഫ്ത്ത ചുണ്ടിന്റെ കോണി ലേക്ക് ഒലിച്ചിറങ്ങിയതിനെ പറ്റിയാലോചിച്ച് എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നി, അറപ്പും.. ഇങ്ങനെ പ്രാസമുള്ള വാക്ക് കൊണ്ട് ചിന്തിക്കാൻ പണ്ട് മുതലെ ഇഷ്ടമാണ്. പ്രാസമൊപ്പിച്ചാണ് ജീവിതത്തിലെ ഓരോ സന്ദർഭങ്ങളും സംഭവിക്കാറ്. ആ രംഗത്ത് അങ്ങനെയൊരു സ്റ്റൈൽ ഗസൽ ഒരിക്കലും ചേരത്തില്ല. അവളുടെ ശരീരം പോലെ വളഞ്ഞു കുത്തി വരുന്ന,തുടർച്ചയായി ശരീരം തുളക്കുന്ന വെടിയുണ്ടകളെ കണക്കുള്ളൊരു സംഗീതം,ഒ രു പാട്ട്, അതായിരുന്നു വേണ്ടിയിരുന്നത്. ജൽത്തെ ഹേയ് ജിസ് കേലിയെ കൊള്ളാമാ യിരുന്നു, വിസ്മരിച്ചങ്ങനെ നിൽക്കാമായിരു ന്നു, അവളുടെ ശരീര വടിവ് പോലെ ഒഴുകുന്ന സംഗീതമാണത്. മുമ്പെങ്ങും കെട്ടിട്ടില്ലാത്ത ഒരു പാട്ട് പോലെ അപരിചിതമായ ഈണം പോലെ അവൾ എനിക്ക് നേരെ പിന്തിരിഞ്ഞ് മ്യൂസിയത്തിലെ ചിത്രങ്ങളുടെ വലയിൽ കുരുങ്ങി നിന്നു. ചിലപ്പോ എനിക്ക് തോന്നാറുണ്ട് വരി തെറ്റി പോയൊരു പാട്ടിന്റെ ശരിയായ ഈണമാണ് ഞാൻ എന്ന്. ഒരു പാട്ടിലൂടെയാ യിരിക്കും ഞാൻ ജനിച്ചിട്ടുണ്ടാവുകയെന്ന് കരുതിയാൽ മിക്കവാറുമത് ഹൃദയ സരസ്സിലെ എന്ന പാട്ടിന്റെ ഈണത്തിലൂടെ അനുപല്ലവി യുടെ യോനിയിലൂടെ ദാസേട്ടന്റെ ശബ്ദം പൊടിച്ച ചോര വരവിന് കൂടെയായിരിക്കും.

ചില ദിവസങ്ങളിൽ ഞാൻ റേഡിയോ പോലെ തരംഗങ്ങൾക്ക് പകരം വായുവിനെ പിടിച്ചക ത്താക്കി ഒറ്റക്കിരിക്കും. ക്രമരഹിതമായി വന്നു പോകുന്ന അങ്ങനെയുള്ള മൗനക്കാട്ടുകളിൽ സ്വയം നഷ്ടപ്പെടുന്ന ദിവസങ്ങളാ ണ് എന്നെ ഞാനാക്കി മാറ്റിയിരു ന്നത്. വെറുതായിരിക്കുമ്പോഴാണ് മനുഷ്യൻ യഥാർത്ഥമാവുന്നത്. പല തവണ അങ്ങനെ ഉണ്ടായിട്ടു ണ്ട്. ഏകാന്തമായ ഭാഷയിൽ നഷ്ടപ്പെട്ട ലിപികൾ പോലെ അപരിചിതമായ ഒരു ഇടവേള. ജീവിതത്തിൽ ഇന്റർവെൽ എന്നാൽ തീരെ ചെറിയൊരു മൗനമാണ്. മ്യൂസ്യത്തിന് പുറത്തു ള്ള സ്പീക്കറിൽ നടാഷ അറ്റ്ലസി ന്റെ 'ഗഫ്സ' ഉയർന്നു കേൾക്കാ മായിരുന്നു.

ചെറുപ്പത്തിൽ അമ്മാവനാണ് ആദ്യമായി കോഴിയെ കൊല്ലാൻ പഠിപ്പിച്ചത്. കഴുത്ത് ഞെരിച്ചും, ബക്കറ്റ് വച്ച് മൂടിയും കൊല്ലാം, പിന്നെയുമുണ്ട് വഴികൾ. വീട്ടിലുണ്ടാ യിരിന്ന മുട്ട കോഴിയുടെ പുറകെ ഓടിയതെല്ലാതെ അതിന്റെ പൂട പറിച്ച് നഗ്നയാക്കി വിടുന്നത് ആലോചിക്കുമ്പോ തന്നെ ഭ്രമി ഒന്നു വട്ടം കറങ്ങി വന്നു നിൽക്കും . കോഴിയുടെ കാൽ ഭാഗം കൂട്ടി കെട്ടി ചൂട് വെള്ളത്തിൽ മുക്കിയെടുത്ത് പൂട പറിക്കുന്ന അമ്മാവനെ ഞാൻ അത്ഭുതത്തോടെ നോക്കി നിൽ

ക്കാറുണ്ട്. മരണത്തിന് സംഗീതമുണ്ട് എന്ന് ആദ്യമായി മനസ്സിലാക്കിയത് അന്നാണ്. ഓരോന്നിനും ഓരോ സംഗീതമുണ്ട്. ജീവിതത്തിന്, പ്രതികാരത്തിന്, മഴക്ക്, മലക്ക്, അമ്മക്ക്, കാമുകിക്ക്, ആത്മഹത്യക്ക് –എല്ലാത്തിനും. കോഴിയുടെ പിടച്ചില് പോലെ ഉയർന്നുണരുന്ന ഓരോ ശ്വാസത്തിനുമുണ്ടായിരിക്കും.

ഭയത്തിന് ഏറ്റവും അനുയോജ്യമായ സംഗീതം ബീഥോവന്റേത് ആയിരിക്കും! പ്രത്യേകിച്ചും 'ഫർ അലൈസ്'. എന്റെ ഓരോ ഭയത്തിന്റെ നിമിഷത്തിലും ഞാനതറിഞ്ഞിട്ടുണ്ട്.


ഫാമിന് അപ്പുറത്തെ കോഴികൾ വെരുകി തൂവൽ പൊഴിച്ചിട്ട വൈക്കോലിനരികിൽ അമ്മാവന്റെ കിതപ്പ് തളരുന്നതും ചേച്ചിയുടെ പിടച്ചിൽ കരിഞ്ഞ കൊന്നയില പോലെ കൊഴിഞ്ഞ് ഒരു കുഞ്ഞ് പിടച്ചിലോടു കൂടി അവസാനിക്കുന്നതും കണ്ട അന്ന് മുതലാണ് എനിക്ക് പ്രാന്ത് തുടങ്ങിയത്. എപ്പോഴും കയ്യിൽ ഒരു വള്ളി കൊണ്ട് ആത്മാവിനെ ശരീരത്താൽ എന്ന പോലെ ബന്ധിച്ച നിർത്തിയ റേഡിയോ മിണ്ടാതായതും അന്ന് മുതലാണ്.

ചേച്ചിയെ പിന്നെ ഞാൻ കണ്ടിട്ടില്ല. ആരും കണ്ടിട്ടില്ല, എന്നെയും കണ്ടിട്ടില്ല. ആരും ആരെയും കണ്ടിട്ടുണ്ടാവില്ല. ദുഃഖ ഗാനം പോലെ അമ്മയുടെ കരച്ചിലും ചെവിയിലിട്ട് കൊണ്ട് ഞാൻ എവിടേക്കോ നടന്നു.അമ്മാവൻ നാട് വിട്ടിരുന്നു. ക്രൂരമായ ശൂന്യത പമ്മി നിന്നിരുന്ന ഫാമിൽ കോഴികൾ ഉടമസ്ഥനില്ലാതെ പരക്കം പാഞ്ഞു. അയാളെ എനിക്ക് കൊല്ലണമെന്ന് തോന്നി, എല്ലാവരെയും കൊല്ലണമെന്ന് തോന്നി. എല്ലാവരെയും ഒരേ സമയം കൊല്ലാൻ ഏറ്റവും എളുപ്പമുള്ള മാർഗം ആത്മഹത്യയാണെന്ന് ചിന്തിക്കാൻ മാത്രം ബുദ്ധി എനിക്കുണ്ടായിരുന്നു. ഇരുട്ടിന്റെ കമ്പിളി കുപ്പായം കീറി 'ഗ്ലൂമി സൺഡേ' വായിലിട്ട് ചവച്ച കൊണ്ട് കവലയുടെ നാലും കൂടിയ റോഡിന്റെ ഒത്ത നടുക്കിലേക്ക് ഞാൻ എന്നെ തെളിച്ച കൊണ്ടു നിർത്തി. പിന്നെ കവലയുടെ കിഴക്കോട്ട് തിരിയുന്ന വഴിയിലൂടെ നടന്നു കയറി പൂവത്തും കടവ് പാലമെത്തിയപ്പോൾ ടോൾ പിരിവിന് കെട്ടിയ കൊച്ചു കെട്ടിടത്തിന് താഴെ നിലാവിന്റെ നീല വെളിച്ചത്തിൽ കുതിർന്നും ചീവിടുകളുടെ ഈണത്തിൽ വെന്തും ഞാനിരുന്നു. തീരെ തണുപ്പ് തോന്നിയില്ല, ചൂട് തോന്നിയില്ല, വിഷമവും ദേഷ്യവും തോന്നിയില്ല. ഒന്നും തോന്നിയില്ല, ഒന്നും തോന്നുന്നില്ലെന്ന് മാത്രം തോന്നി. പ്രാസമുള്ള വരിയിലേക്ക് ജീവിതത്തെയും മരണത്തെയും കരയിലേക്ക് ബോട്ടിനെ എന്ന പോലെ വലിച്ചടുപ്പിക്കാൻ ശ്രമിച്ച കൊണ്ട് ഞാൻ കുറച്ച പേരുടെയെങ്കിലും ജീവിതത്തിൽ തീർക്കാൻ പോകുന്ന കുഞ്ഞ് വിടവിനെ പറ്റിയാലോചിച്ചു. ആ വിടവിലേക്ക് ഒലിച്ച വീഴാൻ പോകുന്ന പാട്ടിനെക്കുറിച്ചും.

കയ്യിൽ ഒട്ടി കിടന്നിരുന്ന റേഡിയോ എടുത്ത് കിഴക്ക് വശം ചേർന്നു നിൽക്കുന്ന പുളി മരത്തിന് കീഴേ കൊന്ന പത്തല് വെട്ടി കുഴിയെടുത്തു, പിന്നെ ശബ്ദം നിലച്ച റേഡിയോ പതിയെ അതിൽ കിടത്തി, മണ്ണ് വാരിയിട്ടു. ചുണ്ടുകളിൽ പ്രാർത്ഥനകൾ പൂവിട്ടു, പിന്നെ ഉതിർന്ന് മണ്ണിനോടൊപ്പം ചേർന്നു. രാത്രി കൂടുതൽ രാത്രിയായപ്പോൾ കാൽ എന്നെയും കൊണ്ട് പുഴയുടെ മൃദുലമായ ഉടൽ പൊളിച്ച് അകത്തു കടന്ന് ഉള്ളിലേക്ക് യാത്രയായി. വായു പോലെ ശരീരത്തിലെ ഓരോ കോശത്തിലും വെള്ളം നിറഞ്ഞു, ജീവൻ പെരുവിരലിൽ നിന്നു കയറി വായിലൂടെ കുമിള കണക്കെ പൊട്ടി പൊട്ടി പോയി!!!

ഒരു പാട്ടിന്റെ ഇളകി

**മഞ്ഞച്ചായത്തിൽ കുതിർന്നു കിടന്ന ചിത്രത്തിലേക്ക് അവളുടെ കണ്ണ് പിടഞ്ഞു പോകുന്നത് കാണുമ്പോ കൊത്താൻ വേണ്ടി നാക്ക് തരിച്ച്, പണ്ട് ഇറയത്ത് കിടന്ന പാമ്പിനെ ഓർമ്മ വരും.**



മറിഞ്ഞ വരവ് കേട്ടു കൊണ്ടാണ് മണ്ണിൽ പുതഞ്ഞ കാൽ ഞാൻ വലിച്ചൂരിയതും ആവേശത്തോടെ മഞ്ഞിലേക്ക് നടന്നതും. ചുറ്റും വിഷം കയറിയ പോലെ നിലിച്ചു കിടന്നു. പുതപ്പ് കണക്കെ മഞ്ഞിന്റെ അപ്പൂപ്പൻ താടികൾ.

കണ്ണ് കാഴ്ച്ച പിടിച്ചപ്പോൾ പെട്ടന്ന് ആ പുളി മരം കണ്ടു. അതിന്റെ ചില്ലകളിൽ വവ്വാലുകളെ പോലെ തൂങ്ങി കിടക്കുന്ന ഒരായിരം റേഡിയോകൾ. എനിക്ക് ഒന്നും മനസ്സിലായില്ല, പുറത്തുള്ളതും അകത്തുള്ളതും, എന്നെയും, ആരെയും മനസ്സിലായില്ല. ഞാൻ മരിച്ചോ അതോ ജീവിക്കുകയാണോ എന്ന് പോലും മനസ്സിലായില്ല. ശൂന്യതയിലേക്ക് എന്ന പോലെ റേഡിയോകൾ കാറ്റത്ത് തിരിയുകയും പയ്യെ പാടുകയും ചെയ്ത് കൊണ്ടിരുന്നു. ഞാൻ വെറുതെ കുറേ നേരം അതിലേക്ക് നോക്കി നിന്നു. പല പല ഈണങ്ങൾ ഒലിച്ചിറങ്ങിയ മണ്ണിൽ ഞാൻ വെറുതെ...

മഞ്ഞച്ഛായത്തിൽ കുതിർന്നു കിടന്ന ചിത്രത്തിലേക്ക് അവളുടെ കണ്ണ് പിടഞ്ഞു പോകുന്നത് കാണുമ്പോ കൊത്താൻ വേണ്ടി നാക്ക് തരിച്ച്, പണ്ട് ഇറയത്ത് കിടന്ന പാമ്പിനെ ഓർമ്മ വരും. ഒരു സീൽക്കാര ശബ്ദത്തോടെ പെട്ടെന്ന് ആ ചെവി മുറിച്ചെറിഞ്ഞവൻ അവളെ തന്റെ സൂര്യകാന്തി തോട്ടത്തിലേക്ക് വലിച്ചെട്ടുക്കുമെന്ന് തോന്നിക്കും വണ്ണം അവൾ ആ പെയിന്റിംഗിന് തൊട്ട് അടുത്ത്

ചെന്നു നിന്നു. പിന്നെ അടുത്ത ചിത്രത്തിന് മുന്നിലേക്ക് മാറി നിന്നു. അവളൊരു ചോദ്യമാണ്. ചിത്രങ്ങൾക്ക് മുന്നിൽ തപസ്സിരുന്ന്, നിറങ്ങളുടെ ഓരോ നീക്കത്തിലേക്കും കണ്ണുകൾ ഓടി നടക്കുന്ന മഹർഷി പുത്രി. പതിയെ പതിയെ അവൾ ഒരു ചിത്രമായി മാറിയേക്കും. ഉത്തരം തപ്പി നടന്നത് കൊണ്ടായിരിക്കുമോ അവൾ വളഞ്ഞു പോയത്. ചുവപ്പ് ഷാൾ തോളിലേക്ക് ഒന്നു കൂടി വലിച്ചിട്ട് അവൾ അടുത്തുള്ള എക്സിറ്റിലേക്ക് നടന്നു, പിന്നെ ഒന്നു നിന്നു. അവൾ എന്നെ നോക്കിയോ? അതോ എനിക്ക് സംശയം തോന്നിയതായിരിക്കുമോ? ക്യാൻവാസിൽ പരന്ന ഛായം പോലെ ചോദ്യങ്ങൾ എന്റെ തലച്ചോറിലെ ചുളിഞ്ഞ നാരുകളിൽ തപ്പി തടഞ്ഞു.അവൾ അനങ്ങുന്നില്ല..എന്നെ കണ്ടു കാണുമെന്നെനിക്ക് വെറുതെ തോന്നി. അവൾ അന്വേഷിക്കുന്ന ഉത്തരം ഞാൻ ആണെന്ന് മനസ്സിലായിട്ടുണ്ടാകുമോ? ഹൃദയത്തിന്റെ മിടിപ്പ് എമിനത്തിന്റെ റാപ് ഗോഡ് പോലെ ദ്രുതഗതിയിൽ നിലവിളിക്കുന്നതറിഞ്ഞ് കൊണ്ട് ഞാൻ അടുത്തുള്ള തൂണിന്റെ മറവിലേക്ക് മാറി നിന്നു. കോണി പടിയിറങ്ങി വന്ന മഞ്ഞ സാരിയുടുത്ത സ്ത്രീ പെട്ടന്ന് അവളെ തട്ടി വിളിക്കുകയും കുറച്ച് നേരം സംസാരിക്കുകയും ചെയ്തു. പിന്നെ അവൾ ആ സ്ത്രീയുടെ കൂടെ എക്സിറ്റ് വഴി ഇറങ്ങി പോയി. എനിക്ക് കരച്ചിൽ വന്നു. തൂണിന്റെ മറവിൽ നിന്ന് പുറത്തു കടന്ന് കൊണ്ട് ഞാൻ അവരുടെ പിന്നാലെ നടന്നു ചെന്നു.ക്യാൻവാസിൽ നിന്നും ഇറങ്ങി വന്ന ചിത്ര രേഖകൾ പോലെ ചുറ്റിലേക്കും നിറങ്ങൾ ഒഴുക്കി വിട്ടു കൊണ്ടു വൾ മ്യൂസിയത്തിന്റെ ഗേറ്റ് കടന്ന് പുറത്തേക്ക് നടന്നു. വയറിനകത്തെ പൂമ്പാറ്റകൾ ഒന്നു ചിറകടി നോക്കി ഒരാന്തൽ അങ്ങ് ആന്തി.നെഞ്ചിലേക്ക് കയറി എരിഞ്ഞു, ചിറകുകൾ പോലെ അത് പിടച്ചു.

കാറുകൾക്കിടയിലൂടെ അവർ നടന്നു. കപ്പലണ്ടി വറക്കുന്ന ഉന്തുവണ്ടിയുടെ ചൂടുള്ള ശ്വാസത്തിൽ നിന്നും മാറി ഒരു കാറിനടുത്തേക്ക് നീങ്ങി ഞാൻ ഷർട്ടിന്റെ കോളറിൽ തിരുപ്പിടിച്ചു കൊണ്ട് നിന്നതേയുള്ളൂ. ഉറക്കെ ഹലോ എന്നൊന്ന് വിളിക്കണമെന്ന് തോന്നി. വവ്വാലുകളെ പോലെ തൂങ്ങിയാടിയ റേഡിയോകൾക്ക് മുമ്പിൽ പകച്ചത് പോലെ, ഇപ്പോ ഞാൻ മരിച്ചോ എന്ന ചിന്തയുടെ കത്തി തലയിൽ മുറിഞ്ഞു കൊണ്ട് നിന്നു പോയി. വായിലേക്ക് ഉമുനീരിനൊപ്പം ഒരു വാക്ക് പോലും ഉതിർന്ന് വന്നില്ല.ഉള്ളിൽ പുഴയുടെ വെള്ളം നരഞ്ഞു, ജീവന്റെ ചൂട് കുമിള പോലെ പൊട്ടി പോയത്...അന്നനാളത്തിൽ വെള്ളം കൂട് വെച്ചത്...അങ്ങനെ,അങ്ങനെ മരിച്ചു പോയത്...

പെട്ടെന്ന് അവൾ ഒന്നു തിരിഞ്ഞു നോക്കി എന്ന് തോന്നി. വ്യർത്ഥമായ എന്റെ ജീവിതത്തിലേക്ക് ഒരു ചോദ്യത്തിന്റെ കൂടെ പദപ്രശ്നം അവശേഷിപ്പിച്ച് കുനിഞ്ഞ മുതുക് ഒന്നു കൂടി വളച്ച് അവൾ കാറിൽ കയറി.

പിന്നെ ഞാൻ..ചുറ്റുമാരും കാണുന്നില്ലെന്ന് ഉറപ്പ് വരുത്തി, കർച്ചീഫിന്റെ കോട്ടൻ തുണിയിലേക്ക് മുഖം അമർത്തി ഒന്നു കരയാൻ ശ്രമിച്ചു.

തിരിച്ച് മരത്തണലിലേക്ക് നടക്കുമ്പോൾ ചിത്രങ്ങളുടെ മാംസത്തിൽ നിന്നും മജ്ജയുടെ നീര് പോലെ അവളുടെ രേഖകൾ ഊർന്ന് ഊർന്ന് പോകുന്നത് പോലെ തോന്നി.

## 2. ചിത്രം :

"A painting requires a little mystery, some vagueness, and some fantasy " - Edgar Degas

**തിരിച്ച് മരത്തണലിലേക്ക് നടക്കുമ്പോൾ ചിത്രങ്ങളുടെ മാംസത്തിൽ നിന്നും മജ്ജയുടെ നീര് പോലെ അവളുടെ രേഖകൾ ഊർന്ന് ഊർന്ന് പോകുന്നത് പോലെ തോന്നി.**

എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ

**അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരിക്കും ഞാൻ ശരിക്കും ജനിച്ചിട്ടുണ്ടാവുക. മറക്കാൻ പോലും ഓർക്കാൻ കഴിയാതെ വന്നത് കൊണ്ടായിരുക്കുമങ്ങനെ ഞാൻ പറഞ്ഞത് എന്നു തോന്നുന്നു, ഉറപ്പില്ല!! എനിക്ക് ഒന്നിനോടും ഉറപ്പ് തോന്നാറില്ല, എന്നോട് പോലും.**



മ്യൂസിയത്തിനകത്തെ ചിത്രങ്ങൾ നോക്കി നോക്കി നടക്കുന്നതിനിടെയാണ് ഉത്തരങ്ങളുടെ അവസാനത്തിൽ സന്തോഷപൂർവ്വം ചേർക്കുന്ന പൂർണ്ണ വിരാമം പോലെയുള്ള അയാളുടെ ഉരുണ്ട ശരീരം കണ്ണിലുടക്കിയത്. പുറത്തെ സ്പീക്കറിൽ ഉയർന്നു കേൾക്കുന്ന പാട്ടിലേക്ക് ചെവിയോർത്ത് അതിലെ താളവും ഈണവും പോലെ അയാൾ പ്രത്യക്ഷത്തിലല്ലാതെ ഇളകി മറിയുന്നത് കണ്ണിൽ തെളിഞ്ഞ് കാണാമായിരുന്നു. കണ്ണിന്റെ ജനാലച്ചില്ലുകൾ ഭേദിച്ച് ആത്മാവിന്റെ ഇളക്കങ്ങൾ അയാളിൽ മുനിഞ്ഞ് കത്തി നിന്നു.അപ്പോഴൊക്കെ എന്റെ വളഞ്ഞ മുതുക് ആ കൗതുകമാർന്ന ശരീരത്തിൽ ചേർത്തു വെക്കണം എന്ന് തോന്നിയിരുന്നു, പക്ഷെ ബുദ്ധന്റെ ശാന്തതയോടെ ഞാൻ വെറുതെ നിന്നതേയുള്ളൂ.ചിത്ര പ്രദർശനം കണ്ടവർ കണ്ടവർ അവരുടെ അഭിപ്രായം ഉറക്കെ പറഞ്ഞു കൊണ്ട് അടുത്തുള്ള കോണി പടികൾ കയറി പോയി. എനിക്കെന്തോ അവിടെ തന്നെ നിൽക്കണം എന്നാണ് തോന്നിയത്. സൂര്യൻ വമിപ്പിക്കുന്ന മഞ്ഞ വെളിച്ചത്തിൽ എന്റെ തൊലി തിളങ്ങുന്നുണ്ടാവും, ചോള മണികൾ പോലെ. പതിയെ അയാളുടെ കണ്ണിനു നേർക്ക് വരത്തക്ക രീതിയിൽ ഞാൻ വാൻ ഗോഗിന്റെ 'starry nights'ന് മുന്നിലേക്ക് മാറി നിന്നു. ക്യൂവിൽ ആളുകൾ കൂടി കൂടി വരുകയാണ്.ആ വല്ലാതെ തണുത്തുറഞ്ഞ നിമിഷത്തിൽ അയാൾ തൊടുത്ത് വിടുന്ന ഓരോ കലുഷിതമായ നോട്ടങ്ങളും എന്റെ പിൻ കഴുത്തിന്റെ ഏതോ വരയുടെ നീളൻ വളവിൽ ചൂട് പകർത്തുന്നത് ഞാനറിഞ്ഞു, ഞാൻ അനങ്ങിയില്ല,എന്തിന് എന്റെ മുടികൾ പോലുമൊന്ന് ചലിച്ചില്ല, ശിലാപ്രതിമയുടെ അച്ചടക്കത്തോടെ ഞാൻ നിന്നു.

അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരിക്കും ഞാൻ ശരിക്കും ജനിച്ചിട്ടുണ്ടാവുക. മറക്കാൻ പോലും ഓർക്കാൻ കഴിയാതെ വന്നത്

കൊണ്ടായിരിക്കുമങ്ങനെ ഞാൻ പറഞ്ഞത് എന്നു തോന്നുന്നു, ഉറപ്പില്ല!! എനിക്ക് ഒന്നിനോടും ഉറപ്പ് തോന്നാറില്ല, എന്നോട് പോലും. അന്നാണ് തവള പിടുത്തത്തിന്റെ അവസാന ഘട്ടത്തിലേക്ക് ഞാൻ വളർന്നത്. അപ്പന്റെ അരയോളവും എന്റെ തലയോളവും പൊക്കമുള്ള പച്ച പുല്ലിന്റെ മറവിൽ കുത്തിച്ചിരുന്ന്,കാപ്പി നിറം കലർന്ന മഴ വെള്ള കെട്ടിൽ ചടഞ്ഞിരിക്കുന്ന തവളയെ കണ്ണിന്റെ മുനയിൽ നിർത്തും,അതാണ് ആദ്യ പടി. നനഞ്ഞ കൈ പാവാടയിൽ തുടച്ച് ഉണക്കം വരുത്തി കാലുകളിലേക്ക് ശക്തി പടർത്തി ഒറ്റ ചാട്ടം, അവന്റെ ഞെളിപിരിയുന്ന ജെല്ല് പോലെയുള്ള മേനി എന്റെ കയ്യിലിരുന്നിട്ടുണ്ടാവും.തവള പിടുത്തത്തിൽ എന്റെ വീടിനടുത്ത ആൺപിള്ളേരിലും കേമിയായിരുന്നു ഞാൻ. അന്ന് ഒരു മഞ്ഞച്ച വെയിലും ഇരുണ്ട മഴ കോളും ഒന്നിച്ചു കേറി കൊഴുത്ത ദിവസം തവളയെ കീറി മുറിച്ച് അതിന്റെ ഓരോ വരയും, നിറവും പഠിക്കാൻ ഞാൻ തീരുമാനിച്ചു.അപ്പുറത്തെ വീട്ടിലെ ആൻസി ചേച്ചി മെഡിക്കൽ കോളജിലെ വിശേഷങ്ങളുടെ കൂട്ടത്തിൽ തവളയെ മുറിച്ചു പഠിക്കുന്ന കാര്യം പറഞ്ഞപ്പോഴാണ് എന്നാ പിന്നെ ഞാനും ചെയ്തേക്കാം എന്ന് കരുതി ഒരു ചിത്രാന്വേഷണ പരീക്ഷണത്തിന് ഞാനിറങ്ങിയത്. പിടിച്ച തവളയുടെ ജെല്ലി തൊലിയിൽ പറ്റിയ ചെളി കുതിർന്ന ഇലകൾ തുടച്ച് കഴുകി ഒരു പാത്രത്തിനുള്ളിലേക്ക് ഇട്ട് ആരും കാണാതെ മുറിയിലെ കട്ടിലിനടിയിലേക്ക് നീക്കി വെച്ചു. അടുക്കളയിൽ ചെന്ന് കത്തിയെടുക്കുമ്പോ ആരും കാണുന്നില്ലെന്ന് മൂങ്ങയെ പോലെ ചുറ്റി നോക്കി. ആരും കണ്ടില്ലെന്ന് ഉറപ്പ് വരുത്തി റൂമിന്റെ കതകടച്ച് തവളയെ മാതൃഭൂമി പത്രത്തിന്റെ അക്ഷരങ്ങളുടെ മുകളിലേക്ക് കുടഞ്ഞിട്ടു,അത് ചത്തിട്ടുണ്ടായിരുന്നു. എനിക്ക് പാവം തോന്നിയില്ല.

കത്തി കൊണ്ട് കീറി തവളയുടെ ഓരോ മുക്കും മൂലയും പരിശോധിച്ചു, ചുവന്ന പെയിന്റ് പോലെ രക്തം കിനിഞ്ഞിറങ്ങി. ബ്രഷ് ചായത്തിൽ മുക്കി തേച്ചു നിർത്തിയ രൂപം, അത്രേ ഉള്ളൂ. അന്ന് മുതൽ ഞാൻ ഏതോ ചിത്രകാരൻ വരച്ച ചിത്രമായി മാറി പോയത് പോലായി, എനിക്ക് ചുറ്റുമുള്ളതിനെയും അങ്ങനെ തന്നെ കണ്ട് തുടങ്ങി.എല്ലാത്തിനെയും കീറി മുറിച്ച് എന്റെ തലച്ചോറിലെ ക്യാൻവാസിൽ രൂപം കൊടുത്തു.

ഡിഗ്രി ഫൈനൽ ഇയർ. നിറങ്ങളുടെ കുത്തൊഴുക്കിൽ ഞാനങ്ങനെ നീന്തി തുടിക്കയാണ്. കാലം തേച്ച് പിടിപ്പിച്ച ഓരോ വരകളും ശരീരത്തിലെ ഭാഗങ്ങളിൽ ഒട്ടി പിടിച്ച മറുക് പോലെയായി,സാരം തോന്നിയില്ല, ഒന്നു കുളിച്ചാൽ മാറാവുന്നതേ ഉണ്ടായിരുന്നുള്ളൂ. അക്കൗണ്ടിങ് എക്സാമിന്റെ രണ്ട് ദിവസം മുമ്പ് ഉച്ചക്കലെ ചോറും,വെള്ളം പോലെയുള്ള ഹോസ്റ്റൽ സാമ്പാറും അകത്താക്കുന്നതിന് കുറച്ച് നേരം മാത്രം ബാക്കി നിൽക്കെ കലശലായ വയറു വേദന തോന്നി തുടങ്ങി. എപ്പോഴും കുണുങ്ങി മാത്രം നടക്കാറുള്ള ആതിരയെയും കൂട്ടി അടുത്തുള്ള ക്ലിനിക്കിലേക്ക് വിട്ടു. ഹോസ്റ്റലിൽ നിന്നും മൂന്ന് വളവ് കഴിഞ്ഞാൽ ക്ലിനിക്കാണ്. അകത്ത് കേറിയിരുന്നയുടനെ അയാളെന്നെ ഒരു ചിത്രത്തിലേക്കെന്ന പോലെ സൂക്ഷ്മമായി നോക്കി, പിന്നെ ചുണ്ട് ചിരിയിലേക്ക് വളച്ചു കൊണ്ട് എന്റെ വയറ്റിൽ തൊട്ടു നോക്കി.

"കുഴപ്പമൊന്നുമില്ല, പീരീഡ്സ് ആകുന്നതിന്റെ ആയിരിക്കും"

എനിക്ക് സമാധാനമായി.

"പരീക്ഷയാണ്, അതാ വേദന തോന്നിയതും വന്നത്"

"ടെൻഷൻ ഉണ്ടോ " അയാൾ അടുത്ത് വന്നു ചോദിച്ചപ്പോൾ ആഫ്റ്റർ ഷേവ് ലോഷന്റെ മണം

**കത്തി കൊണ്ട് കീറി തവളയുടെ ഓരോ മുക്കും മൂലയും പരിശോധിച്ചു, ചുവന്ന പെയിന്റ് പോലെ രക്തം കിനിഞ്ഞിറങ്ങി.**

വായിൽ ഉപ്പ് നുരഞ്ഞു. ഉള്ളിൽ ഒരു കടൽ പിടഞ്ഞു.
വിഷമമൊന്നുമില്ലെന്ന് വെറുതെ പറഞ്ഞതാണ്.

മൂക്കിൽ തത്തി കളിച്ചു.

"ഏയ് അങ്ങനെ ഒന്നുമില്ല "

"പിന്നെ...??"

"വെറുതെ " ഞാൻ ചിരിച്ചു

ചിത്രത്തിനെ നിർമ്മിച്ചെടുക്കുന്ന വരകളിലേക്കും നിറങ്ങളിലേക്കും എന്ന പോലെ അയാളുടെ കുഞ്ഞി കണ്ണുകൾ എന്റെ ഓരോ കോണുകളിലും ഓടി നടന്നു.ഇയാൾ ഒരു സർജൻ കൂടിയായിരിക്കണം. എനിക്കങ്ങനെ വെറുതെ തോന്നി. മുറിഞ്ഞ് പോയ നിറങ്ങളെയും വരകളെയും കൂട്ടി കെട്ടുന്ന....

എനിക്കായാളോട് വല്ലാത്ത ആകർഷണം തോന്നി. അയാൾക്കും അങ്ങനെയായിരുന്നിരിക്കും, അല്ലെങ്കിലെനിക്കങ്ങനെ തോന്നി. തവളയെ കീറി മുറിച്ച് അതിന്റെ ചോര തീർത്ത തൊലിയിലെ ചിത്രങ്ങളിലേക്ക് കൗതുകത്തോടെ നോക്കിയ എന്നെ തന്നെ ഓർമ്മിപ്പിക്കും വിധം അയാൾ എന്നെ കീറി മുറിച്ചു, മാംസങ്ങളിൽ വിരലമർത്തി, ഞരമ്പുകളിൽ തളർന്നു കിടന്നു, പിന്നെ വീണ്ടും തൊലികൾ ചേർത്ത് കൂട്ടി തുന്നി...പിന്നെ.. പിന്നെ
"നീ അകത്ത് എന്തായിരുന്നു പരുപാടി, കുറേ നേരമായല്ലോ കേറിയിട്ട് " പുറത്തിറങ്ങി ഷാർജാ ഷേക്ക് കുടിക്കാൻ ബേക്കറിയിലേക്ക് നടക്കെ അവൾ തട്ടി കയറി.

"ഒന്നു പോടീ..പിന്നെ പരിശോധിക്കണ്ടേ "

"ആ..ഉവ്വ ഉവ്വ "

പിന്നെ പല ദിവസങ്ങളിൽ ഞാൻ അവിടെ ചെന്നു. ഞാൻ വീണ്ടും കീറി മുറിക്കപ്പെട്ടു, വീണ്ടും അയാളെന്നെ തുന്നി കെട്ടി...കീറിയും തുന്നിയും, കീറിയും തുന്നിയും... ഞാൻ എന്റെ എല്ലാ രഹസ്യ വരകളെയും അയാളിലേക്ക് പകർന്നു കൊടുത്തു.

"നമുക്കിതവസാനിപ്പിക്കാം. കുറേ പണികളുണ്ട്, പിന്നെ കല്യാണം വേറേ നോക്കുന്നുമുണ്ട്,അതിനിടയിൽ..."

"ഓ..ആയി കൊള്ളട്ടെ "

"നിനക്ക് വിഷമമൊന്നുമില്ലേ "

"ഏയ്,എന്തിന് "

വായിൽ ഉപ്പ് നുരഞ്ഞു. ഉള്ളിൽ ഒരു കടൽ പിടഞ്ഞു. വിഷമമൊന്നുമില്ലെന്ന് വെറുതെ പറഞ്ഞതാണ്. എനിക്കായാളെ കൊല്ലണമെന്ന് തോന്നി.

പത്തി വിടർത്തി ഇഴഞ്ഞെത്തിയ ഉച്ചയുടെ ചൂടുള്ള വെയിൽ മുറിയിലേക്ക് വന്നു വീണുകൊണ്ടിരുന്ന നേരമത്രയും അയാളെന്റെ ഞരമ്പിലെ പച്ച ഛായത്തിൽ ഒരിക്കൽ കൂടി തളർന്നു കിടക്കുകയായിരുന്നു. നഗ്നമായ മേനിയിലൂടെ അയാളുടെ തണുത്ത വിരലുകൾ ഓടി നടന്നു, പിന്നെ ചില നിറങ്ങളെ തൊട്ട് നോക്കി.

പതിവ് പോലെ ഷർട്ടിന്റെ ബട്ടൻസ് ഇട്ട് കൊടുക്കവേ അടുത്തിരുന്ന സ്റ്റെതസ്കോപ്പിന്റെ വള്ളികളെ കയ്യിൽ തിരുകി. പിന്നെ സാവധാനത്തിൽ അയാളുടെ കഴുത്തിൽ വരിഞ്ഞു, കയ്യിൽ കാടിന്റെ മുറുക്കമനുഭവപ്പെട്ടു, വസന്തത്തിലെ ഇലകൾ പോലെ അയാളുടെ ജീവൻ എന്റെ കയ്യിലെ പച്ച ഞരമ്പിലൂടെ ഒഴുകി വീണു. പിന്നെ..പിന്നെ..വെറുതെ ക്ലോക്ക് മിണ്ടിക്കൊണ്ടിരുന്നു...

ബാഗ് എടുത്ത് ബേക്കറിയിലെത്തി മിൽക്ക് ഷേക്കിലേക്ക് വഴുതി വീണപ്പോഴാണ് ആശ്വാസം തോന്നിയത്. പുറത്ത് മഴ പെയ്ത്തു തുടങ്ങി. പൈസ കൊടുത്തിറങ്ങുമ്പോൾ ഒന്നുകൂടി മഴ കനത്തു.തുങ്ങിയൊലിച്ച ഓരോ മഴചാറിലും എന്റെ നിറങ്ങളും വരകളും മാഞ്ഞ് പോകുന്നത് പോലെ തോന്നി. ചിത്രങ്ങൾക്ക് മുമ്പ് ഏകാന്തതയുടെ പച്ചയിറച്ചി തിന്നുന്ന വെള്ളിച്ച ക്യാൻവാസ് പോലെ ഞാൻ വരകളില്ലാത്ത ഭ്രൂതമായി മാറി. അല്ലെങ്കിൽ എനിക്കങ്ങനെ തോന്നി. കുറേ കുറേ പിന്നെയും കുറേ തോന്നലുകൾ ചേർന്നതാണ് ഞാൻ.

**അയാളോട് സംസാരിക്കണമെന്ന് തോന്നി. ചിത്രത്തിൽ നിന്നും കണ്ണ് വലിച്ച് ഞാൻ കുറച്ച് നേരം വെറുതെ നിന്നു.**



പിന്നെ പല ദിവസങ്ങളിൽ പല സ്ഥലങ്ങളിലായി ഞാൻ അയാളെ കണ്ടു. കഴുത്തിൽ ഒരു പാട് പോലുമില്ലാതെ, നിർന്നിമേഷനായി... ക്ലിനിക്ക് വഴി പോകുമ്പോൾ പതിവ് പോലെ ആളുകളുമിരുക്കുന്നു.അയാൾ മരിച്ചില്ല,അതോ മരിച്ചോ??

കുറേ സംശയങ്ങളുമാണ് ഞാൻ.

സ്റ്റതസ് കോപ്പ് കഴുത്തിൽ മുറുകുമ്പോൾ അയാൾ പിടഞ്ഞത് എനിക്കോർമ്മയില്ല,  കരഞ്ഞതും നിലവിളിച്ചതുമെനിക്കോർമ്മയില്ല, ഒരു തരിപ്പ് മാത്രം അനുഭവപ്പെട്ടിരുന്നു..അയാൾ മരിച്ചോ??

പിന്നെ ഇപ്പൊ വീണ്ടും അതേ സംശയം. മ്യൂസിയത്തിന് പുറത്ത് പാട്ട് പോലെ ഒഴുകി നിറഞ്ഞ് നിൽക്കുന്ന ആ മനുഷ്യൻ. തുടർച്ചയായി നോട്ടത്തിലൂടെ പരിഭ്രമത്തിന്റെ കയത്തിലേക്ക് എന്നെ തള്ളി വിടുന്ന ആ.....

അയാളോട് സംസാരിക്കണമെന്ന് തോന്നി. ചിത്രത്തിൽ നിന്നും കണ്ണ് വലിച്ച് ഞാൻ കുറച്ച് നേരം വെറുതെ നിന്നു. ആ

**വെളുത്ത സ്വിഫ്റ്റിലേക്ക് കയറുമ്പോൾ ഞാൻ പൂർണ്ണമായും നിറങ്ങൾ വറ്റി തീർന്ന ക്യാൻവാസ് പോലെ വിളറി വെളുത്തിരുന്നു.**

ഹൃദയത്തിൽ ഏത് സംഗീതമായിരിക്കുമി പ്പോൾ മ്യൂസിക് പ്ലയെറിൽ എന്ന പോലെ മിടിക്കുന്നുണ്ടാവുക?

അപ്രതീക്ഷിതമായി, കയ്യിൽ ഒരു കുട പോലും ഇല്ലാത്തപ്പോൾ പെയ്യുന്ന മഴ പോലെ വിരലു കളിൽ അന്ന് അനുഭവിച്ച അതേ മുറുക്കം, ഒരു ജീവനിറങ്ങുന്നതിന്റെ ചൂട്, ഒരു സ്റ്റെതസ്കോപ്പ് കഴുത്തിൽ മുറുകിയത് പോലെ, അതെന്റെ കഴുത്തിലെ തൊണ്ട കുഴിയിൽ ചടഞ്ഞിരിക്കു ന്ന ജീവന്റെ നിറങ്ങളിലേക്ക് ചൂട് പകർത്തി. എനിക്ക് ശ്വാസം മുട്ടി. ഒന്നനങ്ങാൻ പോലും കഴിഞ്ഞില്ല.

"ഹലോ " പരിചിതമായ ശബ്ദത്തിലേക്ക് എന്റെ കാത് പിളർന്നപ്പോൾ കഴുത്തിലെ ആ സ്റ്റെത സ്കോപ്പിന് അയവ് വന്നു.വിയർപ്പിന്റെ ചെറു മണികൾ വായിൽ കടൽ പോലെ ഉപ്പിച്ചു

"ഡി എന്നെ മനസ്സിലായില്ലേ "

"ആഹ് ആഹ്..സോറി ഞാൻ പെട്ടെന്ന് "

"ഉം..എത്ര നാളായെടി കണ്ടിട്ട്..എന്നിട്ട് ഒരു കുലുക്കവുമില്ലല്ലോ "

ഞാൻ വീണ്ടും ബുദ്ധന്റെ മൗനത്തിലേക്ക് ചുരുങ്ങി. എനിക്കായാളെ...

ഇനിയൊരിക്കലും കണ്ടില്ലെന്ന് വരാം..പക്ഷെ അയാളെ നോക്കാൻ ശ്രമിക്കുമ്പോഴൊക്കെ കഴുത്തിൽ ആ മുറുക്കം, ഒരു സ്റ്റെതസ്കോപ്പ്...

"ഡി വായോ, അന്താളിച്ചു നിൽക്കാതെ, പുറത്തേക്ക് പോകാം "

പുറത്തു കടക്കുമ്പോൾ കാറ്റിന്റെ മെല്ലിച്ച കൈകൾ മുടിയെ പറത്തി കൊണ്ടിരുന്നു. മഞ്ഞച്ചു കിടക്കുന്ന റോഡുകളും കെട്ടിടങ്ങളും. കുമിഞ്ഞു കൂടി കിടന്ന കാറുകൾക്കിടയിലൂടെ പാമ്പുകളെ പോലെ ഞങ്ങൾ ചുറ്റി നടന്നു.

"നിനക്ക് ഒരു ഉഷാറില്ലല്ലോ "

"ഏയ്..അങ്ങനൊന്നുമില്ല "

"ഉം..എന്നാ വേഗം നടക്ക്, നമുക്കെന്റെ കാറിൽ പോകാം "

ഒന്നും പറയാതെ ഞാൻ വെറുതെ നടന്നതേ യുള്ളൂ. തൊട്ടടുത്ത സർക്കസ് കൂടാരത്തിൽ നിന്നും ഉയർന്നു കേൾക്കുന്ന ബഹളത്തിൽ ഞാൻ അയാളെ ഓർത്തു.തിരിഞ്ഞ് നോക്ക ണമെന്ന് കലശലായ കൊതി തോന്നി.

കഴുത്തിൽ വരിയുന്ന സ്റ്റെതസ്കോപ്പിന്റെ മുറുക്കത്തിലൂടെ പതിയെ ഞാൻ അയാളെ നോക്കി. കാറുകളുടെ ഇടയിൽ വെള്ളപ്പൊക്ക ത്തിൽ ഒലിച്ചു പോകാത്ത ആ ഒറ്റവീട് പോലെ അയാൾ അവിടെ നിന്നിരുന്നു. മുറുക്കം കൂടി, ചുമ വന്ന് പൊതിഞ്ഞപ്പോൾ ഞാൻ കഴുത്തു തിരിച്ചു.

വെളുത്ത സ്വിഫ്റ്റിലേക്ക് കയറുമ്പോൾ ഞാൻ പൂർണ്ണമായും നിറങ്ങൾ വറ്റി തീർന്ന ക്യാൻവാ സ് പോലെ വിളറി വെളുത്തിരുന്നു. അവൾ ഗിയറിലേക്ക് കൈകൾ വേഗം ചലിപ്പിച്ച് വണ്ടി തിരിച്ചു. ഉത്തരം പോലെ അയാളവിടെ കുറ്റി പോലെ തറഞ്ഞു നിൽക്കയാണ്. പിന്നെ ഒട്ടും ഒച്ചയില്ലാതെ ഞാൻ ഒന്നു കരയാൻ ശ്രമിച്ചു.

ഏതോ വശ്യമായ പാട്ടിൽ പെട്ടന്ന് മുറിഞ്ഞു പോയ മൗനത്തിന്റെ വിടവിലേക്ക് അയാൾ തെന്നി വീഴുന്നതുമോർത്ത് ഞാൻ....



**അഭിമുഖം** / പി എസ് റഫീഖ് / മാഗസിൻ സമിതി

പ്രശസ്ത തിരക്കഥാകൃത്തും എഴുത്തുകാരനുമായ
പി എസ് റഫീഖുമായി മാഗസിൻ സമിതി നടത്തിയ
അഭിമുഖ സംഭാഷണത്തിൽ നിന്ന്

# എഴുത്തും ജീവിതവും

**എഴുത്തുകാരൻ ആകുന്നതിനു മുൻപ് ജീവിതം എങ്ങനെ ആയിരുന്നു ? അല്ലെങ്കിൽ എഴുത്തുകാരൻ ആകുന്നതിനു മുൻപും ശേഷവും ജീവിതത്തിൽ ഉണ്ടായ മാറ്റം?**

സാധാരണക്കാരായ മാതാപിതാക്കൾക്ക് ജനിച്ച സാധാരണ കുടുംബത്തിൽ ജീവിച്ച വളർന്ന ആളാണ് ഞാൻ . വലിയ കൂട്ടുകുടുംബം. എഴുത്തുകാരൻ ആവണം എന്നൊന്നും ഒരിക്കലും വിചാരിച്ചിട്ടില്ല . അത് എന്നിലേക്ക് വന്നു ചേർന്നതാണ്. എഴുത്തുകാരനാവുന്നതിന് മുമ്പ് പ്രാരാബ്ധവും നിഷ്കളങ്കതയും നിറഞ്ഞതായിരുന്നു ജീവിതം എങ്കിൽ ഇന്ന് അതിന് ഒരുപാട് മാറ്റം ഉണ്ട്.

**ലോകം മുഴുവൻ അടഞ്ഞുകിടക്കുന്ന അവസ്ഥയിൽ ഞാനുൾപ്പെടെ ഒരു എഴുത്തുകാരനും നന്നായി എഴുതുവാൻ സാധിച്ചിരുന്നില്ല. ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം ലോകം ഉണർന്നു കിടന്നാൽ മാത്രമേ അയാൾക്ക് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളൂ.**

തിരക്കഥ ഒരു സ്വതന്ത്ര ആവിഷ്കാരമാണ്. കഥ മറ്റൊരു ആവിഷ്കാരമാണ്. കഥയും തിരക്കഥയും പോലെ തന്നെ സിനിമയും ആവണം എന്ന് ശഠിക്കാൻ പാടില്ല. കഥ ഒരൊറ്റ ആളിനെ ആശ്രയിച്ചാണ്. സിനിമ ഒരു വലിയ കൂട്ടത്തെയും

**ചെറുപ്പകാലം മുതലേ എഴുതിയിരുന്ന ആളാണോ?**

ഒരുപാട് എഴുതിയിട്ടുണ്ട്. കഥകളും നാടകവും കവിതകളും. എല്ലാം എഴുതാൻ ശ്രമിച്ചിട്ടുണ്ട്. എഴുത്താണ് ജീവിതമാർഗം എന്നറിയുന്നത് കുറെ കഴിഞ്ഞിട്ടാണ്.

**എഴുത്തും ജീവിതവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു ?**

ജീവിതത്തിനെ മാറ്റി നിർത്തിയിട്ട് ഒരിക്കലും എഴുതാൻ കഴിയില്ല. എഴുത്തും ജീവിതവും തമ്മിൽ വളരെ ബന്ധപ്പെട്ടിരിക്കുന്നു. എഴുത്ത് ഉണ്ടാകുന്നത് ജീവിതത്തിൽ നിന്ന് തന്നെയാണ്. ചുറ്റുപാടിൽ നിന്നൊക്കെ തന്നെ ജീവിതം എഴുത്തായി മാറുമ്പോൾ അതിന്റെ ഘടനയിൽ വ്യത്യാസം വന്നേക്കാം.

**കോവിഡ് കാലം എഴുത്തുകാരിലും സിനിമാ മേഖലയിലും ഉണ്ടാക്കിയ മാറ്റം?**

കോവിഡ് കാലം എല്ലാ മനുഷ്യരിലും മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാട് ചിന്തിക്കാനും കഴിഞ്ഞ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാനും, കോവിഡ് കാലം പഠിപ്പിക്കുന്നുണ്ട്. ലോകം മുഴുവൻ അടഞ്ഞുകിടക്കുന്ന അവസ്ഥയിൽ ഞാനുൾപ്പെടെ ഒരു എഴുത്തുകാരനും നന്നായി എഴുതുവാൻ സാധിച്ചിരുന്നില്ല. ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം ലോകം തുറന്നു കിടന്നാൽ മാത്രമേ അയാൾക്ക് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുകയുള്ളൂ. വ്യക്തിപരമായും ഒരുപാട് പ്രയാസങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്.

**സിനിമയിലേക്കുള്ള കടന്നുവരവ് എങ്ങനെയായിരുന്നു ?**

വളരെ യാദൃശ്ചികമായിരുന്നു. ഒരുകൂട്ടർ സിനിമ ചെയ്യുന്നുണ്ടെന്ന് ഒരു സുഹൃത്ത് വിളിച്ചു പറഞ്ഞതനുസരിച്ച് അങ്ങോട്ട് പോവുകയും അവരുമായി സംസാരിക്കുകയും അങ്ങനെ എന്റെ ആദ്യസിനിമ സംഭവിക്കുകയുമായിരുന്നു.

**'തൊട്ടപ്പൻ' പോലെയുള്ള സാഹിത്യകൃതികൾ സിനിമയാക്കുമ്പോൾ അനുഭവപ്പെടുന്ന ആശങ്കകൾ എന്തെല്ലാമായിരുന്നു?**

തിരക്കഥ ഒരു സ്വതന്ത്ര ആവിഷ്കാരമാണ്. കഥ മറ്റൊരു ആവിഷ്കാരമാണ്. കഥയും തിരക്കഥയും പോലെ തന്നെ സിനിമയും ആവണം എന്ന് ശഠിക്കാൻ പാടില്ല. കഥ ഒരൊറ്റ ആളിനെ ആശ്രയിച്ചാണ്. സിനിമ ഒരു വലിയ കൂട്ടത്തെയും. കഥ മോശമാണെങ്കിൽ അത് എന്നെ മാത്രമേ ബാധിക്കുകയുള്ളൂ. പക്ഷേ സിനിമ

മോശമായാൽ അത് ആ കൂട്ടത്തെ മുഴുവൻ ബാധിക്കും. അതിന്റേതായ എല്ലാ സംഘർഷങ്ങളും ഉണ്ടായിരുന്നു. എങ്കിലും അതിന്റെ ആത്മസത്ത ചോർന്നുപോകാതെ നോക്കിയിട്ടുണ്ട് .

**കലകൾക്കുള്ളിലെ രാഷ്ട്രീയത്തെക്കുറിച്ച് പറയാമോ ?**

എല്ലാത്തിലും രാഷ്ട്രീയം ഉണ്ട് . രാഷ്ട്രീയം എനിക്കില്ല എന്ന് വാദിക്കുന്നവരും രാഷ്ട്രീയത്തിന് അകത്തു നിന്നാണ് സംസാരിക്കുന്നത്. എന്നെ സംബന്ധിച്ച് രാഷ്ട്രീയം ഞാൻ ചെത്തി പറയാതിരിക്കും. കാണുന്നവർക്ക് തോന്നിയാൽ മതി അതിൽ രാഷ്ട്രീയം കിടപ്പുണ്ടെന്ന്. രാഷ്ട്രീയം ഉണ്ടെങ്കിലും ഇല്ലെങ്കിലും കാണുന്നവർക്ക് അതിൽനിന്ന് അനുഭൂതി കിട്ടിയാൽ മതി.

**എല്ലാവരുടെ ഉള്ളിലും രാഷ്ട്രീയം വേണം എന്ന് തോന്നുന്നുണ്ടോ ?**

തീർച്ചയായും അതൊരു കക്ഷിരാഷ്ട്രീയം ആയിരിക്കണമെന്നില്ല . ഭൂമിയുടെ പേരിൽ ഒരു രാഷ്ട്രീയമുണ്ട് , പരിസ്ഥിതിക്ക് രാഷ്ട്രീയം ഉണ്ട്, ഒരു പെൺകുട്ടി അസമത്വം നേരിടുന്നത് തുറന്നു പറയുകയാണെങ്കിൽ അതിൽ ഒരു രാഷ്ട്രീയമുണ്ട് ഉണ്ട്. ഓരോ നിലപാടിലും രാഷ്ട്രീയമുണ്ട് അത് പക്ഷേ ഒരു പാർട്ടിയുമായി കൂട്ടി കെട്ടൽ ആവുന്നില്ല.

**സമൂഹത്തിലെ അനീതിക്കെതിരെ എഴുതുന്നവരെ ഫാസിസ്റ്റ് ഭരണകൂടങ്ങൾ ഇല്ലായ്മ ചെയ്തു കൊണ്ടിരിക്കുകയാണ് ഇതിനെതിരെ എഴുത്തുകാർ സ്വീകരിക്കേണ്ട നിലപാട് ?**

തീർച്ചയായും കലയും സാഹിത്യവും എല്ലാം ജനങ്ങൾക്കൊപ്പം ആയിരിക്കണം. ഫാസിസ്റ്റുകളോടൊപ്പം അല്ല . നല്ല മനുഷ്യനെ യൂണിഫോമിറ്റിയിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. ധാരാളം അടിച്ചമർത്തലുകൾ !!! മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി എഴുത്തുകാർ ഉൾപ്പെടെ എല്ലാവരും ശബ്ദിക്കേണ്ടതാണ് .

**അസ്സാബി കോളേജിലെ ഒരു പൂർവ്വ വിദ്യാർത്ഥി എന്ന നിലക്ക് അന്നത്തെ കോളേജ് ദിനങ്ങളെ പറ്റി പറയാമോ?**

കോളേജ് ജീവിതം ഒരുപാട് ആസ്വദിക്കാൻ പറ്റിയ ഒരു വ്യക്തിയല്ല ഞാൻ. ചുറ്റുപാടും, ദാരിദ്ര്യവും, പ്രയാസങ്ങളും അതിന് അനുവദിച്ചിരുന്നില്ല വലിയ കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികൾ ഉണ്ടായിരുന്നു അവരുടെ മുന്നിൽ ഒക്കെ തീരെ ചെറുതാവുന്നത് പോലെ തോന്നും.

**ഈ നാട്ടുകാരൻ എന്ന നിലയ്ക്ക് അസ്സാബി കോളേജിൽ ഇന്ന് ഉണ്ടായ മാറ്റം?**

കെട്ടിടങ്ങൾക്ക് അല്ല നിലപാടുകൾക്ക് ആണ് കൂടുതൽ മാറ്റം വന്നിരിക്കുന്നത്, വരേണ്ടതും. പുതിയ വിദ്യാർത്ഥികൾ ഡിജിറ്റൽ ഇന്ത്യയിലാണ് അവർ അതിനോട് സംവദിച്ചു കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് ഉണ്ടാവാതിരുന്ന പലകാര്യങ്ങളും അവർക്ക് ഇന്ന് ലഭ്യമാണ് അതുമൂലം പ്രകടമായ മാറ്റം കാണാനാവും.

**ആണും ആണും അല്ലെങ്കിൽ പെണ്ണും പെണ്ണും തമ്മിലുള്ള അനുരാഗത്തെ എങ്ങനെ നോക്കി കാണുന്നു?**

എല്ലാ മനുഷ്യരുടേയും രുചികൾ വ്യത്യസ്തമാണ് പൊതുവായ ചില സവിശേഷതകൾ ഒഴിച്ച് നിർത്തിയാൽ ഓരോ മനുഷ്യനും

**എല്ലാത്തിലും രാഷ്ട്രീയം ഉണ്ട് . രാഷ്ട്രീയം എനിക്കില്ല എന്ന് വാദിക്കുന്നവരും രാഷ്ട്രീയത്തിന് അകത്തു നിന്നാണ് സംസാരിക്കുന്നത്.**

**കലാലയ രാഷ്ട്രീയം വേണം എന്നാണ് എൻറെ അഭിപ്രായം. പഠിക്കുകയാണ് എന്ന് വെച്ച് രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്ന് പറയാൻ പറ്റില്ല.**













നല്ല രീതിയിൽ തന്നെ വ്യത്യാസപ്പെട്ടിരിക്കുന്ന ഒരാണിന് ആണിനോടും പെണ്ണിന് പെണ്ണിനോടും പ്രണയം തോന്നുന്നതൊക്കെ ജനിതകമാണ് കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല . അതിനെ അംഗീകരിക്കേണ്ടതാണ്. പല രാജ്യങ്ങളും അതിനെ അംഗീകരിച്ചു ഇന്ത്യയിലും ഈ അടുത്തിടെ അത് അംഗീകരിച്ചതാണ്.

**'ആമേൻ', 'തൊട്ടപ്പൻ', 'തൃശ്ശിവപേരൂർ ക്ലിപ്തം' തുടങ്ങിയ താങ്കളുടെ സിനിമകളിൽ ഗ്രാമീണ ഭംഗിയും ഗൃഹാതുരത്വവും തനത് തദ്ദേശ ഭാഷകളും ഒട്ടും ഭംഗി ചോരാതെ ചിത്രീകരിച്ചു കണ്ടിരുന്നു, താങ്കളുടെ മനസ്സിലെ ഗൃഹാതുരത്വ സങ്കല്പമാണോ സിനിമയിലൂടെ പുറത്തുവരുന്നത് ?**

നമ്മൾ ജീവിക്കുന്ന ചുറ്റുപാടും സാഹചര്യങ്ങളും നമ്മുടെ കലാസൃഷ്ടിയിൽ വരും. ഞാൻ ഗ്രാമപ്രദേശങ്ങളിൽ ജീവിച്ച ഒരാളാണ് എൻറെ മാതാപിതാക്കൾ , എന്റെ സുഹൃത്തുക്കൾ എല്ലാം തീർത്തും ഗ്രാമീണർ ആയിരുന്നു. ഞാൻ ചെയ്ത സിനിമകളിൽ ഗ്രാമ പ്രദേശങ്ങൾ കടന്നുവരുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ഒട്ടും ഭംഗി ചോരാതെ സിനിമകൾ ചിത്രീകരിക്കാൻ സാധിച്ചത്.

## കലാലയ രാഷ്ട്രീയത്തെ കുറിച്ച്

കലാലയ രാഷ്ട്രീയം വേണം എന്നാണ് എന്റെ അഭിപ്രായം. പഠിക്കുകയാണ് എന്ന് വെച്ച് രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്ന് പറയാൻ പറ്റില്ല . 18 വയസ്സിലാണ് വോട്ടവകാശംലഭിക്കുന്നത് അപ്പോഴും നിങ്ങൾ പഠിക്കുകയാണ് അങ്ങനെയിരിക്കുമ്പോൾ കലാലയരാഷ്ട്രീയം വേണ്ടെന്ന് വയ്ക്കുന്നത് ഏത് അർത്ഥത്തിലാണ്. രാഷ്ട്രീയം എല്ലാവർക്കും വേണം, കലാലയ രാഷ്ട്രീയം ഇല്ലാത്തതുകൊണ്ടാണ് വലിയ യൂണിവേഴ്സിറ്റികളിൽ എല്ലാം ഫാസിസ്റ്റ് ഭരണകൂടം അവരുടെ ആശയങ്ങൾ അടിച്ചേൽപ്പിക്കുന്നത്. ഇതെല്ലാം ബ്രേക്ക് ചെയ്യണമെങ്കിൽ രാഷ്ട്രീയം എന്താണെന്ന് കൃത്യമായി മനസ്സിലാക്കുകയും പുതുതലമുറയ്ക്ക് വേണ്ടി നല്ലൊരു രാഷ്ട്രീയക്കാരനെ നിർമ്മിച്ചെടുക്കാൻ കഴിയണം.

നഫീസത്തുൽ മിസ്റിയ കെ.എസ്
3rd Ba.Economics

# ഇരുട്ട്

ഒതുങ്ങിനിൽക്കുക, നിനക്കുപറ്റുന്നത്രയും
അത്രുമല്ലെങ്കിൽ അതിനുമപ്പുറം
നീ നിന്നിലേക്ക് മാത്രമായി ഒതുങ്ങുക
ചുറ്റുമുള്ളതൊന്നും വിക്ഷിക്കാതെ
കണ്ണടക്കുക നീ............
നിനക്കതായിരിക്കും നല്ലത്

ഒരുപക്ഷേ ഈ ജന്മത്തിൽ
നിനക്ക് കാണാൻ കഴിയുന്ന
നല്ല നിമിഷങ്ങൾ ഇരുട്ടിൽ
കാണാൻ കഴിയും.............
വെള്ളിവെളിച്ചത്തിൽ കാണുന്നതിനുമപ്പുറവും
നിനക്കു ഇരുട്ടിൽ പരതാനാവും

ഇരുട്ടിൽ നീ കരയുന്നതും ചിരിക്കുന്നതും
നിനക്കും ഇരുട്ടിനുമല്ലാതെ
മറ്റൊന്നിനും കാണാൻ കഴിയില്ല......!

നീ ഭയക്കേണ്ട....... നീ തളരേണ്ട......
നിനക്ക് കൂട്ടായ് നിൻറെ ഇരുട്ടുണ്ട്
നിൻറെ സ്വന്തം ഇരുട്ട്!

ഇരുട്ടിൽ നിനക്കു തലചായ്ച്ചുറങ്ങാം
ആ മടിത്തട്ട് ഒരിക്കലും നിനക്കന്യമാവില്ല.........
നിൻറെ മരണത്തിൽ പോലും...........!

നിനക്കു കൂട്ടായി നീ ആരെയും
പ്രതീക്ഷിക്കരുത് ഇരുട്ടിനെയൊഴികെ.............
ഇരുട്ടൊരിക്കലും നിന്നെ തളർത്തില്ല...........
നിന്നെ കൈവിടില്ല
നിനക്കു പറയാനുള്ളതെല്ലാം
ഇരുട്ടിനോട് പറയാം................
ഇരുട്ടിൽ അഭയം പ്രാപിക്കാം !

തെളിഞ്ഞ തടാകത്തിൽ
പൊഴിഞ്ഞുവീണൊരിളം
ഇലപോൽ ചേർന്നൊഴുകാം.............
നിനക്കീയിരുട്ടിൽ............

ഇരുട്ടിനെ പ്രണയിക്കുന്നവർ
വെളിച്ചത്തെ വെറുക്കുന്നവരായിരിക്കും
ഒന്നിരുത്തി പറഞ്ഞാൽ  വെളിച്ചത്തെയല്ല,
വെളിച്ചത്തിൽ മിന്നിമറയുന്ന
മുഖഭാവങ്ങളെയാണ് നാം വെറുക്കുന്നത്..........

ഇരുട്ടിനെ നമുക്കുപ്രണയിക്കാം
മതിവരുവോളം..........
നിലാവുദിക്കുവോളം........

ഇരുട്ടിലെ ഓർമ്മകൾ മായില്ല,
മായിക്കാൻ പറ്റില്ല.........
ഇരുട്ടിൽ നീ നടന്നകലുമ്പോൾ
തനിച്ചല്ല നീ...........
കൂടെയുണ്ടുയെപ്പോഴും ആ..........യിരുട്ട്........!


മിൻസില ഹിലാൽ
സൈക്കോളജിസ്റ്റ് & അസിസ്റ്റന്റ് പ്രൊഫസ്സർ.


# സുഖ നിദ്ര

അവർ വന്നതും പോയതും ഞാൻ അറിഞ്ഞു. എന്റെ നിഴലിനെ ചവിട്ടി അരച്ചവരും, എന്റെ ആത്മാവിൽ തീ ശരങ്ങൾ എയ്തവരും.

ഒട്ടുവിൽ എന്റെ ചേതനയറ്റ ശരീരത്തിന്റെ അവസാന കാഴ്ചക്കാരനും കടന്നുപോയിരിക്കുന്നു.

ഇന്ന്, ബാക്കി വന്ന കുറെ ചോദ്യങ്ങളും, ഞാനും മാത്രം ഈ കല്ലറയിൽ കാഴ്ചക്കാരില്ലാതെ സുഖ നിദ്രയിൽ.




'കുടിയൊഴിച്ചാലേ
നമ്മൾ
കൊടി പിടിക്കൂലേ
പടിയടച്ചാലേ
നമ്മൾ
പട നയിക്കൂലേ'
അജ്ഞ്യത്തെ പൊരുതുന്ന
മനുഷ്യർക്ക്...

## DOSE 2

നടി കിട്ടില്ല,
സ്വർണ്ണം കിട്ടില്ല,
തൊഴിലില്ല,
കൊലവിളിച്ചില്ല...!
നിലകൊണ്ടു മരുപ്പുരവേണ്ടി,
മണ്ണിനുവേണ്ടി...!
ഒന്നും നടന്നില്ല തൈടർ...!
ഒന്നും നടക്കില്ല സ്വാമി
ഇത് കൗശലവേഷക്കർച്ചുകളുടെ
ഒടുക്കം കിട്ടില്ല നീതി
ഇത് കരിനിയമം വാഴുന്നിടം
ഇത് കോർപറേറ്റ് കൊഴുക്കുന്ന നാട്,
തരില്ല നിനക്ക്
ഒരുകച്ചിത്തുരുമ്പു (Straw) പോലും...!
മരണമേ സ്വസ്തി! സ്വസ്തി!
നിനക്കു കനിവില്ലെന്നാരു പറഞ്ഞു?

[illegible]



# ആരുടെ കയ്യിലാണ് ആ ചോര?

മുഹമ്മദ് ഷഹൽ
2nd bsc psychology



കോവിഡ് എന്ന മഹാമാരി ലോകത്തെ പിടിച്ച് കുലുക്കുമ്പോഴും രാജ്യത്തെ ഫാസിസം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഫാഷിസത്തിന്റെ കൈ കൊണ്ട് കൊലചെയ്യപ്പെട്ട വ്യക്തിയാണ് സ്റ്റാനിസ്‌ലോസ് ലൂർദ് സ്വാമി എന്ന പുരോഹിതന്റേത്. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ ജനിച്ച സ്വാമി ജസ്യൂട്ട് പുരോഹിതരിലൂടെ ദൈവ ശാസ്ത്രം പഠിക്കാൻ തുടങ്ങി. അതിന്റെ ഭാഗമായി ബിഹാർ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലൂടെ അദ്ദേഹത്തിന് യാത്ര ചെയ്യേണ്ടി വന്നു. ബിഹാർ അക്കാലത്തെ ഇന്ത്യയിലെ പ്രബലമായ ഇടനാഴിയായിരുന്നു. അവിടെ വച്ചാണ് ആദിവാസി ജീവിതത്തെ കുറിച്ചും അവർ ചൂഷിതരാക്കപ്പെടുന്നതിനെ കുറിച്ചും അറിയുന്നത്. ആദിവാസി ജീവിതത്തിന്റെ പ്രശ്നം നാം

**ഇന്ത്യൻ ഫാഷിസത്തിനെതിരെ ഉയർന്ന ആദ്യ ശബ്ദം ജെ.എൻ.യു. വിലെ വിദ്യാർത്ഥികളുടേതായിരുന്നു. പിന്നീടത് ബുദ്ധിജീവികളിലേക്കും, ആക്റ്റിവിസ്റ്റിലേക്കും, കർഷകരിലേക്കും, തദ്ദേശജനതയിലേക്കും പടരും.**

**ഇന്ത്യൻ ഫാഷിസം ശക്തി പ്രാപിക്കാൻ തുടങ്ങിയ കാലം. രാജ്യമൊട്ടാകെ ഭരണകൂടവിരുദ്ധ സമരങ്ങൾ തുടങ്ങി.**

ഇന്ന് കങ്കാണി പോലുള്ള വാക്കുകൾ കൊണ്ട് മനസ്സിലാക്കുന്ന ഇടനിലക്കാരുടെയും ചെറുകിട ഭൂവുടമകളുടെയും ചൂഷണമായിരുന്നു. ഇന്ത്യയുടെ ശൈശവ കാലമായിരുന്ന അക്കാലത്ത് ആദിവാസി ഊരുകളുടെ ചുറ്റുപാടുകളെക്കുറിച്ചും തങ്ങൾചൂഷണം ചെയ്യപ്പെടുന്ന വഴികളെ കുറിച്ചും സ്വാമി അവർക്ക് പറഞ്ഞു കൊടുക്കാൻ ഈ യാത്ര കാലം ചിലവഴിച്ചു.

അറുപതുകൾ ആണല്ലോ? ലോകമാകെ തദ്ദേശിയ ജനതയുടെ ഉണർച്ച സംഭവിക്കുന്ന കാലമാണ് രണ്ടാം ലോക യുദ്ധം അവസാനിക്കുകയും കൊളോണിയലിസം കടപുഴകുകയും ചെയ്ത കാലം മിക്ക രാജ്യങ്ങളും ജനാധിപത്യത്തിലേക്കും പരിമിത ജനാധിപത്യത്തിലേക്കും, സ്വയം ഭരണത്തിലേക്കും വഴി മാറിയ കാലം. വൈദേശിക വാഴ്ച അവസാനിച്ച സ്വദേശികൾ ഭരിക്കാൻ തുടങ്ങുകയാണ്.
അത് സംഭവിച്ച ഫിലിപ്പീൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ പുത്തൻ അധികാര വർഗത്തിന്റെ ചൂഷണങ്ങൾക്കെതിരെ ജനങ്ങൾ പ്രക്ഷോഭം നടത്തുന്ന കാലം. ബ്രസീൽ പോലെയുള്ള ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ അക്കാലത്ത് ഏറ്റവും ചൂഷണം അനുഭവിച്ചവരായിരുന്നു. ബ്രസീലിന്റെ സമര നായകൻ ആർച്ച് ബിഷപ് ഹെൽദെർ കാമറയിൽ സ്വാമി ആകൃഷ്ടനാവുകയും യഥാർഥ ദൈവവേല ചൂഷിതർക്കായുള്ള സമർപ്പണമാണെന്നത് മനസ്സിലാക്കി.

തൊണ്ണൂറുകൾ ഉദാരവത്കരണത്തിന്റെ കാലമാണല്ലോ? സാമ്പത്തിക പരിഷ്കരണങ്ങളുടെ ആദ്യ ഇന്ത്യൻ ഇരകൾ ഗോത്രജനതയാണ്. അവരുടെ മണ്ണും വിണ്ണും മൂലധനശക്തികളും കയ്യേറാൻ തുടങ്ങിയ കാലം. ചോരയും കണ്ണീരും കലംകുത്തിയൊഴുകിയ രേഖപെടുത്താത്ത ചരിത്രമാണ് ഗോത്രവിഭാഗങ്ങളുടേത്. വനഭൂമിയുടെ അവകാശികളെ അവരുടെ മണ്ണിൽ നിന്നും കുടിയൊഴിപ്പിക്കലിനെതിരെ സമരം ചെയ്ത് സ്വാമി അവർക്കൊപ്പം നിന്നു. സ്വാമി ഒരു കമ്മ്യൂണിസ്റ്റോ, ആക്ടിവിസ്റ്റോ, പരിസ്ഥിതി പ്രവർത്തകനോ, സമര നായകനോ അല്ല സ്വാമി ഉടനീളം ഒരു പുരോഹിതനായിരുന്നു. സമരത്തിനിറങ്ങിയവരെ ഭരണകൂടം ജയിലിലടക്കാൻ തുടങ്ങി. നിയമത്തിന്റെ സങ്കീർണവഴികൾ അവർക്കറിയില്ലായിരുന്നു ജാമ്യം അവകാശമാണെന്നും വിചാരണ തടവ് അവകാശലംഘനമാണെന്നും അവർക്കറിയില്ലായിരുന്നു.സ്വാമി അവർക്കു വേണ്ടി കോടതി കയറി നൂറുകണക്കിന് ജീവിതങ്ങളെ നിയമ കുരുക്കിൽ നിന്നും രക്ഷിച്ചു. സ്വാമിയെ അധികാരികൾ ഭയക്കാൻ തുടങ്ങി..

ഇന്ത്യൻ ഫാഷിസം ശക്തി പ്രാപിക്കാൻ തുടങ്ങിയ കാലം. രാജ്യമൊട്ടാകെ ഭരണകൂട വിരുദ്ധ സമരങ്ങൾ തുടങ്ങി. ഫാഷിസത്തിനെതിരെയുള്ള ലോക ചരിത്രം ശ്രദ്ധിച്ചാൽ ഒരു പാറ്റേൺ തെളിഞ്ഞുകിട്ടും. എല്ലായിടത്തും ഇതിന് ഏറ്റക്കുറച്ചിലുകൾ കാണാൻ കഴിയും. വിദ്യാർഥികൾക്കിടയിൽ രൂപം കൊള്ളുന്ന വിസമ്മതമാണ് ആ പാറ്റേണിന്റെ ഒരു പുറം. ജർമൻ ഫാഷിസത്തിന്റെ ചരിത്രമൊന്ന് പരിശോധിച്ചാൽ വെളുത്ത പനിനീർ പൂക്കളെന്ന് പേരിട്ട ലഘുലേഖ ഓർക്കുക. ഇന്ത്യൻ ഫാഷിസത്തിനെതിരെ ഉയർന്ന ആദ്യ ശബ്ദം ജെ.എൻ.യു. വിലെ വിദ്യാർഥികളുടേതായിരുന്നു. പിന്നീടത് ബുദ്ധിജീവികളിലേക്കും, ആക്ടി








വിസ്സിലേക്കും, കർഷകരിലേക്കും, തദ്ദേശജനതയിലേക്കും പടരും. ഈ പടർച്ചകളെ തുടർച്ചകളാക്കാൻ കഴിഞ്ഞാൽ ഫാഷിസത്തിനെതിരായ സമരം വിജയം കാണും. ഇന്ത്യയിൽ ആ തുടർച്ച ഉണ്ടായില്ല സമരകോലാഹളങ്ങൾ അടിച്ചമർത്തപ്പെട്ടു . ഇന്ത്യൻ വിസമ്മതത്തിന്റെ പാറ്റേൺ മനസ്സിലാക്കാനും പ്രതിരോധിക്കാനും ഇന്ത്യൻ ഫാഷിസത്തിന് കഴിഞ്ഞു ഒരു വലിയ പരാജയം ഇന്ത്യ അഭിമുഖികരിച്ചു. ആ പരാജയത്തിന്റെ രക്തസാക്ഷിയാണ് സ്റ്റാൻ സ്വാമി.

സ്റ്റാൻ സ്വാമി പലർക്കും ആലോസരമായിരുന്നു. അവർ സ്റ്റാൻ സ്വാമിയില്ലാത്ത ഭൂമി സ്വപ്നം കണ്ടു.

യു. എ. പി.എ, ജയിൽ, രോഗം, ചികിത്സ നിഷേധം എന്നിവയിലൂടെ അവർ ഭൂപടം വരച്ചുതുടങ്ങി. കൊന്നതാണെന്ന് തോന്നാത്ത കൊല നടപ്പാക്കി. വധശിക്ഷയാണെന്ന് തോന്നാത്ത വധശിക്ഷ. എന്നും ഏറ്റവും നല്ല കൊലയാളി ഫാഷിസ്റ്റ് സ്റ്റേറ്റ് തന്നെ. ഏറ്റുമുട്ടൽ മരണത്തിന് പാകമല്ലായിരുന്നു വാക്കല്ലാതെ തോക്കൊന്നുമില്ലാത്ത സ്വാമിയുടെ പ്രസിദ്ധ നിരായുധത്വം. അതിനാൽ മെല്ലെ മാത്രമേ കോശം കോശമായി ആ വൃദ്ധ ശരീരത്തിൽ അവർക്ക് മരണത്തെ പ്രവേശിപ്പിക്കാനായുള്ളൂ. എവിടെയാണ് നാം എന്തു തരം ജീവിതമാണ് നാം ജീവിക്കുന്നത് എന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് സ്വാമിയുടെ മരണം

" ഇങ്ങിനെയായിരിക്കും ഇനി
കൊലകൾ. കോശം കോശമായി
കാത്തിരുന്ന് കാലമൊക്കുമ്പോൾ
മരിക്കാൻ വിടും. ജയിലിൽ ബാക്കിയുണ്ട്
നൂറ് കണക്കിനു പേർ ഇതുപോലുള്ള
മരണം കാത്ത്. കണ്ണുവെച്ചിട്ടുണ്ട്
ആയിരകണക്കിന് വിസമ്മതരെ. മരിച്ച
ശേഷം ഉയർത്താൻ മുഷ്ടികൾ കാത്തുവെക്കുന്ന ശീലം നാം മറ്റേണ്ടതുണ്ട്. ആദരാഞ്ജലികൾ അല്ല ഐക്യദാർഢ്യങ്ങളാണ്
കാലം ആവശ്യപ്പെടുന്നത്. സ്റ്റാൻ
സ്വാമിക്ക് അത് ലഭിച്ചില്ല.
ജീവിച്ചിരുന്നപ്പോൾ മറ്റുള്ളവർക്ക്
അത് ലഭിക്കണം"

(കവി കെ.ജി.എസ് )

നസ്റിൻ
1st Ba English

# കോവിഡിൽ കുലുങ്ങിയ സാമ്പത്തികം ഇനിയും ഉയരേണ്ടയോ?



ലോകം മുഴുവൻ വ്യാപിച്ച കോവിഡ് മഹാമാരി പൂർണമായും സാമ്പത്തിക തകർച്ചയും തൊഴിൽ നഷ്ട്ടവും സമൂഹ്യപ്രതിസന്ധിയുമാണ് ലോകത്തെ എല്ലാ രാജ്യങ്ങളിലും സൃഷ്ടിച്ച കൊണ്ടിരിക്കുന്നത്. ലോകത്തെ നിലവിലുള്ള സാമ്പത്തിക സാമൂഹിക വ്യവസ്ഥിതി തന്നെ മാറ്റിമറിക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഈ വൈറസ് സൃഷ്ടിച്ചകൊണ്ടിരിക്കുന്നത്. ലോകബാങ്കിന്റെ വിലയിരുത്തൽ അനുസരിച്ച് രണ്ടാം ലോക മഹായുദ്ധതിന് ശേഷമുള്ള ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യമാണ് കോവിഡ് സൃഷ്ടിച്ചത്. കൂടാതെ 2020 ൽ ജി.ഡി.പി 4.4 ശതമാനവും ഇന്ത്യയിലെ ജി.ഡി.പി 10.3 ശതമാനവും ഇടിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാം. സാധാരണക്കാരുടെ ജീവിതനില കാര്യമായ മാറ്റങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും കാരണമായി. സംഘടിതമേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സാമ്പത്തികനില ഗുരുതരമാക്കിയെന്നത് സമ്പതികപ്രതിസന്ധിയുടെ വലിയ തെളിവാണ്.

ശമ്പളചെലവിന് പോലും പണം ഇല്ലാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളം 6 മാസം പിടിക്കുന്ന നടപടിയിലേക്ക് നീങ്ങാൻ നിർബന്ധിതമായി. എന്നാൽ ഇന്ന് സാമ്പ

ത്തികനിലയിൽ മാറ്റങ്ങൾ വന്ന് തുടങ്ങി. കോവിഡ് ദിനംപ്രതി കൂടിവരുന്ന സാഹചര്യത്തിൽ ആളുകളുടെ ശ്രദ്ധയും കരുതലും വളരെയധികം നമ്മുടെ ജീവിത സാഹചര്യത്തെ മെച്ചപ്പെടുത്തി. 2019 ഫെബ്രുവരി 15 മുതൽ ശമ്പളം പെൻഷൻ എന്നിവ ഒഴിച്ച് ഒരു ട്രഷറി ബില്ല് ചെക്ക് മുഖേന മാറാവുന്ന പരിധി ഒരു ലക്ഷം രൂപയാക്കി. 2019-20 സാമ്പത്തിക വർഷം മുഴുവൻ ഇത് നില നിന്നു. ഈ സാഹചര്യത്തിൽ നടപ്പിലാക്കിയ ലോക്ക്ഡൗണും മറ്റ് നിയന്ത്രണങ്ങളും സംസ്ഥാന നികുതി വരുമാനത്തിൽ വലിയ ഇടിവ് ഉണ്ടാക്കുകയും ധനസ്ഥിതി പ്രതിസന്ധിയിൽ നിന്ന് തകർച്ചയുടെ വക്കിലെത്തുകയും ചെയ്തു. ലക്ഷകണക്കിന് തൊഴിലാളികളും ചെറുകിട സംരംഭകരും തൊഴിലില്ലാതെ ദുരിതമനുഭവിക്കുന്ന സമയത്ത് സാമ്പത്തിക പ്രതിസന്ധിമൂലം സർക്കാരിന് കാഴ്ചക്കാരായി നോക്കി നിൽക്കേണ്ടി വന്നിട്ടുണ്ട്. ധനസ്ഥിതി മെച്ചമാകാതെ ഒരു രാജ്യത്തിനോ സമൂഹത്തിനോ നിലനിൽപ്പില്ലെന്ന ചിത്രമാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്നത്.

രണ്ടാംലോക മഹായുദ്ധത്തിലുണ്ടായ സാമ്പത്തിക മാന്ദ്യത്തിന് ശേഷം ഇനിയൊരു മാന്ദ്യം ഉണ്ടാകില്ലന്നതായിരുന്നു ശാസ്ത്രജ്ഞരാടക്കമുള്ളവരുടെ വിശ്വാസം എന്നാൽ 2019-20 കാലയളവിൽ ഉണ്ടായ സാമ്പത്തിക മാന്ദ്യം അതിലേറെയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2021ന്റെ അവസാന നാളുകളിൽ ജനങ്ങളുടെ തീക്ഷ്ണമായ ശ്രദ്ധ വലിയ മാറ്റങ്ങൾക്ക് സഹായകരമായി.

കോവിഡ് സാഹചര്യം ഇന്നും നിലനിൽക്കുമ്പോഴും സാമൂഹികവും സാമ്പത്തികമായും ജി.ഡി.പി കണക്കുകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വലിയ പിന്തുണ സാമ്പത്തിക പ്രതിരോധത്തിന് ഊർജമേറി. ഒരു വശത്ത് കോവിഡ് പ്രതിരോധവും മറുവശത്ത് സാമ്പത്തിക മുന്നേറ്റവുമാണ് നാം ഇന്ന് കാണുന്നത്. ഒട്ടേറെ ജീവിതാനുഭവങ്ങളിലൂടെ നമ്മെ കോവിഡ് എന്ന മഹാമാരി കൂട്ടികൊണ്ട് പോയി. സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് ഇനിയും കരകേറാനും കോവിഡ് മഹാവ്യാധിയെ പ്രതിരോധിക്കാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.... നമ്മുടെ ജീവിതത്തിലിനിയും ദുരിതങ്ങൾ ഉണ്ടാകാതിരിക്കട്ടെ.....

**രണ്ടാംലോക മഹായുദ്ധത്തിലുണ്ടായ സാമ്പത്തിക മാന്ദ്യത്തിന് ശേഷം ഇനിയൊരു മാന്ദ്യം ഉണ്ടാകില്ലന്നതായിരുന്നു ശാസ്ത്രജ്ഞരടക്കമുള്ളവരുടെ വിശ്വാസം എന്നാൽ 2019-20 കാലയളവിൽ ഉണ്ടായ സാമ്പത്തിക മാന്ദ്യം അധിലേറെയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.**

ജോസഫ് സ്റ്റീവ്
3rd സൈക്കോളജി

# രാജ്യം സ്വയംവരിക്കുന്ന ഏകാധിപത്യം

ഇന്ത്യ ജനാധിപത്യത്തിന്റെ വഴിയിൽ നിന്ന് ഏകാധിപത്യത്തിലേക്ക് സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു

ഇന്ത്യൻ ജനാധിപത്യത്തിന്റെ  അടിത്തറ ഭരണഘടനയാണ്. ഭരണഘടന പൗരന് നൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കപെടുമ്പോൾ മാത്രമാണ് ജനാധിപത്യം അർത്ഥവത്താകുന്നത്.അവകാശങ്ങൾ പൗരന് ഉറപ്പുവരുത്തേണ്ട  ബാധ്യത ഭരണകൂടത്തിന്റെതാണ്.ഇന്ത്യ ഇക്കാലമത്രയും കാത്ത് സൂക്ഷിച്ച ജനാധിപത്യത്തിൽ നിന്നും ഏകാധിപത്യത്തിലേക്ക്  സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു .

ജനാധിപത്യത്തിനും ഏകാധിപത്യത്തിനും ഇടയിൽ ലോകക്രമത്തിന് അടരുകൾ പലതുണ്ട്. അതിലൊന്നാണ് തിരഞ്ഞെടുക്കപ്പെടുന്ന ഏകാധിപത്യം, അഥവാ വോട്ടവകാശമുള്ള സ്വേച്ഛാധിപത്യം. ഇവിടെ, കാലാകാലങ്ങളിൽ തങ്ങളുടെ ഭരണാധികാരികളെ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ടാവും. പക്ഷെ ഇങ്ങനെ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന



ഭരണകൂടം തങ്ങൾക്ക് വോട്ട് ചെയ്ത ജനങ്ങളു ടെ പൗരാവകാശങ്ങളൊന്നും വകവെച്ചുകൊടു ക്കില്ല. Electral Otograsi എന്ന് ഇംഗ്ലീഷിൽ പറയും. ലോകത്തിലെ ഏറ്റവും വലിയ ജനാധി പത്യ രാജ്യമെന്ന് അവകാശപ്പെടുന്ന ഇന്ത്യ യിൽ ഇപ്പോൾ നിലവിലുള്ളത് Electral Otograsi യാണെന്ന് സ്വീഡനിലെ വി-ടെം ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ആഗോള ജനാധി പത്യ സൂചിക ചൂണ്ടിക്കാണിക്കുന്നു.


സ്വീഡനിലെ ഗോഥൻബർക് സർവകലാശാ ലയിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര ഗവേഷണ സ്ഥാപനമാണ് വി-ടെം ഇൻസ്റ്റിറ്റ്യൂട്ട്. ആഗോള തലത്തിൽ ജനാധിപത്യത്തെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്യു ന്ന ലോകത്തിലെ ഏറ്റവും വലിയ ഗവേഷക സ്ഥാപനമെന്നാണ് അവർ വിശേഷിപ്പിക്കപ്പെ ടുന്നത്. ജനാധിപത്യമെന്ന പദവി ഇന്ത്യക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽ അവർ പ്രതിപാദിച്ചത്.

ലോകത്തിലെ 180 രാജ്യങ്ങളെയാണ് വി-ടെം പഠന വിധേയമാക്കിയത്. അതിൽ ഇന്ത്യ ആദ്യ പകുതിയിൽ നിന്നും അവസാന 50 ശതമാനത്തിലേക്ക് തള്ളപ്പെട്ടു. ജനാധിപത്യ സൂചികയനുസരിച്ച് 97-ാം സ്ഥാനമാണ് ഇന്ത്യക്ക്. സ്വീഡനിലെ വി-ടെം മാത്രമല്ല, മറ്റു രാജ്യാന്തര പഠനങ്ങളും ഇന്ത്യയിലെ ജനാധിപ ത്യം ഭീഷണിയുടെ നിലയിലാണെന്ന് മുന്നറി യിപ്പ് നൽകിയിട്ടുണ്ട്.
ജനാധിപത്യത്തിൽ നിന്ന് ഏകാധിപത്യത്തി ലേക്കുള്ള ഈ യാത്രയിൽ ഇന്ത്യ തനിച്ചല്ല. ലോക ജനസംഖ്യയുടെ 68 ശതമാനവും സ്വേച്ഛാധിപത്യത്തിന്റെ കീഴിലാണെന്ന് വി-ടെം ചൂണ്ടിക്കാണിക്കുന്നു. 87 രാജ്യങ്ങളിൽ Electral Ottograsi നിലനിൽക്കുന്നു. 68 ശതമാനം ജനങ്ങൾ അത് അനുഭവിക്കുന്നു. 14 ശതമാനം ജനങ്ങൾ മാത്രമാണ് സ്വതന്ത്ര ജനാധിപത്യം അനുഭവിക്കുന്നത്. ലോക ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം ഉൾകൊ ള്ളുന്ന 25 രാജ്യങ്ങളിലും ഈ മാറ്റം പ്രകടമാകുന്നു, 260 കോടി ജനങ്ങൾ ഇതിന് ഇരകളായിക്കൊണ്ടിരിക്കുന്നത്.

വ്യക്തിസ്വതന്ത്ര്യത്തിലേക്കും,വ്യക്തിയുടെ ജീവിതത്തിലെ സ്വകാര്യതയിലേക്കും സർ ക്കാർ കടന്നുകയറുന്നു.ഒരു അപ്രഖ്യാപിത




അടിയന്തിരാവസ്ഥക്ക് ജനം സാക്ഷിയാവുന്നു. ലോക ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏകാധിപത്യ ശക്തികൾ പലനാൾ വിജയം കണ്ടത് അവരുടെ ശക്തിയോ, ആക്രമണ ശൈലികൊണ്ടോ മാത്രമല്ല മറിച്ച് തെറ്റ് നടക്കുന്നുണ്ട് എന്നറിഞ്ഞിട്ടും, അനീതി അരങ്ങേറുന്നുണ്ട് എന്നറിഞ്ഞിട്ടും മൗനം പാലിച്ച, പ്രതികരിക്കാതിരുന്ന ജനത്തിന്റെ ബലം കൊണ്ടുമാത്രമാണ് ഏകാധിപതികൾ നീണ്ടനാൾ അധികാരത്തിലിരിക്കുന്നത് ആത്മാഭിമാനം നശിച്ചിട്ടില്ലാത്ത ഒരു സമൂഹ ത്തിന്റെ പ്രഥമ ബാധ്യതയാണ് ഭരണകൂടത്തി ന്റെ ഏകാധിപത്യ നടപടികൾക്കെതിരേ പ്രതികരിക്കുക എന്നത്. അതുകൊണ്ടുതന്നെ ജാഗ്രതയോടും ഒരുമയോടും കൂടെയുള്ള പ്രതിരോധം തീർക്കുവാനും പ്രതികരിക്കുവാനും നാം ബാധ്യസ്ഥരാണ്.





അഭിനന്ദ് ശിവാനന്ദൻ
3rd bsc.psychology

# കറുപ്പ് തീനി കുതിരകൾ

ഉറക്കമില്ലായ്മയിലേക്ക്
വീണ്ടും ഞാൻ വഴുതുമ്പോൾ
കറുപ്പ്തീനി കുതിരകളുടെ
വാലിളക്കം എന്റെ സ്വപ്നങ്ങൾക്ക്
കൂട്ടിരിക്കുന്നു

എന്റെ മുഷിഞ്ഞ ഞരമ്പുകളിലേക്ക്
ചോരയൊഴുകുന്നതും
നോക്കി ഞാനിരിക്കുന്നു

പിന്നീട്


ഞാൻ നടക്കുകയും
ആ മൂന്നുക്കാലി
എനിക്ക് മുന്നിലൂടെ
ഓട്ടുകയും ചെയ്യുന്നു

പന്തയങ്ങളോടി
ഞാൻ തളരുമ്പോൾ
രാശി പലകയിലെ
കവടികൾ എന്നെ
നോക്കി ചിരിക്കുന്നു

ഇരുണ്ടരാത്രിയിലെ
ചോരയുടെ മണവും
ഇനിയും തുറക്കാത്ത
ചുമരുകൾക്ക് പിന്നിലെ
കാൽപെരുമാറ്റവും
ഒടുങ്ങുന്നില്ല

ചെറുപ്പത്തിലെ നാവേറുപാട്ടും
അടുപ്പിലെ വറ്റൽ മുളകിന്റെ
പൊകച്ചിലുമണവും
നെഞ്ചുനീറ്റുന്നു

കാവും കുളവും
ഗന്ധർവനും യക്ഷിയും



പിന്നീട്

പിരാകി പ്രാന്ത്പിടിച്ച്
വീണ്ടും വീണ്ടും
പകർത്തിയെഴുതുന്നു
ഓരോ വരികളിലും നിറയുന്നത്
നിന്റെ ഗന്ധമാണ്


എഴുതിച്ചേർത്ത വരികൾ
പുലബന്ധമില്ലാത്തതും
തമ്മിലിണങ്ങാത്തതുമായിട്ടും
നീയെന്തിനാണ് ഉറക്കെപ്പാടി
എന്റെ ഉറക്കംകെടുത്തുന്നത്

പി.എം. ഇഫാദ്
3rd b.com cooperation

# ചാവുകൊതിപ്പോർ

പിച്ചിച്ചീന്തി കിടന്ന ചന്ദ്രന്റെ വെള്ളി വെളിച്ചത്തിൽ, ഭൂമിയുടെ കയ്പ്പുള്ള മണ്ണിലേക്ക്, കണ്ണ് തുറിപ്പിച്ച്, തീട്ടമൊലിപ്പിച്ച്, മര കൊമ്പില് തൂങ്ങിയ പത്രോസിനെ മേരി ശവത്തണുപ്പില് തൊട്ടറിഞ്ഞു, പിന്നെ ഉപ്പിന്റെ മണമുള്ള കരച്ചിൽ തൊണ്ട തൊടാതെ വിഴുങ്ങി...

ഇല ചാർത്തിന്റെ നരച്ച പച്ചയെ തിളപ്പിച്ചിട്ട വെയിൽ സ്വർണ്ണ വർണ്ണമാക്കുന്ന നേരത്തിലായിരിക്കും മേരി ഉച്ചി തൊട്ട് കാലിന്റെ അടി വരെ വിയർപ്പിച്ച് നേടിയ ഒരു പൊട്ടിയ ബക്കറ്റ് വെള്ളത്തിൽ ജോസൂട്ടിയെ കുളിപ്പിക്കുന്നുണ്ടാവുക. സൂര്യനവന്റെ ശരീരത്തിൽ നിന്നും കൊഴിച്ചിടുന്ന മഞ്ഞ സർപ്പങ്ങൾ ഇഴഞ്ഞ് കേറി ജോസൂട്ടിയുടെ കറുത്ത മേനിയിൽ വെളിച്ചം വിഷം പോലെ കൊത്തിയിറക്കുമ്പോ അവന് തേനിന്റെ നിറമായിരിക്കും. അത് കണ്ട് മേരി ഉള്ളോണ്ടും, വലത്തെ കോണിൽ പൊട്ടിയ ചുണ്ട് കൊണ്ടും അവനെ ഉമിനീരിന്റെ ചൂട് പകർത്തി ചുംബിക്കും. അവന്റെ എല്ലുന്തിയ മുതുകത്ത് സോപ്പ് തേപ്പിക്കുമ്പോ അവളുടെ കണ്ണ് വിറക്കും, വെള്ളം നിറയും, ഈ ചെക്കനെ ഒന്നു പുഷ്ടിപ്പെടുത്താൻ തന്റെ കയ്യിലൊന്നുമില്ലെന്ന് പിടയും. ബക്കറ്റിലെ തവളപ്പൊട്ടുകൾ നിറഞ്ഞ മഞ്ഞ കലർന്ന വെള്ളം അവന്റെ പല്ലുന്തിയ വായിലേക്ക് കുത്തി തിരുകി തേപ്പിക്കുമ്പോ തന്റെ ചക്കര മോൻ വല്യതായിട്ട് തന്നെ ഒരീസെങ്കിൽ ഒരീസം മീനും കൂട്ടിയൂട്ടുമെന്ന് അവൾ കണ്ണിലും കരളിലും സ്നേഹം നിറച്ച് നിനച്ചിരിക്കും. പാലത്തിനപ്പുറത്തുള്ള കുറ്റിക്കാട് കടന്ന് ചേമ്പിന്റെ താള് പറിച്ചിട്ട് എന്നും കാലത്ത് കോളനിയുടെ പടിഞ്ഞാറേ മൂലയില് അടുപ്പ് കൂട്ടി മുളകും മഞ്ഞളും ഇച്ചിരി പടിയോളം ചേർത്ത് ഇളക്കുമ്പോ തന്നെ നുറുക്കിയിട്ടെങ്കിൽ ലേശം ഇറച്ചി തന്റെ മോനെ തീറ്റിക്കണമെന്ന് ആലോചിക്കാത്ത നേരം മേരിക്കില്ല. കുറച്ച ദിവസം മുമ്പുള്ള, നിലാവി



**പത്ത് വയസ്സുണ്ടേലും അവനെ അവള് തന്നെയേ കുളിപ്പിക്കത്തൊള്ളൂ, അതിനിയിപ്പോ ആരൊക്കെ വേണ്ടാതീനം പറഞ്ഞാലും അവളാ ഒച്ച ചെവിയില് തുണി കത്തി തിരുകി കളയുന്ന മെഴുക്കിനൊപ്പം അങ്ങ് കളയും.**

**രാത്രിയുടെ വിലുകൾ പതിയെ തൊട്ടുതൊട്ട് ജോസൂട്ടിയെ മേരീടെ ചൂടിലേക്ക് ഉറക്കത്തിനൊപ്പം നള്ളി വിടും.**

ന്റെ നീല വെളിച്ചം കടുക് താളിച്ചിട്ട ഒരു രാത്രിയാണ് ജോസൂട്ടിക്ക് കോളനിയുടെ പടിഞ്ഞാറേ പുറത്തെ കൂട്ടിയിട്ട കച്ചറ കൂമ്പാരത്തിന് അടുത്ത് നിന്ന് ഒരു ചത്ത കാക്കയെ കിട്ടിയത്, അത്ഭുതമതല്ല അതിന്റെ രാത്രി പോലെ കറുത്ത കൊക്കിന്റെ ഇടയിൽ ഒരു കുഞ്ഞ് കളിപ്പാട്ട കാർ ട്രാഫിക്കിൽ ചുവന്ന വെളിച്ചം കണ്ടാലെന്ന പോലെ വിറങ്ങലിച്ച കിടന്നിരുന്നു. അന്ന് മുതൽ അവനത് താഴെ വെച്ചിട്ടില്ല. മേരീടെ പുറം റോഡാക്കിയും അവന്റെ തന്നെ കൈ മൈതാനമാക്കിയും അവനാ കാറിനെ മാംസത്തിലൂടെ ഓടിപ്പിച്ചു കൊണ്ടിരുന്നു .കുളിക്കുമ്പോഴും അവനത് താഴെ വെക്കാതെ കുനിഞ്ഞ് നിന്ന് കൊണ്ട് അവളുടെ വിയർത്ത മുതുകിൽ ഓടിപ്പിച്ചു കൊണ്ടിരുന്നു.

പത്തു വയസ്സുണ്ടേലും അവനെ അവള് തന്നെയേ കുളിപ്പിക്കത്തൊള്ളൂ, അതിനിയിപ്പോ ആരൊക്കെ വേണ്ടാതീനം പറഞ്ഞാലും അവളാ ഒച്ച ചെവിയില് ഉണി കുത്തി തിരുകി കളയുന്ന മെഴുക്കിനൊപ്പം അങ്ങ് കളയും. കോളനിയിൽ നിന്ന് ആകാശപ്പാതയുടെ കൈവരിയിലൂടെ നോക്കിയാൽ അപ്പുറത്ത് ആകാശത്തിന്റെ വെളുത്ത് തുടുത്ത കവിൾ ചുംബിച്ച് നാണിപ്പിക്കുന്ന പന പോലത്തെ ഉയർന്ന കെട്ടിടങ്ങൾ കാണാം. ആകാശപ്പാത മുതൽ അങ്ങേതലക്ക് നിന്ന് തുടങ്ങുന്ന പാടത്തിന്റെ അതിര് വരെ ഏതോ രാക്ഷസക്കരണ്ടി കൊണ്ട് കോരിയെടുത്ത കുഴി പോലെ താഴ്ന്നും കുഴിഞ്ഞും കിടക്കയാണ്. അവിടെയാണ് കോളനി. മഴക്കാലത്തിന്റെ നനഞ്ഞ മാസങ്ങളിലേക്ക് ഘടികാരത്തിന്റെ മുള്ളുകൾ മുക്കി നിരങ്ങിയെത്തുമ്പോ റോഡിലെ വെള്ളം മുഴവൻ ഒലിച്ച് വന്ന് കോളനിയുടെ ഓട നിറഞ്ഞ് കൊതുവിന്റെ കുഞ്ഞുമക്കളെ പരത്തും. മൂക്ക് പൊത്തിക്കുന്ന മണത്തിലേക്ക് കോളനിയിലെ ആളുകൾ തണുപ്പിന്റെ വെരുകിനെ ആട്ടിയോടിച്ചുകൊണ്ട് കിടന്നുറങ്ങുമ്പോഴും വലിച്ചിട്ട ടാർപ്പോളിന്റെ വിടവിലൂടെ മഴയുടെ നനഞ്ഞ നാവുകൾ അവരുടെ മേനി നക്കി വടിക്കുകയാവും.

അപ്പോഴെല്ലാം മേരി അപ്പുറത്തെ ദിവാകരന്റെ മഴപ്പാട്ടുകളെ വെറുക്കാറുണ്ട്. ഈ സമയത്തെല്ലാം പായേല് തിരുത്തിക്കുറിച്ച ചരിത്രം പോലെ മെലിഞ്ഞുണങ്ങിയ രണ്ട് ശവങ്ങളായി മേരിയും ജോസൂട്ടിയും നിലത്തോട് അമർന്ന് ചേരും.
രാത്രിയുടെ വിലുകൾ പതിയെ തൊട്ടുതൊട്ട് ജോസൂട്ടിയെ മേരീടെ ചൂടിലേക്ക് ഉറക്കത്തിനൊപ്പം നള്ളി വിടും. ഈ രാത്രിയിലും ഉറക്കത്തിന്റെ വീഞ്ഞിനെ കുടിച്ച് തുപ്പി ജോസൂട്ടി സ്വപ്നങ്ങളുടെ വർണ്ണ വെറിയിലൂടെ കാറിനെ ഓടിപ്പിച്ചു കയറ്റി. ഇരുട്ടിന്റെ കണ്ണിലൂടെ, തലയിൽ പൂത്ത ഇടങ്ങളിലൂടെ അവനെ അവൻ തന്നെ കാറുമായി പായിച്ചു. കൺപീലി പോലെ നിറഞ്ഞ മരങ്ങളുടെ ഇടയിൽ പെട്ട് അവന്റെ ഓട്ടത്തിന് കൊളുത്ത് വീണപ്പോ കർത്താവ് കുരിശിന്റെ താഴെ കിതച്ച് ഇരിക്കുന്നതാണ് കണ്ണിൽ പെട്ടത്.

പെട്ടെന്ന്, വഴി തെറ്റി പോയ ആടിനെ കുരുക്കിട്ട് പിടിക്കുന്ന കർത്താവിന്റെ ജനിമൃതികളുടെ നരച്ച താടിരോമം അവനെ പിന്തുടർന്നപ്പോൾ ദൈവങ്ങൾ



പോലും കടക്കാത്ത അശുദ്ധിയുടെ ഇരുണ്ട കോളനിയുടെ മൂലയിലേക്ക്, സ്പർശനമേറ്റ തൊട്ടാവാടിയെ പോലെ അവൻ ചുരുങ്ങി തീർന്നു. അറച്ച് നിന്ന കർത്താവ് ഓടയുടെ വെള്ളത്തിലേക്ക് വേര് പിടിച്ച ചെടിയുടെ പടർപ്പിലൂടെ മുകളിലേക്ക് കടന്നു കയറി. അതിൽപ്പിന്നെ ജോസൂട്ടി കർത്താവിനെ വിളിച്ചിട്ടില്ല, മുട്ടിപ്പായി നിന്ന് മുന്തിരി തോപ്പുകളെ ആഗ്രഹിച്ചിട്ടുമില്ല. പിറ്റേന്ന് പുലരീടെ വെളിച്ചം കീറി പുറത്ത് വന്നപ്പോ ജോസൂട്ടീടെ കയ്യില് കാറുണ്ടായിരുന്നില്ല. ഏതോ സ്വപ്നത്തില് മറന്നു വെച്ചൂന്ന് അവൻ മേരിയോട് കൊഞ്ചി. കർത്താവും തന്നെ കൈവിട്ടൂന്നുള്ള അപ്പത്തിന്റെ മണമുള്ള സത്യം അവൻ അവന്റെ കുഞ്ഞു ഹൃദയത്തിൽ കുഴിച്ചിട്ടു.

പണ്ട് ഇത് പോലെത്തെ ഒരു മഴക്കാലത്താണ് ജോസൂട്ടിക്ക് പനി പിടിച്ചത്, പനീന്ന് പറഞ്ഞാ നെറ്റീല് അരിയിട്ടാൽ വെന്ത് പോണ ചൂടുള്ള പനി, അങ്ങനെ തന്നെയാ മേരി കയറു പൊട്ടിച്ചത്.

അമ്മച്ചീ,മിണ്ടാതിരി എന്നൊക്കെ ജോസൂട്ടീടെ വായേന്ന് പനിച്ചൂടുള്ള വർത്താനം പൊട്ടി തെറിച്ച് വീഴുമെങ്കിലും മേരീടെ ഒറ്റ കുഞ്ഞല്ലേയോ, അവളുടെ ചക്കര മോനല്ലേയോ സങ്കടം കാണത്തില്ലേയോ..ആശുത്രീൽ കൊണ്ടോയിട്ടൊന്നും എന്റെ ചെക്കന് പനി മാറുന്നില്ല്യ ന്റെ കർത്താവെ എന്നൊക്കെ ദിവാകരന്റെ മുമ്പില് കെടന്ന് അവള് നേലോളിച്ചിട്ടുണ്ട്. ഇനി ഇപ്പൊ ആ കാണുന്ന ഏമാന്മാരുടെ ആശുത്രീല് കൊണ്ടോവാൻ തനിക്കൊട്ട് ത്രാണീമില്ല എന്ന് തല തല്ലിയിട്ടുമുണ്ട്. എന്ത് പറയാനാ, ദിവസം ചെല്ലും തോറും ജോസൂട്ടി ശൂന്യതയിലേക്ക് എന്ന പോലെ ചുരുങ്ങി വന്നു, ഒരു കാലിന് മുടന്ത് കയറിക്കൂടി, ഞൊണ്ടിയുള്ള അവന്റെ നടത്തം കണ്ടിട്ടൊരു ദിവസം പൂച്ചയെ അറുത്ത് കൂട്ടാനുണ്ടാക്കി തീറ്റിച്ചപ്പോ പിന്നെ ജോസൂട്ടി നിർത്താതെ ഛർദിച്ചു, എന്ത്

**ആശുത്രീൽ കൊണ്ടോയിട്ടൊന്നും എന്റെ ചെക്കന് പനി മാറുന്നില്ല്യ ന്റെ കർത്താവെ എന്നൊക്കെ ദിവാകരന്റെ മുമ്പില് കെടന്ന് അവള് നേലോളിച്ചിട്ടുണ്ട്.**

**ദിവാകരനെ അറിയാൻ പാടില്ലേ, മേരീടെ കെട്ടിയോൻ ചത്തതിൽ പിന്നെ അവളെ നോട്ടം കൊണ്ടേലും സഹായിച്ചിട്ടുള്ളത് അങ്ങോരാണ്, സന്ന്യാസി ആയിരുന്നെന്നാ കേൾവി. ഇതൊക്കെ ആരറിയുന്നു, ഒക്കെ ഒരു തരം മായ അല്ലേന്ന്..**



പണിയാ ന്റെ മേരി ഈ കാട്ടണത് എന്ന് ചുറ്റുള്ളോര് ചോയ്ച്ചപ്പോ പിന്നെ എന്ത് ചെയ്യണോടി കഴുവേറിക ളെ എന്ന് മീശ മുളപ്പിച്ച് പൂച്ചയെ പോലെ മുരണ്ടു. കരുതിച്ചോറ് തിന്ന ജോസൂട്ടിക്ക് വാല് മുളച്ചു.

'ആ മേരീടെ ഒച്ച കേട്ടില്ലേ പൂച്ചേടെ പോലെ'

'അവള് അറുത്ത പൂച്ചേടെ പ്രേതമാടി അത്''

ചുറ്റുള്ള ചില പെൺപിള്ളേര് മുറു മുറുത്തു.

മേരിക്ക് പണ്ട് മുതലേ സൂക്കേടാ..മിക്ക ദിവസങ്ങളിലും പനിച്ചു വിറക്കും .ഒരു പഴം തുണി പോലെ അവൾ എപ്പോഴും വാടി തളർന്നൊരു കിടപ്പാണ്. എന്നിരു ന്നാലും അവൾക്ക് ചെളിയിൽ പണിയെടുത്ത ഓർമ്മ ഉണ്ടത്രേ, പാടത്തിന്റെ ഒടമയുടെ വീട്ടു മുറ്റത്തു കുഴികു ത്തി കഞ്ഞി കുടിച്ചതിന്റെ രുചി നാവിൽ തൂങ്ങി കിടപ്പുണ്ടത്രേ. ഇപ്പൊ എന്റെ മണ്ണ് എവിടെ എന്ന് ദിവാകരനോട് കരഞ്ഞപ്പോ അയാൾ വാക്ക് മറന്ന ഒരിശ്ശുഭ്രമിയായി കുന്തിച്ചിരുന്നു. മൗനത്തിന്റെ ടിക്കറ്റ് കീറപ്പെട്ട് അയാൾ നീണ്ടു നിന്ന നിസ്സംഗതയുടെ തീവണ്ടിയേറി.

ദിവാകരനെ അറിയാൻ പാടില്ലേ, മേരീടെ കെട്ടിയോ ൻ ചത്തതിൽ പിന്നെ അവളെ നോട്ടം കൊണ്ടേലും സഹായിച്ചിട്ടുള്ളത് അങ്ങോരാണ്, സന്ന്യാസി ആയിരുന്നെന്നാ കേൾവി. ഇതൊക്കെ ആരറിയുന്നു, ഒക്കെ ഒരു തരം മായ അല്ലേന്ന്...

കൊറച്ചു നാള് മുമ്പാണ്, ആകാശപ്പാത കടന്ന് കോള നിയിൽ നിന്നും എതിര് ദിശേക്ക് പായണ റോഡിൽ മുളച്ച ഒരു വീട്ടിലേക്ക് വിഴുപ്പലക്കാൻ ദിവാകരൻ വഴി മേരിക്ക് പണി ശരിയാക്കിയത്. അതങ്ങനെ ഒരാഴ്ച്ച പോയി.

പെട്ടന്ന് ഒരു ഉച്ച പൊട്ടുന്ന നേരത്താണ് വിയർപ്പി ന്റെ തിരമാലകളിൽ കുളിച്ച് ആളില്ലാത്തുരുത്തിലൊറ്റ പ്പെട്ട കപ്പൽ കണക്കെ ദിവാകരന്റെ ശ്രദ്ധയിലേക്ക് മേരി കയറി വന്നത്.

'അവര് എന്നെ പറഞ്ഞ് വിട്ട് അണ്ണോ'

'ഉം..എന്നാ പെറ്റിയേടി'

'എനിക്കെന്തോ ഒരു മുഷിഞ്ഞ വാടയാന്നാ അവിടുത്തെ പെ ൺപെറന്നോത്തി പറയിണത്''

അവള് നെലോളിക്കുന്ന സ്വരത്തി ല് പറഞ്ഞ് നിർത്തിയപ്പോ ഉച്ചയുടെ മാറ് പൊട്ടി ഒലിച്ചിറങ്ങിയ വെയിലി ന്റെ ചെറു മീനുകൾ കോളനിമുറ്റത്ത് ചത്തുപൊങ്ങി.

'എനിക്കറിയാമായിരുന്നെടി ഇങ്ങനെ വല്ല കൊനിഷ്ടും പറഞ്ഞ് നിന്നെ ആ കുത്താടിമക്കള് ഒഴിവാക്കുന്ന്, നിന്നെ പറഞ്ഞയ ക്കാൻ പാടില്ലായിരുന്ന്''

'എന്നാത്തിനാ ദിവാകരേട്ടാ ഇങ്ങനെ, എനിക്ക് മട്ടുത്തു, മുഷിഞ്ഞ വാടയാണ് പോലും, സർക്കാര് പോലും ഇങ്ങ് വരാത്ത ത് എന്തെന്ന് ഇപ്പോഴാ തിരിയിണ ത്''

'അത് വിടെടി, പക്ഷേങ്കില് അങ്ങനെ വിടാനും ഒക്കത്തില്ല, നാള് കൊറേ ആയില്ല്യോടി നമ്മളി കോളനീല്. നമ്മളെയോക്കെ അവര് കള പോലെയാന്നെ കാണുന്നെ, പര നാറികള്'

'എനിക്ക് അവരെ തീർക്കണം ദിവാകരേട്ടാ, മനിഷ്യനെ തിരിച്ചറിയാൻ പെറ്റില്ലേങ്കി..'

ഞെരിച്ച പല്ലിലൂടെ തെറി വഴുതി വീണു. പിന്നെ അവള് ക്ഷമിച്ചു.

നിലാവ് പട്ടുമെത്ത വിരിക്കാൻ തുടങ്ങിയപ്പോ രാത്രിയുടെ അൾത്താരയിലേക്ക് കുമ്പസാരിക്കുന്ന മേരിയും കർത്താവിനെ മറന്ന ജോസൂട്ടിയും ചുരുങ്ങി തീർന്നു.

.................................................

അവള് നെലോളിക്കുന്ന സ്വരത്തില് പറഞ്ഞ് നിർത്തിയപ്പോ ഉച്ചയുടെ മാറ് പൊട്ടി ഒലിച്ചിറങ്ങിയ വെയിലിന്റെ ചെറു മീനുകൾ കോളനിമുറ്റത്ത് ചത്തുപൊങ്ങി.

ജോസൂട്ടിക്ക് പതിനാറ് തികഞ്ഞതിന്റെ അന്ന്. ആകാശം ആണേൽ ചോര ചാറിച്ചീഞ്ഞ പോലെ ചുമന്ന് കിടക്കയാണ്, കഫം നിറഞ്ഞ മേഘം. ഓടയിലേക്ക് വേര് പിടിച്ച ചെടിയുടെ ഒരില മിണ്ടാട്ടം മുട്ടിയ ജോസൂട്ടിയുടെ വിരലുകൾക്കിടയിൽ അമർന്നു, പിന്നെ അവന്റെ വായിലെ ഉമിനീരിനൊപ്പം ശയിച്ചു.
കോളനീടെ ചൂരും ചാറും നിറച്ച് അവന്റെ ശരീരം കാർമേഘം പോലെയിരുണ്ടു.

പെട്ടന്നാണ് ഒരു നാറ്റവും പേറി കാറ്റിന്റെ ഗർഭത്തിലൂടെ ഒരു ലോറി അലറി കരഞ്ഞ് കോളനീടെ പടിഞ്ഞാറേ മൂലക്ക് ചെന്ന് നിന്ന് കിതച്ചത്, കീഴ് ശ്വാസം പോലെ അതിന്റെ പുകക്കുഴല് വിട്ട് വന്ന കറുത്ത പുകയെ കാറ്റ് പിടിച്ച് അവിടം തേച്ച് പരത്തി. മിന്നലിന്റെ നീല വെളിച്ചം ഒന്ന് കനപ്പിച്ച് പുറകെ ഇടിയുടെ കൈ ഒന്നു വിറച്ചു. ലോറീടെ ഉച്ചിയിൽ കേറി നിന്ന് ഒരുത്തൻ വേസ്റ്റ് പറക്കിയിടാൻ തുടങ്ങിയില്ല അപ്പോഴേക്കും പിഞ്ഞിയ സാരിയിൽ കാറ്റ് പിടിപ്പിച്ച്, കറുത്ത മേനിയെ ഒന്നു കൂടി കറുപ്പിച്ച്, കണ്ണില് ചോരയുടെ ചുവപ്പ് വെള്ളം കോരിയൊഴിച്ച് മേരി വന്നു തുള്ളി.

'എടാ പന്നി, നിന്റെയൊക്കെ ഏമാന്മാരുടെ ബാക്കി ഇവിടുള്ള പാവത്തുങ്ങളുടെ തലേ തന്നെ കൊട്ടണം ലെ..നീയും നിന്റെ പണം തീനികളും കൂടി ഇതൊക്കെ ഇവിടെ തള്ളിത്തള്ളി ന്റെ കൊച്ചിനെ പനി പിടിപ്പിച്ചു..നാറീ'

'പോടീ നായ്'

അവന്റെ പുകല ചൂര് പിടിച്ച ശ്വാസത്തിലൂടെ കുറേ തെറി വാക്കുകൾ കൂടി ചത്തു മലച്ചു.

ഇരുണ്ട് കേറി പുകഞ്ഞ ആകാശത്തിന് കീഴേ അവളുടെ തള്ള വിരലിന് തീ പിടിച്ചു. കൈപ്പിടിയിലുണ്ടായ വാക്കത്തി ഉയർന്ന് താണപ്പോ തമിഴന്റെ ശരീരത്തിൽ നിന്നും ചോരക്കൊഴുപ്പിന്റെ വസന്തം ഇറങ്ങി വരുവായിരുന്നു, ഒന്നു കൂടി വാക്കത്തി പിടഞ്ഞപ്പോ അയാളുടെ തൊണ്ട കീറി പൊളിഞ്ഞ് പ്രാണന്റെ ജമന്തി പൂക്കൾ അഴിഞ്ഞു വീണു.

'എനിക്ക് മുഷിഞ്ഞ വാട ആണല്ലേടാ നായേ'
മേരി അലറി.

'അമ്മച്ചീ' ജോസൂട്ടി ഒറ്റ കുതിപ്പിന് മേരിയുടെ അടുത്തെത്തി അവളെ താങ്ങി പിടിച്ചു.

'ഇവനെ എല്ല്, ഇവന്റെ ഒക്കെ ഏമാന്മാരെയാ തീർക്കേണ്ടത്, നമ്മുടെ ഒക്കെ മേലാളന്മാ

**എല്ലേ തന്നെ ജോസൂട്ടി ഒരു മിണ്ടാട്ടം മുട്ടിയ ചെക്കനാണെന്നാ പൊതു വചനം.**

**ജോസൂട്ടിക്ക് കണ്ണ് നിറഞ്ഞു, ചുണ്ട് വിടർന്ന് ശ്വാസം വലിച്ച് അവൻ അപ്പനെ ചേർത്ത് പിടിച്ച് ചെവി കടിച്ചിട്ട് ഇങ്ങനെ പറഞ്ഞു.**

കഴി കത്തി ചേറില് കഞ്ഞി അന ത്തിയ ഒടമയെ, കൈപ്പാങ്ങിന് കിട്ടിയാ ഞാൻ ഏതവനേം തീർക്കും'

മേരി വിറച്ചു, കറുത്ത മേനിയിലൂടെ പച്ചഞരമ്പുകൾ ഉറഞ്ഞു തുള്ളി, നെറ്റി പൊട്ടി വിയർപ്പൊലിപ്പിച്ച്, മുലയുടെ ഇടുക്കിൽ പറ്റിയ ചോര തുടച്ച് കളയുമ്പോ അവള് കർത്താവിനെ വിളിച്ചില്ല, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് കരഞ്ഞില്ല. ജോസൂട്ടിയെ ചേർത്ത് നിർത്തി അവള് തമിഴന്റെ നുറുങ്ങിയ ശരീരത്തിൽ തറഞ്ഞുനിന്ന നോട്ടത്തെ പറിച്ചു കളഞ്ഞു.

ദിവാകരനെ വിളിക്കാൻ പോയിട്ട് വന്നപ്പോ മേരിയെ അവിടെ കാണാനില്ല. ചോര ചീറ്റി ചുവന്ന നിലം റോസാപ്പൂ പോലെ ചുമന്നു തുടുത്തു കിടന്നു. 'എവിടെടാ നെന്റെ അമ്മച്ചീ'ന്ന് ദിവാകരൻ ഒച്ച പൊളിച്ചപ്പോ ജോസൂട്ടി ലോറിടെ മൂലക്ക് തല തല്ലി കരഞ്ഞു.

'എനിക്ക് പ്രാന്ത് പിടിക്കണ് ദിവാകരേട്ടാ'

മൂരിയെ അറവുശാലയിലേക്ക് വലിക്കുന്ന പിടപ്പോടെ ദിവാകരൻ അവനെ തന്റെ രോമം നിറഞ്ഞ നെഞ്ചിലേക്ക് വലിച്ചടുപ്പിച്ചു . ഒച്ചപ്പാടും ബഹളോം ചുറ്റുമാളുകളും നിരന്നപ്പോ ജോസൂട്ടിക്ക് തലയിലോട്ട് ഒരു ഇരപ്പ് അങ്ങ് കേറി കൊളുത്തി.

എല്ലേ തന്നെ ജോസൂട്ടി ഒരു മിണ്ടാട്ടം മുട്ടിയ ചെക്കനാണെന്നാ പൊതു വചനം. ഏത് നേരോം അവൻ സ്വപ്നത്തില് പകച്ചിരിപ്പാണ്.

പണ്ടൊരുനാള് തന്റെ കളിപ്പാട്ടക്കാറ് കട്ട കർത്താവിനെ അവന് ഇപ്പോഴും ദേഷ്യമാണ്. ഓടയിലേക്ക് വേര് പിടിച്ച ചെടിയെ നോക്കിയിരിക്കും ചില നേരങ്ങളില്, അതിലൂടെ ആകാശത്തേക്ക് പടർന്നു കയറുന്ന അദൃശ്യ മനുഷ്യരെ ഓർക്കും അപ്പോഴൊക്കെ. ജോസൂട്ടിക്ക് കോളനിത്തന്നെ ഒരു കൂട്ടുകാരനുണ്ട്.



വളവള രവിടെ മോൻ അപ്പു.
കോളനീടെ മൂലക്ക് ഒരുമിച്ച് തൂറാനിരിക്കുമ്പോ തുടങ്ങിയ ചങ്ങാത്തമാണ്. വട്ടം വരച്ച് അതിൽ തൂറി മറ്റേ വട്ടത്തിലേക്ക് ഒരുമിച്ച് ചാടുമ്പോ മുഖത്ത് നോക്കി പരസ്പരം ചിരിച്ച് പൂക്കും, നാണിച്ച് ചുവക്കും. ജോസൂട്ടിടെ കാക്കച്ചുണ്ടില് മേരിക്ക് പുറമെ ആദ്യമായി ചുംബിച്ചത് അപ്പുവാണ്, അന്നൊരു ഞായറാഴ്ചയായിരുന്നു. കുങ്കുമ പൊട്ട് കുത്തിയ ആകാശത്തിന് കീഴേ കുറ്റിക്കാടിന്റെ മറവില് രണ്ട് പേരും മറഞ്ഞിരുന്ന് കൈ മുറുകെപ്പിടിച്ചിരുന്നപ്പോ അപ്പൂന്റെ വയറ്റില് ഒരു തുമ്പീടെ ചിറകടിയോളം സുഖമുള്ള നോവ് പടർന്നു.

'ജോസൂട്ടി നമ്മള് വല്യതാവുമ്പം നമുക്ക് കല്ലിയാണം കഴിക്കണം ട്ടോ'

ജോസൂട്ടിക്ക് കണ്ണ് നിറഞ്ഞു, ചുണ്ട് വിടർന്ന് ശ്വാസം വലിച്ച് അവൻ അപ്പൂനെ ചേർത്ത് പിടിച്ച് ചെവി കടിച്ചിട്ട് ഇങ്ങനെ പറഞ്ഞു.

'നമ്മള് കെട്ടിയില്ലേലും എനിക്ക് നീയും, നിനക്ക് ഞാനും'

'നെന്റെ അമ്മച്ചി ചീത്ത പറയുവോടാ ജോസൂട്ടി എന്നെ'

'നിനക്ക് അറിയത്തില്ല്യോടാ എന്റെ അമ്മച്ചി പാവാ'

അപ്പൂന് വയറ്റീന്ന് കുളിര് കേറി ചുണ്ടിലെത്തി നിവർന്നു. ജോസൂട്ടിയുടെ ചകിരി പോലത്തെ മുടിയിൽ വിരലോടിച്ച് അവൻ തന്റെ ചുണ്ട് ജോസൂട്ടിയുടെ ചുണ്ടിനോട് ചേർത്ത് വെച്ചു. രണ്ട് ശ്വാസങ്ങളിലേക്ക് പ്രേമത്തിന്റെ വിത്ത് ഒളിച്ചു കടന്ന് പുളഞ്ഞു. പിന്നെയെല്ലാ ദിവസവും കുറ്റിക്കാടിന്റെ മറവില് അവര് പ്രേമിക്കും. പ്രേമം എന്നൊക്കെ പറഞ്ഞാ കണ്ട് നിക്കുന്നോരുടെ ചെകിള പൂക്കണ പ്രേമം.ര ണ്ടും രണ്ടിനു വേണ്ടി ചങ്ക് പറിക്കും.

'നിനക്കാ അപ്പൂനായിട്ട് എന്നതാടാ' പായേല് കിടക്കുമ്പോ ഒരു ദിവസം മേരി ജോസൂട്ടിയുടെ മുതുക് തലോടി ചോദിച്ചു.

'എനിക്ക് അവനെ ഇഷ്ടാ'

'ആണുങ്ങള് തമ്മിൽ അങ്ങനെയൊള്ള ഇഷ്ടവൊക്കെ പാടുവോടാ'

'ഓ എന്നാ പാടിയാല്, എനിക്ക് ഇഷ്ടാ, അവനും, ഞങ്ങള് കെട്ടും'

മേരിക്ക് ചിരി വന്നു, പിണങ്ങി കിടന്ന ജോസൂട്ടിയെ തന്റെ മാറിലേക്ക് അടുപ്പിച്ച് മേരി പറഞ്ഞു: 'നീ അവനെ പ്രേമിച്ചോടാ, ആർക്ക് ആരെ വേണേലും പ്രേമിക്കാന്നെ, എന്നാലും നെന്റെ അമ്മച്ചിയോളം സ്നേഹിക്കണ്ട കെട്ടാ' അവള് കൊഞ്ചി. ജോസൂട്ടി സന്തോഷം കൊണ്ട് മേരീടെ കവിളില് കടിച്ചു.

'അമ്മച്ചിയെ നോക്കാടാ, നീ നടന്നേ' ദിവാകരൻ വലിച്ചു പിടിച്ച് ജോസൂട്ടിയേം കൊണ്ട് നടന്നു. ഇരുട്ട് ചിതറി വീണ് പുഴയെ നരപ്പിച്ചു തുടങ്ങി. പള്ളിലേക്ക് ഇരക്കുന്ന തണുപ്പ്. കുറ്റിക്കാട് കടന്ന് കുറച്ചുകൂടി നടന്നപ്പോ ഒരു പെരുവിരല് അവന്റെ നെറ്റിയിൽ തട്ടി. മുകളിൽ നിലാവിന്റെ നീലിച്ച വിഷത്തിന് താഴെ മരത്തിന്റെ കൊമ്പിൽ മേരീടെ രണ്ട് തുറിച്ച കണ്ണും നാവും ഇലപ്പടർപ്പ് പോലെ കിടന്നാടി.

..........................................

ആകാശം പഴുത്തു ചീഞ്ഞു. ചലം കണക്കെ മഴയിറങ്ങി. കാറ്റ് കേറിയ ചാറ്റൽ ഇറയത്തെ

**'അമ്മച്ചിയെ നോക്കാടാ, നീ നടന്നേ' ദിവാകരൻ വലിച്ചു പിടിച്ച് ജോസൂട്ടിയേം കൊണ്ട് നടന്നു.**

**തൊണ്ട പൊട്ടി ഒച്ചയെടുത്തെങ്കിലും മറവിയുടെ മുള്ള് കക്കുന്ന മണലിൽ അത് ചോര ചീറ്റി വിറങ്ങലിച്ച് കിടന്നു.**

പായേല് കിടന്ന ജോസൂട്ടിയെ നനച്ചും, തണുപ്പിച്ചും മേരീടെ ചൂടില്ലാത്ത ഇരുട്ടിലേക്ക് തള്ളിയിട്ടു.

3.

പുഴയുടെ വക്കത്ത് പുൽപ്പരപ്പിനെ ചന്തിയമർത്തി തോൽപ്പിക്കുമ്പോ ജോസൂട്ടി അപ്പന്റെ തോളിലേക്ക് ചാരി. നെഞ്ചില് നിന്ന് ഏതോ പാറ പൊട്ടി കണ്ണിലൂടെ ഉറവായൊഴുകി അപ്പന്റെ തോള് നനച്ചു കൊണ്ടിരുന്നു. ജോസൂട്ടിയുടെ മുഖം മെല്ലെ പിടിച്ചുയർത്തി കണ്ണീരിന്റെ ഉപ്പ് രുചിക്കണ ചുണ്ടിൽ ചുംബിച്ച്, ജോസൂട്ടിയുടെ ആത്മാവിൽ പിടച്ചു കൊണ്ടിരുന്ന സങ്കടത്തിന്റെ കുറേ മീനുകളെ ചൂണ്ടയിട്ട് വലിച്ച് ഉള്ളിലേക്ക് നിറച്ചു. പിന്നെയും പിന്നെയും ചുംബിച്ചു. പുഴ വെള്ളത്തിലേക്ക് ചോര നിറക്കണ ആകാശം വെന്തു കിടന്നു.

'എല്ലേലും അവള് ചെയ്തതിലിപ്പോ എന്നാ തെറ്റ് പറയാൻ പെറ്റവോടാ..പകയുണ്ടായിരുന്ന് അവൾക്ക്.. ദാ അപ്പുറത്തുള്ള കൂത്താടികളോടും പിന്നെ ജീവിതത്തിനോടും' ദിവാകരൻ പിന്നെയും ഓരോന്ന് പറഞ്ഞു കൊണ്ടിരുന്നു.

'മതവൊന്നുമെല്ലെടാ. ഇവിടെ ഇപ്പോ ജാതിയല്ലേ വില്ലൻ..നീയും ഞാനുമൊക്കെ തമ്മിൽ എന്നാ വ്യത്യാസമാടാ ഉള്ളേ, നമ്മളും അവരും എന്നാ വ്യത്യാസമാടാ ഉള്ളേ. അവന്മാരുടെ തീട്ടത്തിന്റെ വിലയുണ്ടോടാ നമുക്ക്.. ഇല്ല, ദൈവം പോലും അവരുടെ കൂടെയല്ലേ, നമുക്കുള്ള പൊറുതി ഇവിടെ വേരുറച്ച് പോയി, ഈ ചെളിയില്. ഈ ഓടയില് വിരിഞ്ഞ പൂവും അവരുടെ നെട്ടനീളൻ ഫ്ളാറ്റിനും വീടിനുംകീഴിൽ വിരിഞ്ഞ പൂവിനും ഒരേ മണമാ. എന്നിട്ട് അത് പനിനീരും നമ്മുടേത് വെറും പുല്ലുമായത് എങ്ങനെയാടാ, എല്ലേലും പത്തു രണ്ടായിരം വർഷമായി നമ്മളീ തിരവ് അനുഭവിക്കാൻ തുടങ്ങീട്ട്. തീവണ്ടി മുറികള് എ ക്ലാസ് ബി ക്ലാസ് കമ്പാർട്ട്മെന്റ് ആയി തിരിക്കും പോലെ, ചോരേം നീരും മണക്കണ നമ്മളെ അങ്ങനെ രണ്ട് മൂന്ന് ഭാഗത്ത് ആക്കി നിർത്തിയാ അതി കുറഞ്ഞ് എന്നാ പെഴച്ച കാര്യമാടാ ഉള്ളേ.'

മാഗസിൻ '21
എം ഇ എസ് അസ്മാബി കോളേജ് പി. വെമ്പല്ലൂർ

തൊണ്ട പൊട്ടി ഒച്ചയെടുത്തെങ്കിലും മറവിയുടെ മുള്ള് കക്കുന്ന മണലിൽ അത് ചോര ചീറ്റി വിറങ്ങലിച്ച് കിടന്നു.

'തിരയോ തിര തിരകൾ
കുഞ്ഞിക്കണ്ണും തിരകൾ
അമ്മേടെ, അച്ഛന്റെ
പൊന്നോമന തിരകൾ'

'സെമിത്തേരിയിൽ പറഞ്ഞുറപ്പിച്ച കല്ലറയിലൊന്നുമല്ല, തെമ്മാടി കുഴിയിലാ എന്റെ പാട്ട് ഒറങ്ങാൻ പോണത്.'

'ന്റെ അപ്പനെങ്ങനാ ചത്തത് ദിവാകരേട്ടാ?'

വെന്ത മാംസത്തിന്റെ മണമുള്ള ചോദ്യം വിറച്ചു വീണു. കാറ്റ് പിടിച്ചത് പറന്നു പോയി.

'അത് നിനക്ക് അറിയത്തില്ലയോ

പിന്നെ എന്നാത്തിനാ ചോദ്യം...നെന്റെ അമ്മച്ചീടെ പോലെ തന്നെ, തൂങ്ങീട്ട്'

'എന്നാത്തിന്, അപ്പനെ പെറ്റി പറ ദിവാകരേട്ടാ'

ജോസൂട്ടീടെ ഒച്ച ചിലമ്പി, കണ്ണീന്ന് കണ്ണീര് പെറ്റിറങ്ങി.

'കൊറേ ഒക്കെ പത്രോസ്, നെന്റെ അപ്പൻ, തന്നെ പറഞ്ഞ് കേട്ടതാ, നേരാണാ നുണയാണാ എന്നൊന്നും ഞാൻ ചോദിക്കാൻ പോയിട്ടില്ല. എല്ലേ തന്നെ നേരും നുണയും തീർപ്പ് കല്പിക്കാൻ ഞാൻ ആരാ'

കള്ള് മോന്തിയാലെന്ന പോലെ ലഹരി പിടിച്ച് ദിവാകരൻ പറഞ്ഞ് തുടങ്ങി:

'നെന്റെ അപ്പൻ പണ്ട് തോമാ മൊതലാളീടെ പണിക്കാരനായിരുന്ന്, ഇവനെ മൊതലാളീം കൂട്ടരും കൊറേ കൊള്ളരുതായ്മക്ക് കൊണ്ട് നടന്ന് നാറ്റിച്ചൂന്ന് എന്റെ തോളത്ത് കിടന്ന് കരഞ്ഞിട്ടുണ്ട്. അവിഹിതത്തില് പെറ്റ പെണ്ണിന് കെട്ടിയോൻ ചമയല്, മോട്ടിക്കല്, അങ്ങനെ പലതും. ഗതികേട് കൊണ്ടായിരിക്കവോടാ, എല്ലേ പിന്നെ അവൻ ഇട്ടേച്ചും പോരത്തില്ല്യോ. അവന്മാരിക്ക് ഇവനെ പുച്ഛമായിരുന്നെടാ, അവനത് സഹിച്ചട്ടില്ല, ഒരിക്കലും. ഒരീസം ഇവനെന്നാ ചെയ്തുന്ന് വെച്ചാ, ദൂരെ ഏതോ ഒരു പള്ളീ പോയി മാമോദീസാ അങ്ങ് മുങ്ങി, പത്രോസ് ന്നുള്ള പേരും കൈക്കൊണ്ട്, എങ്ങനാ എന്നൊന്നും അറിയത്തില്ല. മതം മാറിയാ ഇവനെ പിന്നെ ഇച്ചിരി വില കൂട്ടി കാണുമെന്ന് ഇവൻ വിചാരിച്ചുന്ന്. തോമാടെ അടുക്കല് എത്തിയപ്പോ അങ്ങോര് പറഞ്ഞുവത്രെ നീയൊക്കെ എത്ര മുങ്ങിയാലും നിന്റെ ജാതീടെ മുഷിപ്പ് മാറത്തില്ലാന്ന്. അത്രേം നാളും കാല് നക്കിയ പട്ടി തോളുരുമ്മി പള്ളിലിരിക്കിണതും, എടവകേല് ഇങ്ങനൊരു കരിപ്പ് നുളഞ്ഞ് കേറിയതും അവന്മാരിക്ക് സുഖിച്ചില്ല. കലിപ്പ് കേറി ഇവനെ കേറി പണിഞ്ഞു. രണ്ടീസെങ്കിലും ബോധമില്ലാണ്ട് കെടന്നൂന്ന് അവൻ കട്ടായം പറഞ്ഞ്. കലി തീരാണ്ടായപ്പോ നെന്റെ അപ്പന്റെ ഒരു ഒടപെറന്നോൻ ചെക്കനെ മൊതലാളീം കൂട്ടരും കെട്ടിയിട്ട് സുനയിൽ ഗുണ്ട് കെട്ടി വെച്ച് മാറിയിരുന്ന് തിരി കൊളുത്തി. പൊട്ടി ചെതറി ചോര ചീറ്റി അവൻ ചത്തു. കണ്ടറിഞ്ഞ് പത്രോസ് എത്തിയപ്പോഴേക്കും മൊതലാളി കാട്ടീലുള്ള ഫാമിലേക്ക് മാറി. ഇവൻ പക്ഷേങ്കില് തോമാനെ കാട്ടീക്കേറി തീർത്തു. പിന്നെ ഏഴ് വർഷം ജയില്, അത് കഴിഞ്ഞാ അവൻ ഇവിടെ വന്നത്, മേരീനെ കെട്ടിയത്. ഒന്നോ രണ്ടോ വർഷം കഴിഞ്ഞപ്പോ നെന്റെ അപ്പന് വട്ട് എളകി, ഏത് നേരോം പിച്ചും പേയും.. പറഞ്ഞിട്ട് കാര്യമില്ലടാ, പൊട്ടി ചെതറി കിടന്ന ഒടപ്പെറന്നോനേം, കൊറേ മൈര് ജീവിതോം കണ്ടോനാ നെന്റെ അപ്പൻ, ഇളകിയില്ലേലാ അത്ഭുതം. നെന്റെ അമ്മ തൂങ്ങിയ അതേ മരത്തില് ഒരീസം ഞങ്ങ കണ്ട്, ശ്വാസം കിട്ടാണ്ട് പിടഞ്ഞപ്പോ കടിച്ച് പറിച്ച നാവീന്ന് ചോര പൊട്ടി ചുമന്ന വായേം പൊളിച്ചവനൊരു കിടപ്പായിരുന്ന്.. നീ അപ്പൊ മേരീടെ വയറ്റില് ഒന്നും അറിയാണ്ട്...

ആകാശം പഴുത്തു ചീഞ്ഞു. ചലം കണക്കെ മഴയിറങ്ങി.

കാറ്റ് കേറിയ ചാറ്റൽ ഇറയത്തെ പായേല് കിടന്ന ജോസൂട്ടിയെ നനച്ചും, തണുപ്പിച്ചും മേരീടെ ചൂടില്ലാത്ത ഇരുട്ടിലേക്ക് തള്ളിയിട്ടു. വീണ കയത്തില് സ്വപ്നത്തിന്റെ ചൂരറിഞ്ഞ ജോസൂട്ടി മലയടി വാരത്തെ രണ്ടാക്കി മുറിച്ചിടുന്ന പാളത്തിന് ഇരുവശം അപ്പനേം അമ്മച്ചിയേം കണ്ടു.

'തീവണ്ടി വരണിണ്ട് ജോസൂട്ട്യേ'

മേരിയാണ്. കാണാതായ കുഞ്ഞാട് അവളുടെ മടിയില് കുണുങ്ങി കിടപ്പുണ്ടായിരുന്ന്. കർത്താവിന് കൊടക്കുകേലാന്ന് അവള് പിറുപിറുക്കണത് കേട്ട് അവന് ചിരി വന്നു. ഇനീം പോയാലോന്ന് കരുതീട്ടാവും കുഞ്ഞാടിന്റെ കഴുത്തില് മണിയൊച്ച കിലുങ്ങണ ലിംഗം കെട്ടി വെച്ചിട്ടുണ്ടായിരുന്ന്.

**അപ്പനും അമ്മച്ചിയും തൂങ്ങിയ അതേ മരത്തില് ജോസൂട്ടി...**

'ആ ലിംഗം എന്റെ ഒടപെറന്നോന്റെ ആണെടാ, നീ പേടിക്കണ്ട'

മലയിറങ്ങി വന്ന കാറ്റിനെ കൊത്തിനുറുക്കി പായിക്കണ മരത്തിന് താഴേ പാളത്തിന്റെ പുളിച്ച തുരുമ്പ് മണത്തിനടുത്ത് ജോസൂട്ടി ഇരുന്നു.

'ഈ വരണ തീവണ്ടിയില് ഞങ്ങള് പോകും' വാർത്താനം പറയാൻ ചുണ്ട് അനങ്ങിയപ്പോ അപ്പന്റെ ചിരിയുടെ വശത്തിലൂടെ നിലാവൊലിച്ചിറങ്ങി.

'കേട്ടോ നിങ്ങള്, ഇവന് നമ്മടെ വളവളടെ ചെറുക്കനോട് പ്രേമം ആണെന്ന്'

'ആന്നോടാ'

'ഉം' അവൻ മൂളി.

രാത്രീടെ പുതപ്പ് കുടഞ്ഞ് തീവണ്ടിയുടെ കിതപ്പ് കുളിച്ചൊരുങ്ങി വന്നു. പാളത്തിന്റെ ഞരമ്പിലൂടെ തേഞ്ഞൊരഞ്ഞ്, ഓടിയെത്തിയപ്പോ വേഗം വെരണ്ടോടാ എന്നും പറഞ്ഞ് മേരിയും പത്രോസും തീവണ്ടി കയറി. കറുത്ത വെളിച്ചത്തിൽ ഒഴിഞ്ഞു കിടന്ന പാളത്തില് മാംസം പൊളിഞ്ഞ്, മജ്ജയൊലിച്ച്, അസ്ഥി നുറുങ്ങി കോളനിയിലെ ഓടയിലേക്ക് വേരുറച്ചിരുന്ന ചെടി ചത്തു കിടക്കുന്നത് കണ്ടാണ് ജോസൂട്ടി ഒന്നു ഞെട്ടിയത്, പിന്നെ അടുത്ത് ചെന്ന് അത് കയ്യിലെടുത്തു, ഒരു പിഞ്ചു കുഞ്ഞെന്നകണക്കെ ശവക്കച്ച കൊതിച്ച് അത് വിറങ്ങലിച്ച് കിടന്നു. ചക്രത്തിന്റെ കോന്ത്രൻ പല്ലുകൾ ചവച്ചു തുപ്പിയ ചെടിയുടെ വേരിൽ ചോരയുടെ ഉള്ളിപ്പാടുകൾ.

സ്വപ്നത്തിന്റെ തുന്നൽ കെട്ടഴിച്ച് ജോസൂട്ടി കോളനി മുറ്റത്തേക്ക് ഇറങ്ങി നടന്നു. ഓടിയെത്തിയപ്പോ ആ ചെടിയവിടെ ഉണ്ടായിരുന്നില്ല ,പ്രേതം പോലെ ഒരു ഇല മാത്രം കൊഴിഞ്ഞു കിടന്നിരുന്നു. നിലാവിന്റെ ചിതറിയ വെളിച്ചം, വവ്വാലിന്റെ തൂങ്ങിക്കിടപ്പിലൂടെ മറിഞ്ഞു പോയ രാത്രി, ചീവിടിന്റെ ഒച്ചയിലേക്ക് നുറുങ്ങി വീണ ഇടിയൊച്ചകൾ, അതുമാത്രം. എന്തൊക്കെയോ ഏതൊക്കെയോ ഉറങ്ങിയും ഇറങ്ങിയും പോയി. തോട്ട പൊട്ടി വെന്ത പന്നിയെ പോലെ ജോസൂട്ടി പിടഞ്ഞു, ധൃതി കൂട്ടി..

തീവണ്ടി കേറണം, ചങ്കിലേക്ക് ഇരച്ചിറങ്ങിയ ചോരയുടെ കൊഴുപ്പിൽ അവനോർത്തു.

പുലരി വെട്ടിയിട്ട ചക്ക പോലെ വന്നു വീണു.

കാലത്ത് തന്നെ ഈ ചെക്കൻ എവിടെ പോയെന്നും വിചാരിച്ച് അപ്പു കുറ്റിക്കാട് കടന്ന് ജോസൂട്ടിയെ തിരക്കി നടന്നു. വെളിച്ചത്തിന്റെ കയ്യും കാലും എടുത്ത് മാറ്റി വെച്ച്, കൊന്നപ്പത്തലിന്റെ കൈവഴിയിലൂടെ ഒഴുകിയെത്തിയപ്പോ അപ്പു അറച്ചു നിന്നു.

അപ്പനും അമ്മച്ചിയും തൂങ്ങിയ അതേ മരത്തില് ജോസൂട്ടി...

അവന്റെ ഒലിച്ച തീട്ടമണത്തിലേക്ക് കാലം കുത്തിയൊലിച്ചപ്പോ പണ്ട് ചെറുപ്പത്തില് തുറുമ്പോ കൂട്ടായ രണ്ട് ചെറുതുങ്ങള് അപ്പൂന്റെ കരളിലേക്ക് അണച്ചു കയറി. മരത്തിന്റെ അടുത്ത് തന്നെ കിടന്ന ഒരു തിളങ്ങുന്ന കളിപ്പാട്ടക്കാർ എടുത്ത് മേനിയിലൂടെ ഓടിച്ചു കൊണ്ടവൻ പുഴ വക്കത്തേക്ക് നടന്നു.



'പാവപ്പെട്ടവർ
നരകിച്ചപ്പോൾ,
അവരിലെ
അലിവും
പ്രാണനും
കെട്ടൊടുങ്ങിയപ്പോൾ
എന്തു
ചെയ്യുകയായിരുന്നു
നിങ്ങൾ?'

ഒട്ടോ റെനെ കാസ്റ്റില്ലോ

**Akshay P.S**
2nd bsc mathematics



# തുടരുന്ന ഓട്ടം

ഓടുകയായിരുന്നു...നിലക്കാത്ത ഓട്ടം
എന്തിനോടുന്നു എന്ന് ചോദിക്കരുത്
ജാതിയായിരുന്നു പ്രശ്നം.
കൂടുതൽ ഒന്നും പറയേണ്ടതില്ലല്ലോ
ജനിച്ച കുഞ്ഞിനേയും ജാതി കൊണ്ട്
വേർതിരിക്കപ്പെട്ടു
ജാതിയിൽ താഴ്ന്നവരെ കൊന്നൊടുക്കി
പ്രതികരിക്കാത്തതെന്തെന്നു ചോദിക്കരുത്
സമത്വം ചോദിക്കാനെത്തിയവരെ
തലയറുത്തു കൊന്നു
നീതി പീഠം കൺകെട്ടി നിന്നു
ഇനിയുന്നം ഞാനാണ്
എന്റെ ഓട്ടം തുടർന്നു കൊണ്ടിരുന്നു

**Fathimathul misriya**
2nd bsc mathematics

# വിശപ്പ്



എരിഞ്ഞ വയറുകൾ കരിഞ്ഞ കുടലുകൾ
പൊള്ളും വെയിലിൽ ആരാന്റെ നേരെ
കൈ നീട്ടി യാചിക്കുന്നു.

തിരിഞ്ഞു നോക്കാതെ ഓടുന്നു ചിലർ
ചുറ്റും കൂരിരുട്ട്..ഒപ്പം,
തൂങ്ങി ചത്തവന്റെ മാംസം കരിയുന്ന മണം

വറ്റിയ തൊണ്ടയിലെ നിലവിളി
വീണ്ടും മുഴങ്ങി.
വിശപ്പ്.. എങ്ങും വിശപ്പ്
മനുഷ്യനെ മരിക്കുവാൻ തള്ളി വിടുന്ന വിശപ്പ്
ഒപ്പം തോറ്റു കൊടുക്കാൻ
തയ്യാറാകാത്ത മാനവരാശി

Fathimathul misriya
2nd bsc mathematics


# ദളിതന് വേണ്ടി..

ഇന്ന് അവന്റെ വിചാരണയായിരുന്നു.
പൊതു ടാപ്പിൽ നിന്ന്
വെള്ളം കുടിച്ചിറക്കിയതായിരുന്നു
അവൻ ചെയ്ത ആദ്യം കുറ്റം!

പിന്നീട്,
കുളിച്ചതിന്, നല്ല വസ്ത്രം ധരിച്ചതിന്,
ഭക്ഷണം മോഷ്ടിച്ചതിന്, പഠിച്ചതിന്,
ഉച്ചത്തിൽ സംസാരിച്ചതിന്,
കരഞ്ഞതിന്, ചിരിച്ചതിന്,
പശു മാംസം ഭക്ഷിച്ചതിന്, ജാതിയിൽ– മൂത്തവരെ പേരു
വിളിച്ചതിന്
എല്ലാം ചേർത്ത് തൂക്കു കയർ വിധിക്കപ്പെട്ടു.
ആരും ചോദ്യം ചെയ്യാൻ പുറപ്പെട്ടില്ല..!

അവന്റെ കുടുംബം തൂങ്ങി
ചത്തതിന്റെ പിറ്റേന്ന്
ചിലർ 'ഹർത്താൽ' സംഘടിപ്പിച്ചു
ചിലർ അവന് വേണ്ടി വാദിച്ചു
ബസ് കിട്ടാതെ കാത്ത് നിന്ന ചിലർ
അവനെ ശപിക്കുകയും ചെയ്തു.
ചത്തു പോയവന് ശാപമേൽക്കുമോ?
ചിന്തിച്ചു നിൽക്കാൻ സമയമില്ല
ആറു മണിക്കവസാനിക്കുന്ന ഹർത്താലിന്റെ
ആഘോഷത്തിലാണവർ..!

അതിനിടക്ക് മറ്റൊരു ദളിതൻ
ഭക്ഷണം കിട്ടാതെ മരിച്ച വാർത്ത
അവരുടെ കണ്ണിൽ പെട്ടു കാണില്ല.



സാന്ദ്ര രുദ്രൻ
1st bsc. psychology

# തീനാളം

അകലെ തെളിഞ്ഞൊരാ തീനാളം
തിരഞ്ഞന്നു ഞാൻ അന്നേ
പുറപ്പെട്ടു
കാതങ്ങൾ താണ്ടുവാനുണ്ടെങ്കിലും
തോൽക്കില്ലന്നുറപ്പിച്ചു നീങ്ങി
വേനലും വർഷവും മാറി വന്നു
രാവുകൾ പകലുകൾ തെന്നി നീങ്ങി
പൂനിലാ ചൊരിയുന്ന രാത്രിയിലും
ആദിത്യനുണരും പുലരിയിലും
ലേശമൊട്ടും കുറഞ്ഞിടാതെ
നാളത്തിൻ പ്രഭയേറിയ വന്നു...

അടുക്കും തോറുമന്നാളത്തിൻ
പ്രഭയേറെ ഏറെ കൂടി വന്നു
ദൂരങ്ങൾ ഏറെ താണ്ടി വന്നു
ആ നാളത്തിൻ മുമ്പിൽ ഞാൻ വെമ്പി  നിന്നു
തീക്ഷ്ണമായുള്ളൊരു നാളമതിൽ
എൻ കണ്ണുകൾ താനേ അലിഞ്ഞുപോയി
പെട്ടെന്നു ഞാൻ എന്നെ മുന്നിൽ കണ്ടു
അറിഞ്ഞു ഞാൻ എൻ മുന്നിൽ കണ്ണാടിയത്രേ

കോരിത്തരിച്ചുപോയെന്നുള്ളമെല്ലാം
ഭ്രാന്തമായുള്ളൊരു സത്യമിതാ
ഒടുവിൽ സ്വയം ഞാൻ മനസ്സിലാക്കി
കത്തിജ്വലിക്കുമ തീക്ഷണനാളം
എൻ ഹൃദയത്തിൽ എരിയുമെൻ സ്വപ്നങ്ങളത്രേ...
കാറ്റും കിളികളും പൂക്കളുമെല്ലാം
പറയാൻ ശ്രമിച്ചതികാര്യമാകാം
അറിയാതെ പോയി ഞാൻ വിട്ടുപോയി
പ്രകൃതിയാൽ നൽകിയ സൂചനകൾ
അന്ന് സ്വയമൊന്ന് കുമ്പിട്ടു നോക്കിയെങ്കിൽ
എൻ കരമൊന്നാ ഹൃദയത്തെ സ്പർശിച്ചെങ്കിൽ
ഇതു പണ്ടുപണ്ടേ ഞാനറിഞ്ഞേനെ.
ദൂരങ്ങളെറെ താണ്ടി വന്നു
ഇനി മുന്നോട്ടു പോകാൻ മാർഗ്ഗമില്ല
ക്ഷീണിച്ചു വാടിയെൻ മേനി എല്ലാം
ചുളുങ്ങിയുണങ്ങിയെൻ ചർമ്മമെല്ലാം
അറിയില്ല ഞാനിനിയെന്ത് ചെയ്യും
എരിയുമെൻ സ്വപ്നത്തിൽ പുനർജനിക്കാൻ
ഞാനിനി വന്ന ദൂരം തിരിച്ചു പോണോ?

# MES ASMABI COLLEGE, P VEMBALLUR ANNUAL REPORT 2020-21

The current strength of the students in the college is 2089, out of which 1215 are girls. The college is currently running seventeen undergraduate programmes and five post graduate programmes. This year government has sanctioned one post graduate programme, M.Sc Physics with Nano technology as optional subject.

The college principal Dr. Ajims P Muhammad has been transferred to MES College Marampally and Dr. A Biju joined as new the principal on 8th June 2020

Owing to the pandemic situation the college purchased the learning Management system, Moodle. All the students were enrolled in it and the LMS was used extensively. The other online platforms used for online teaching and learning were EDMODO, YouTube channels, Podcasting, Google Classroom etc. Google Hangout, Google meet and Zoom were used to handle live sessions.

Classes for undergraduate programmes started on November 2nd 2020 and PG classes commenced on 30th November.

The college has 88 teaching staff, of which 47 belong to self-financing courses faculty and there are 29 non - teaching staffs.

New head accountant Liyakath Ali joined this year and Sri Mansoor Vettomveetil has been transferred to MES Ponnani College.

Dr Asma V M, Associate Professor, Research department of Botany, Sri Siddique Babu office Superintendent and Sri. Hamza K, Senior clerk retired from the service during the year.

Dr Sheena P A, Dr Sanand C Sadananda Kumar and Dr Amitha P Mani secured PhD in Physics, Political Science and English respectively from Mahatma Gandhi University, Kottayam during the academic year.

The post graduate department of Commerce got upgraded as Research department

University of Calicut granted PhD research guideship to Principal Dr. Biju A and Dr. Dhanya P R in Physics and Aquaculture respectively with MES Ponnani college as research centre. Dr. Princy Francis, Dr. Sefiya KM, Dr. Shafeer PS were also granted the research guideship in commerce with research department of commerce of MES Asmabi college as the centre.

Dr K H Amitha Bachan conducted certificate course offered by Western Ghats Hornbill foundation free of cost for ST students.

Teachers and students participated in various MOOC courses offered by NPTEL, SWAYAM, Coursera etc and won certificates.

Alumni conducted annual family meet and also distributed gold medal to the top scorers of various undergraduate programmes.

3 PG students qualified UGC NET examination during the year.

The college had 5 functional MOUs during the year.

16 faculty members of the college attended various online refresher programmes during the year.

Dr K H Amitha Bachan, Dr Sheeba N H, Dr Girija T P, Shaheeda T M , Dr Muralikrishnan T R, Dr Princy Francis, Dr. Shafeer P S, Dr. Sefiya KM, Dr Dhanya P R, Dr Amitha P

Mani and Dr Jisha K C published articles in UGC CARE list journals.

The Minority Cell organized an orientation class for the I Year students of the college on 29th March, 2021. Mr. Nishad Pattayil, an International Trainer, motivated the students through the topic "Mark Yourself".

Malayalam department and Folklore Club, in association with IQAC of MES Asmabi College jointly organized Kerala piravi day celebration -Webinar on 1st Nov 2020. The renowned Malayalam writer Sri. Francis Norohna inaugurated the function.

On 8th of March 2021 Women Development Cell organized a talk on the 'menstrual period dilemma in youth' which was led by Dr Sangeetha Chenampally, Govt College Kozhikode.

The Career Guidance Cell of the college in association with CIGI, Kodungallur chapter., conducted online coaching classes for the students of the college on Nov 7,2020 and Nov 27,2020.

The PG department of Economics organised a talk on "India's Farm Act 2020: Issues and Challenges" on 7th December 2020

The PG department of Economics organised a National Webinar on "Behavioural responses to Pandemic: Implications for Research Methodology in Economics" on 21st January 2021

As part of the reading day the PG department of English organised "Pusthaka PranayaKadhakal" by Prof. Achuthsankar S Nair on 19th June 2020. The department also organised "Challenges in reporting and Editing" by Dr Parameswaran was organised on 22nd July 2020 "Digital Humanities and Kerala History: New Modes of Enquiry" by Dr Deepthi Murali was held on 23rd January 2021 through google meet.

The department of Malayalam in association with IQAC organised reading day celebrations with Sri Benyamin as speaker.

The Department of English conducted a webinar on 'Bhashayum Bharanabashayum' on 19th June 2021 to commemorate the death anniversary of Sri Panikkar through G meet. Dr. Ezhumathur Rajarajavarma, the renowned language expert and writer was the resource person

The department of Psychology organised a webinar on "Advanced remote learning in and post pandemic era" on 25th July 2020. National webinar series related to world mental health day was held on 17, 24 and 31 October 2020 in association with IQAC.

The department of Physics organised a webinar on "X-ray and its Research Applications" on August 4th 2020 in association with IQAC

The department of Mathematics organised programmes like 'Black Holes through different windows', 'World Science day for Peace and Development', 'Number Theory- A Way to Analysis' and Role of Youth in Achieving Sustainable Development Goals.

Research department of Botany produced 25 research publication, out of which, 5 in the UGC care listed journal, 4 in peer reviewed journal, 8 in ISSN journal, 1 in ISBN book and 8 in conference proceedings during the year 2020-21

Dr Amitha Bachan T H, Dr Muralikrishnan T R, Dr Sanand C Sadananda Kumar, Sri Gopalakrishnan K, Dr Sheeba N H etc participated in various webinars as resource persons.

The Research department of Commerce conducted various programmes like 'Teaching as a Profession- Challenges and opportunities', 'Opportunities and Challenges of Tourism: Post Covid era,' Strategies for coping with changed academic environment- Post Covid 19,' Filing International Patent applications,' Writing and reading: possibilities in the current era', Consumer Behaviour During the Post COVID-19", 'The Importance of eLearning in a Fast Changing World'

The department of Aquaculture organised *Extension webinar on 'Aquaculture

Diversification and New Technologies' on 28th October 2020. Sri. Viswakumar M, Asst. Director, MPEDA, Kochi was the resource person.

- The department of Political Science organised a national webinar series on 'Women and Covid' from 27th to 30th October 2020.
- The department of Computer Applications organised a National Webinar on "Teaching as a Profession - Challenges and Opportunities" on August 12th 2020.
- The department of Mass Communication organised an Inter Collegiate Photography Competition-Snapography on August 20th 2020. The department also conducted a webinar on 'Cancer Prevention And Life Style' on 17th December 2020.
- The department of Chemistry Prepared hand sanitizer in the laboratory and distributed to other departments and office for precaution of COVID 19 on months of October, November and January 2021
- The department of Biochemistry, Chemistry and IQAC organised a two day International Webinar on 'Materials in Medicine' on 3rd and 4th October 2020.
- The department of Logistics Management organised Webinar on 'Logistics: How is it a good career choice for you?' on 13th August 2020.
- The department of Tourism organised Webinar on Air Line Industry Career on 13th November 2020.
- The department of Digital Film Production organised film webinar series 'Over the Shoulder' and short film fest 'The Pandemic Frames.'
- The department of Arabic organised an International webinar on "Arabic Language Learning: New Approaches and Methods" on March 19th 2021 in association with IQAC
- PTA of the college provided merit cum means scholarship to the deserved students.
- Fine Arts and Literary Club organized and coordinated virtual Onam Celebration video collage "Thiruvonathaalam 2020" on 31 August 2020. Virtual Christmas Celebration programme "Jingle Bells 2020" was organised in the auspicious of Fine Arts Club on 25 December 2020.
- Offline classes were conducted during the months of January, February and March during the academic year. Online classes were conducted during the summer vacation also.
- NCC observed International yoga day on June 21, 2021. Posters of Yoga postures were displayed and Yoga practice was given to the selected students in connection with the day.
- NCC celebrated national days of importance like Republic day and Independence Day. Principal hoisted the flag and sweets were distributed to the students.
- The college was given Green certification with A grade and 95 % marks by SN puram Gramapanchayth after conducting a thorough inspection. Bhoomitrasena was in the forefront of all activities to equip the college for the certification.
- College alumni association, college union and college management together came forward to construct house for a homeless student in BSC mathematics. An amount of seven lakh rupees had been spend for this venture. The key was handover to the student by the end of June, 2021. Again, amount was raised for completing construction works of a partially completed house for a student in BSC botany department. An amount of one and half lakhs was collected for the same.



# NSS REPORT 2020-21

National integration

In connection with 5th death anniversary of former President of India Dr. A P J Abdul Kalam, on 27-7-2020, NSS volunteers organized online quiz competition on google platform. Swaliha K A won 1st place and Seethi Sala T H, Dana T M 2nd and 3rd position respectively. The program was well organized by NSS secretaries Hafeez and Anjali with the support of Vishnu and Farhana.

On 'Independence Day' on 15th August 2020, NSS units conducted inter -collegiate Quiz program on the theme 'Freedom Fighters' on google platform. Among 140 participants, 4 came to the first position and 2 came on second position.

A friendly online patriotic song contest was conducted on the day and there were more than 15 participants joined the contest and made it a memorable event with their lovely presentations.

NSS day was celebrated on 24-9-20 with Dr Sunny (Coordinator, ETI, University of Calicut) inaugurating the function. Principal Dr Biju A presided over. Sri. Muhammed Ashraf K (Former NSS PO, Markus College, Valanchery) delivered key note address. Interaction of the participants with the Ms. Afrin Faizal, Best NSS Volunteer award winner (2017-18 batch), M E S Asmabi College, P Vemballur followed.

In connection with Gandhi Jayanthi, online Portrait competition was conducted on 2-9-2020 for the students of the college. I Prize - Salman (BCA)

Kerala piravi observed on 1-11-20

Children's day observed by poster making competition by NSS units of the college

In connection with Human Rights day on 15-12-2021, NSS units conducted a Webinar with renowned Dalit activist Ms Dhanya Raman as the resource person

In connection with NATIONAL ARMY DAY, NSS units conducted a webinar with Sri Sangeeth S (Corps of Engineers, Indian Army) as the resource person followed by Quiz competition for the volunteers on 15-1-2021

International Women's day was observed on 8-3-2021. Dr Sumedhan K P (Director, Self Financing courses, MES Asmabi College) interacted with the volunteers on the relevance of Women's day in the meeting conducted in the College auditorium. Vice Principial presided over the function when PO Dr Sheeba N H welcomed the audience and Volunteer secretary Farhana expressed vote of thanks. On the same day, newly enrolled volunteers were welcomed to the college in a program organized under the guidance of PO Sri Mohammed Areej EM and volunteer secretaries. Sri Prasoon T P (HoD, B Voc courses) spoke on the occasion.

Anti-Narcotic activities

In connection with International Day against Drug abuse and Illicit drug trafficking on 26-6-2020, NSS units organized a webinar on 'Drug Abuse among Youth' by Sri. Jadeer P M (Excise Officer, Kodungallur Range) on the same day. In the webinar which prolonged for 1 hour, nearly 80 participants registered including faculty members of the college. PO Dr. Sheeba welcomed the audience

and PO Sri. Mohammed Areej extended vote of thanks. The program was very effective with active interaction from the side of volunteers.

Waste management and Environmental activities

 Observance of 'World Environment Day' on 5-6-2020 by planting nearly 250 saplings of Jackfruit, Mango tree, guava, Citrus, Badam, Cashew, mangostine etc in and around every volunteers' compound and in the college campus. Principal Dr. Biju A inaugurated the environment activities in the campus by planting the sapling of mangostine

 In connection with 'Ozone day', NSS of the college organized a webinar on the Ozone day 2020 theme "Ozone for life: 35 years of Ozone layer protection" on 16-9-2020. The resource person for the webinar was Sri. Santhosh P Jose (Assistant Professor, Dept. of Physics, Vimala College, Thrissur). Sri. Santhosh presented the topic with simple and minute details so that volunteers even from the non-science stream also could follow without any difficulty and found very informative. Principal Dr. Biju A. presided over the function online and POs Dr. Sheeba N H and Sri. Mohammed Areej proposed welcome address and volte of thanks respectively. 130 volunteers participated in the Webinar.

Disaster management - Flood and Monsoon relief

 NSS volunteers were actively involved in the covid pandemic awareness program by making masks at home and distributing masks to the public along with covid protocol messages

 NSS units of the college released a poster on 10- 9- 2020 as part of 'Suicide Prevention Day' to make awareness on the increasing trend of suicide among students especially during the time of Covid 19 pandemic

 As per the direction from University NSS cell, volunteers took covid pledge in order to make awareness on the covid protocol among the students on 8-10-2020

Pain and Palliative work

 'WORLD HOSPICE & PALLIATIVE CARE DAY' observed on 10-10-2020 under the title 'A Tale of Survival' Interaction with Adv. Noorjahan who fought cancer with Optimism.

 World White cane day observed in association with HEPSN (Higher Education for Person with Special Needs) on 15-10-20. Sri. Habeeb C (Assistant Professor, Department of English, Farook College, Feroke) delivered key note address. Smt Sakeena M K (Convenor, HEPSN) welcomed the audience and NSS Program officer Sri Mohammed Areej E M proposed vote of thanks

 NSS units hosted 3rd day programs 'KANIVU' of Kerala Palliative Care day 'RANG 21'on 13-1-2021 on online mode. PPCS director Dr. Sathish Kumar, Dr Ramla Puthuvachola, MHAT senior volunteer Ms. Susheela Madhavan, Ms. Prabha, with Ms Hasna as the moderator detailed the activities of MHAT. NSS volunteer Elizabeth welcomed the audience and PO Dr Sheeba N H proposed vote of thanks.

Agriculture, Health and cleaning

 As per directions from NSS directorate, on International Yoga Day 21-6-20, NSS volunteers practiced Yoga at home and posted the photos and videos in the group. Photos of different yoga postures with description done NSS volunteer Arjun K A (III sem BCA) provided useful health tips.

 In the context of COVID -19, in connection with 'World Population Day', NSS units organized poster making competition for the NSS volunteers in order to give the awareness on the impact of overpopulation on 11th July 2020. NSS volunteers Seethi Salah (B Voc logistics), Elizabeth P J (B Sc Maths), Farhana Shiril(B Voc logistics), Raheesa P A (B Com

Co-operation), Revathy Suresh (B A English), Farrah Nizar (B A Economics), Adheenavarsha (B Sc Physics), Risana Parvin (B Sc Psychology) and Hasna T M (B Sc Physics) presented their work on the theme 'Increasing population and its adverse effects'. All the posters were so good and conveyed its message with relevance

▯ Poster making competition conducted by NSS units on 1-12-2021 in connection with WORLD AIDS DAY. But volunteers took it as a platform to express their ideas and thoughts on the topic, not as a competition. We received totally 25 entries

▯ As part of nutrition fortnight (Poshan Pakhwada), NSS units organized two programs. Due to restrictions due to covid protocol, we conducted the 2 programs on 27-3-2021 itself. In association with AR Medical center, Kodungallur, a medical camp was conducted for the staff and NSS volunteers of the college. There was nearly 120 registrations and four doctors from different departments of 'General Medicine', ENT, 'Gynaecology' and 'Orthopeadics' attended the people. Principal Dr Biju A inaugurated the camp.

▯ In connection with observance of 'Poshan Pakhwada' (Nutrition fortnight), NSS units organized awareness program with 'Flash Mob' by the volunteers on 27-3-2021followed by a brief message from PO Sri Mohammed Areej E M

Arts and Literature

▯ Due to the covid-19 lockdown, volunteers could not do any activity related to the 'Reading day'. But many of them joined the webinar organized by Departments of English and Malayalam on the day on 19-6-2020 and received e-certicate of participation. The speakers were Prof. Achyuth Sanker (Head, Dept. of Computational Biology and Bioinformatics, University of Kerala) and Noted writer Sri. Benyamin (Aadujeevitham fame)

Other activities

▯ PO Dr. Sheeba N H attended one day Swachata Action Plan online workshop for faculty of Higher Educational Institutions (NSS Program Officers - Thrissur Dt) conducted by Mahathma Gandhi National Council of Rural Education (MGNCRE) on 29-6-2020. The workshop handled topics on Sanitation and hygiene, Waste management, Water management, Energy conservation and greenery of the Campus. We submitted Swachata action Plan for the coming year.

▯ In connection with Hiroshima-Nagasaki day, NSS volunteers made 'Sadako Paper cranes' which symbolizes peace after Hiroshima and Nagasaki bombings during II world war.

▯ Also NSS units conducted inter-collegiate 'Haiku Competition' on the topic of anti-war and peace. For the 15 entries of haiku received, e-certificate were distributed.

▯ On 7-1-2021, orientation program for newly enrolled NSS volunteers were conducted with district NSS co-ordinator Dr Binu as the chief guest. POs Dr Sheeba N H and Sri Mohammed



Areej E M made welcome speech and vote of thanks respectively. there was a very active interaction from the side of new volunteers with the support of NSS secretaries

▯ As part of adventure tour, NSS units of MES Asmabi College, P Vemballur conducted cycle rally led by PO Sri. Mohammed Areej on 28-3-2021 which was flagged off by the senior most associate of the college 'Kochutha'. 50 volunteers including 20 girls with their cycles participated in the rally which started from the college at 7.30 am ending up at Muziriz water spot at Kodungallur. Throughout their journey, the volunteers carried placards with messages of COVID protocol, green protocol and anti-drug slogans. At the end of 30km journey, the volunteers with POs Dr Sheeba N H and Mohammd Areej E M gathered at famous Muziris water spot which is an historically well -known place at the border of Thrissur -Ernakulam districts. The team spent there nearly for one and half hours with some entertainment under strict covid protocol.

Achievement

▯ MGNCRE conducted special one day workshop for NSS Program officers of Thrissur Dt on 'SWACHATA ACTION PLAN' (SAP) on 29-6-2020. Dr Sheeba N H participated in the workshop which elaborated in detail the functioning of SAP committee. On evaluation of the Swachhta and Jal sakthi standards of the campus, 'One District One Green Champion' award instituted by MGNCRE for the year 2020-21 has been won by MES Asmabi College, P Vemballur Campus on 22-4-2021.

# മാഗസിൻ സമിതി'20



Dr. A ബിജു.
ചീഫ് എഡിറ്റർ



Dr. ജയ്സി ഡേവിഡ്.
സ്റ്റാഫ് എഡിറ്റർ



മുഹമ്മദ് ഷഹൽ ടി.
സ്റ്റുഡന്റ് കോഡിനേറ്റർ



ഫാതിമത്തുൽ മിസിരിയ.



നിർമൽ രണദീവ് കെ



അസ്നിത.



ആദിൽ




അനീസ



ശൈഖ




അനശ്വര









**അൻസൽ ഫവാസ്**
B.voc Tourism

# THE UNTOLD STORY OF FLY TRAVELLER


ഇത് അവന്റെ കഥയാണ്, കണ്ട സ്വപ്നങ്ങളെ സ്വപ്നങ്ങളാക്കി വെക്കാതെ അത് നേടിയെടുക്കാൻ തുനിഞ്ഞിറങ്ങിയവന്റെ സ്വപ്ന യാത്രയുടെ ചെറിയൊരു ഉള്ളടക്കം മാത്രമാണിത് .
വർഷങ്ങളോളം പ്രതിഫലം വാങ്ങാതെ പാഷന് പുറകെ നടന്ന സന്തോഷ് ജോർജ് കുളങ്ങരയുടെ സഫാരി കാണുമ്പോഴാണ് ആലപ്പുഴക്കാരൻ ഇന്ത്യ കറങ്ങിയ കഥ കേൾക്കുന്നത്. അവിടെ നിന്നാണ് എനിക്കും ഇന്ത്യ സൈക്കിളുമായി കറങ്ങണം എന്ന ആഗ്രഹം മുളപൊട്ടുന്നത് . അന്ന് ഏഴാം തരത്തിൽ പഠിക്കുകയായിരുന്നു.
നടന്നും സൈക്കിളിലും ലിഫ്റ്റ് അടിച്ചുമൊക്കെ യാത്ര ചെയ്യുന്ന ഈ കാലഘട്ടത്തിലെ പോലെയായിരുന്നില്ല. വീട്ടിൽ സൂചിപ്പിച്ചപ്പോൾ "നടക്കുന്ന കാര്യം വല്ലതും പറയൂ" എന്ന രീതിയിൽ എല്ലാവരും കളിയാക്കി . അങ്ങനെ കൊല്ലങ്ങൾ കടന്നുപോയി. കൊവിഡ് കാലഘട്ടം വീട്ടിൽ തളച്ചിട്ടു ,മാനസികമായി ഒറ്റപ്പെടുത്തി .
കോവിഡിന്റെ തീവ്രത കുറഞ്ഞ സമയം കളിക്കുന്നതിനിടയിൽ കാലിന്റെ ലിഗമെന്റ് പൊട്ടി നാല് ചുമരുകൾക്കിടയിൽ കറങ്ങുന്ന ഫാനും നോക്കി മാസങ്ങളോളം കിടന്നു . ഒരുപാട് ചിന്തിപ്പിച്ച നിമിഷങ്ങളായിരുന്നു അത്. അവസാന ആഗ്രഹങ്ങളെയും സ്വപ്ന ങ്ങളെയും കുറിച്ചുമൊക്കെ ചിന്തിച്ചു തുടങ്ങി . അതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചു, നേടിയെടുക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞു . ഓൺലൈൻ ക്ലാസ്സും സമയവും സന്ദർഭവും ഒത്തുവന്നപ്പോൾ പോകുവാൻ സൈക്കിൾ, പണം തുടങ്ങിയവ വെല്ലുവിളി ഉയർത്തി. യാത്ര പോകുന്നു എന്നാ വീഡിയോ ഇട്ടപ്പോൾ കടൽ കടന്നു പോലും സഹായങ്ങൾ എത്തി. "എന്റെ സൈക്കിൾ എടുത്തോളൂ " എന്ന നൗഷാദിക്കയുടെ വാക്കുകൾ കേട്ടപ്പോൾ കണ്ണുനിറഞ്ഞുപോയി .

ഓഗസ്റ്റ് 15 വൈകുന്നേരം നാലുമണിക്ക് ഉമ്മയും കുടുംബവും നാട്ടുകാരും കൂട്ടുകാരുടെയുമൊക്കെ സാന്നിദ്ധ്യത്തിൽ കൈപ്പമംഗലം SI ജിനേഷ് സർ ഫ്ലാഗ്ഓഫ് നിർവഹിച്ചു.
കോവിഡ് പശ്ചാത്തലത്തിൽ അധികം ആരെയും വിളിക്കാൻ സാധിച്ചില്ല.

പാലക്കാട് ആയിരുന്നു ആദ്യ ഡെസ്റ്റിനേഷൻ. തമിഴ്നാട്, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഹരിയാന, ഹിമാചൽപ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലൂടെ 3200 കിലോമീറ്റർ റൈഡ് ചെയ്തു. 60 ദിവസം നീണ്ടുനിന്ന യാത്രയായിരുന്നു. ഒരുപാട് ആളുകൾ ആദ്യദിവസം സന്തോഷത്തോടെ സ്വീകരിച്ചു. പിറ്റേന്ന് അഞ്ചുമണിക്കാണ് പാലക്കാട് എത്തുന്നത് . നിലാവുള്ള രാത്രിയുടെ നിശബ്ദതയിൽ പാലക്കാട് എത്താൻ മണിക്കൂറുകൾ ബാക്കി

**വർഷങ്ങളോളം പ്രതിഫലം വാങ്ങാതെ പാഷന് പുറകെ നടന്ന സന്തോഷ് ജോർജ് കുളങ്ങരയുടെ സഫാരി കാണുമ്പോഴാണ് ആലപ്പുഴക്കാരൻ ഇന്ത്യ കറങ്ങിയ കഥ കേൾക്കുന്നത്. അവിടെ നിന്നാണ് എനിക്കും ഇന്ത്യ സൈക്കിളുമായി കറങ്ങണം എന്ന ആഗ്രഹം മുളപൊട്ടുന്നത് .**

ഓഗസ്റ്റ് 15 വൈകന്നേരം നാല്യമണിക്ക് ഉമ്മയും കുടുംബവും നാട്ടുകാരും
കൂട്ടുകാരുമൊടെയുമൊക്കെ സാന്നിദ്ധ്യത്തിൽ കൈപ്പമംഗലം
SI ജിനേഷ് സർ ഫ്ലാഗ്ഓഫ് നിർവഹിച്ചു.







മാഗസിൻ '21

എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ

നിൽക്കെ പുലർച്ച 3 മണി സമയത്ത് ഉറക്കം മാറ്റാനായി ഉറക്കെ പാട്ടുപാടിക്കൊണ്ടിരുന്നു. 25 മീറ്റർ മുന്നിൽ ത്വാഹയും ഉണ്ട് .
ആ സമയം പട്ടി കുരക്കുന്നത് കേട്ടപ്പോൾ വീട്ടിലെ വളർത്തുനായ ആണെന്ന് കരുതി എന്നാൽ അത് തെരുവുനായ്ക്കൾ ആയിരുന്നു ഏതോ ഒരു വേലിയുടെ ഉള്ളിൽ നിന്ന് സംഘമായി കുരച്ചുകൊണ്ട് പിന്നാലെ ഓടിവന്നു. അവരെ നോക്കി  വളരെ വേഗത്തിൽ ബൈപ്പാസ് റോഡിന്റെ തൊട്ടടുത്തുള്ള സർവീസ് റോഡിലൂടെ പായുമ്പോൾ നിർത്തിയിട്ട ലോറിയുടെ പുറകിൽ ഇടിച്ചു സൈക്കിൾ ഒരു ഭാഗത്തേക്കും ഞാൻ മറുഭാഗത്തേക്കും തെറിച്ചുവീണു . ഒരുപാട് നേരം എഴുന്നേൽക്കാൻ കഴിയാതെ കിടന്നു .
പേടിക്കണ്ട എന്ന് കരുതി ആരോടും പറയാൻ നിന്നില്ല.  നെഞ്ചത്തും കയ്യിലും പരിക്കുകൾ ഉണ്ടായിരുന്നു.
അടുത്ത ദിവസം RTPCR ടെസ്റ്റ് ചെയ്ത് നെഗറ്റീവ് സർട്ടിഫിക്കറ്റുമായി കോയമ്പത്തൂരിലേക്ക് യാത്ര തുടങ്ങി.
ലക്ഷ്യ സ്ഥലം എത്താൻ കിലോമീറ്ററുകൾ ബാക്കിനിൽക്കെ  പോലീസ് തടഞ്ഞു കാര്യങ്ങൾ ചോദിച്ചറിഞ്ഞ് തമിഴ്നാട്ടിലേക്ക് സ്വാഗതം ചെയ്തു.
ചെറിയ ശതമാനം ആളുകൾ മാസ്ക് ഇടാതെ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു .
എന്നാൽ നോർത്ത് ഇൻഡ്യ എത്തിയപ്പോൾ രോഗമുള്ളവർ മാത്രം മാസ്ക് ഇടുന്ന രീതിയിലാ

യി കാര്യങ്ങൾ .

പിറ്റേന്ന് കോയമ്പത്തൂരിൽ നിന്നും അവിനാശിയിലേക്കുള്ള യാത്ര തുടങ്ങി.
പല പമ്പുകളിലും കോവിഡ് മൂലം ടെൻറ് അടിക്കാൻ വിസമ്മതിച്ചു.
എന്ത് ചെയ്യണം എന്നറിയാതെ ഭയന്നു നിൽക്കുന്ന ഞങ്ങളെ രണ്ടു പേർ വന്നു




തട്ടുകടയിൽനിന്ന് ഭക്ഷണം വാങ്ങി തന്നു ഒരു കമ്പനിയിൽ താമസിക്കാനുള്ള സൗകര്യവും ചെയ്തു തന്നു. പണിക്കാർ ഉണ്ടാക്കിയ ഭക്ഷണം കഴിച്ചു ഭവാനിയിലേക്ക് യാത്ര തിരിച്ചു. ഭവാനി തികച്ചും ഒരു ഗ്രാമാന്തരീക്ഷം സമ്മാനിച്ചു. കരിമ്പ്, പരുത്തി, ഉള്ളി, തുടങ്ങിയ വ്യത്യസ്തമായ കൃഷികളും കന്നുകാലിവളർത്തലും കിലോമീറ്ററുകളോളം റോഡിൻറെ ഇരുവശത്തും തണലേകിയ വലിയ മരങ്ങളും ഭവാനിയെ മനോഹരമാക്കി. കരിമ്പ് ജ്യൂസ് അടിച്ച് ഇളക്കി തിളപ്പിച്ച് ശർക്കര ഉണ്ടാക്കുന്ന കാഴ്ച സമ്മാനിച്ച ഭവാനി ഗ്രാമം.
ഭവാനിയോടും ഭവാനിയിലെ ഓർമ്മകളോടും യാത്രപറഞ്ഞു മേട്ടൂർ മച്ചേരിയിലേക്കുള്ള യാത്ര തുടർന്നു.
ഉച്ചയൂണിനു ശേഷം ഒരു ഉറക്കവും പാസാക്കി മേട്ടൂർ ഡാമിലേക്ക് പോയി.
റോഡിന്റെ ഒരു വശത്ത്

**ഇന്ത്യയുടെ ആത്മാവിലൂടെ യാത്ര ചെയ്യുമ്പോൾ കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന കാരണങ്ങൾ ഓരോന്നായി കണ്ടു മനസ്സിലാക്കാൻ തുടങ്ങി.**

**ചിലന്തി വല വിലകൂട്ടിയ വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകൾ, പാടത്തും പറമ്പിലും ജോലി ചെയ്യുന്ന ചെറിയ മക്കളും, ജാതിയുടെ പേര് പറഞ്ഞു ഒരു സ്ഥലത്തെ രണ്ടായി വിഭജിച്ച് താമസിക്കുന്ന ജനങ്ങളെയും കണ്ടപ്പോൾ ലജ്ജതോന്നിപ്പോയി.**

ഡാമിൽ നിന്നും പിടിച്ച ജിലേബി മീൻ നല്ല എരിവുള്ള മസാലയും ചേർത്ത് പൊരിച്ച് വാഴയിലയിൽ വെച്ച് കഴിച്ചപ്പോൾ ഉണ്ടായ രുചി ഇന്നും മനസ്സിൽനിന്നും മാഞ്ഞിട്ടില്ല . ട്രാക്ടറിൽ ഇരുന്ന് പോയതും, ചായ അടിക്കാൻ പഠിച്ചതും ഇവിടെനിന്നായിരുന്നു. പറഞ്ഞാൽ തീരാത്ത, എഴുതിയാൽ അവസാനിക്കാത്ത ഒത്തിരി അനുഭവങ്ങളും ഓർമ്മകളും സമ്മാനിച്ച യാത്ര.

ആദ്യ പഞ്ചർ കിട്ടുന്നത് മച്ചേരിയിൽ വച്ചായിരുന്നു. വലിയ സൽക്കാരം നൽകി ആ ഗ്രാമത്തിലെ ആളുകൾ സ്വീകരിച്ചു. പിറ്റേന്ന് വൻജനാവലി ആയിരുന്നു ഞങ്ങളെ കാണാനും യാത്ര പറയാനും നിന്നിരുന്നത്. എല്ലാവർക്കും അത്ഭുതമായിരുന്നു ഈ യാത്ര. തമിഴ്നാട് കർണാടക ബോർഡർ ആയ ഹോസൂറിൽ വെച്ച് ഫോണിൽ സംസാരിച്ച് റൈഡ് ചെയ്യുന്ന ത്വാഹയുടെ കയ്യിൽ നിന്ന് ഇരുചക്രവാഹനങ്ങളിൽ വന്നു രണ്ടുപേർ മൊബൈൽ തട്ടിപ്പറിച്ചു കൊണ്ടുപോയി. കേരളത്തിന് പുറത്തേക്ക് അധികം യാത്ര ചെയ്യിട്ടില്ലാത്ത ഞങ്ങളുടെ മനസ്സ് ഒരു നിമിഷം പതറി. ഉറക്കം കിട്ടാതെ ആ രാത്രി തള്ളിനീക്കി ." ഇവിടെ ഇങ്ങനെ ഇനി MP, UP ഒക്കെ എന്താവും അവസ്ഥ" എന്ന് കുറച്ച് വിരലിലെണ്ണാവുന്ന നാട്ടുകാരുടെ വർത്തമാനം ഭയപ്പെടുത്തി. എന്നാൽ അത് അത് വെറും തെറ്റിദ്ധാരണ ആണെന്ന സത്യം ഈ യാത്ര മനസ്സിലാക്കി തന്നു സ്നേഹിക്കാനറിയുന്നവരാണ് UPയിലെയും MPയിലെയും ജനങ്ങൾ. ആ സമയം മാതാപിതാക്കളുടെയും കൂട്ടുകാരുടെയുമൊക്കെ വലിയ പിന്തുണ മുന്നോട്ടുള്ള യാത്രക്ക് ഊർജ്ജം നൽകി. സൈബർ സെൽ സഹായത്തോടെ ഫോൺ ബ്ലോക്ക് ചെയ്യിപ്പിച്ചു.

ശേഷം ബാംഗ്ലൂരിൽ നിന്നും ഹൈദരാബാദിലേക്ക് യാത്ര തുടർന്നു ഹൈദരാബാദി ബിരിയാണിയും, ചാർമിനാറും ഗോൽക്കൊണ്ട ഫോർട്ടുമൊക്കെ കണ്ടു ഒരാഴ്ചയോളം 3ബെഡ്റൂം വലിയ ഹാളും കിച്ചണും ബാൽക്കണിയും ഒക്കെയുള്ള കോയക്കയുടെ ഫ്ലാറ്റിൽ ആഢംഭര ജീവിതമായിരുന്നു. ഒരു ദിവസത്തിനുശേഷം ഒരു പരിചയവുമില്ലാത്ത ഞങ്ങൾക്ക് താക്കോൽ കൈമാറി കോയക്ക അത്യാവശ്യമായി നാട്ടിലേക്ക് തിരിച്ചു .

ദിവസത്തിൽ 10 വട്ടമെങ്കിലും വിളിക്കുന്ന ഉമ്മയും വീഡിയോ വരാൻ കാത്തിരിക്കുന്ന പ്രവാസി യായ വാപ്പയേയും കുറിച്ചോർത്തപ്പോൾ മുന്നോട്ടുള്ള യാത്രയിൽ അത് മനസ്സിൽ സന്തോഷം ജനിപ്പിച്ചു

ഇന്ത്യയുടെ ആത്മാവിലൂടെ യാത്ര ചെയ്യുമ്പോൾ കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന കാരണങ്ങൾ ഓരോന്നായി കണ്ടു മനസ്സിലാക്കാൻ തുടങ്ങി. ചെടികളും പൂക്കളും മരങ്ങളും നട്ട് മോടിപിടിപ്പിച്ച ബൈപാസ് റോഡുകൾ . ഉള്ളിലേക്കിറങ്ങിയാൽ പട്ടി പെറ്റുകിടക്കുന്ന ആളില്ലാത്ത പഞ്ചായത്തുകൾ, ചിലന്തി വല വിലകൂട്ടിയ വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകൾ, പാടത്തും പറമ്പിലും ജോലി ചെയ്യുന്ന ചെറിയ മക്കളും, ജാതിയുടെ പേര് പറഞ്ഞു ഒരു സ്ഥലത്തെ രണ്ടായി വിഭജിച്ച് താമസിക്കുന്ന ജനങ്ങളെയും കണ്ടപ്പോൾ ലജ്ജതോന്നിപ്പോയി. ജീവിതനിലവാരം മെച്ചപ്പെടുത്താൻ വിദ്യാഭ്യാസത്തിനേ കഴിയുകയുള്ളൂ. സർക്കാർ ലാഭം കൊയ്യാനുള്ളതല്ല സേവനത്തിനുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു തുലയ്ക്കുന്നു. പണക്കാരൻ കോടീശ്വരൻ ആകുന്നു, പാവപ്പെട്ടവൻ വീണ്ടും ദരിദ്രൻ ആവുന്നു ചിന്തിക്കാൻ ഒരുപാടുണ്ട് .

ആന്ധ്രയിൽ നിന്നു മലപ്പുറം സ്വദേശി നിയാസ്കയും കൂർഗ്

സ്വദേശി സമ്പാദ്യം കൂടെ കൂടി. നാഗ്പൂരിൽ ഗണപതിയുമായി ബന്ധപ്പെട്ട ഉത്സവത്തിൽ ഒരു വീട്ടിലേക്ക് സൽക്കാരത്തിന് ക്ഷണിച്ചു. ഭക്ഷണത്തിനുശേഷം രാഷ്ട്രീയവും മതവും കയറിവന്നു. ഹിന്ദി അറിയില്ലെന്ന് ത്വാഹ, ഹിന്ദി അറിയില്ലെങ്കിൽ ഇന്ത്യയിൽ നിൽക്കണ്ട, വെടിവെക്കും എന്നൊക്കെ അയാൾ മൊഴിഞ്ഞു.

കാട്ടിലൂടെയുള്ള യാത്ര കുറവായിരുന്നു മഹാരാഷ്ട്ര – മധ്യപ്രദേശ് ബോർഡറിൽ വെച്ച് ഫുഡ് ഇൻഫെക്ഷൻ വന്നു. ഒരു റൂറൽ ഗവൺമെൻറ് ഹോസ്പിറ്റലിൽ എല്ലാവർക്കും താമസം നൽകി. ഞായറാഴ്ച ആയതിനാൽ രോഗികളൊന്നും ഉണ്ടായിരുന്നില്ല. നാല് നേരം ഭക്ഷണം അവിടുത്തെ ഡോക്ടർമാരും നഴ്സുമാരുമൊത്തായിരുന്നു . ആരുമില്ലാത്ത ഹോസ്പിറ്റലിൽ ഇരുട്ടുനിറഞ്ഞ് മഴപെയ്യുമ്പോൾ അതിന്റെ മനോഹാരിത നോക്കി ഓർമ്മകളിൽ ലയിച്ചു.

കൂടുതലും ഹോട്ടലുകളിൽ നിന്നായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്. രാവിലെ ഏഴുമണിക്ക് മണിക്ക് ആരംഭിക്കുന്ന യാത്ര ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കും.
മരത്തണലിലും ധാബകളിലുമൊക്കെയായി ഉച്ച സമയം തള്ളി നീക്കും. വൈകുന്നേരം 3 മുതൽ 6 മണി വരെ വീണ്ടും റൈഡ് ചെയ്യും. ചില ദിവസങ്ങളിൽ താമസിക്കാനും അലക്കാനും കുളിക്കാനുമൊക്കെ മുറിയെടുക്കും. പെട്രോൾപമ്പിൽ ടെന്റ് അടിച്ചും ദാബയിലും ആയിരുന്നു അധികവും താമസം .
ലോറിക്കാർക്കു വേണ്ടിയാണ് 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന ധാബകൾ ഉള്ളത്. ഒരു കട്ടിലിനു മുകളിൽ കയറുകൊണ്ട് മെടഞ്ഞു നടുക്കിൽ ഒരു പലക വെച്ച് ചന്ദനപടിയിട്ട് ഇരുന്നാണ് ഭക്ഷണം കഴിക്കുക. ചൂടോടെ ചുട്ടു തരുന്ന റൊട്ടിയും കറിയും, കുളിക്കാനും വണ്ടി പാർക്ക് ചെയ്യാനുള്ള സൗകര്യവും ഇവിടെയുണ്ട്.

ദിവസത്തിൽ 80 മുതൽ 110 കിലോമീറ്റർ വരെ റൈഡ് ചെയ്യും. കാട്ടിൽ താഹയുടെ സൈക്കിൾ കേടായപ്പോഴും, ആഗ്രയിൽ നിന്ന് ഡൽഹിയിലേക്ക് പോകുമ്പോൾ വഴി തെറ്റിയപ്പോഴും, ടയർ കംപ്ലൈന്റ് ആയപ്പോഴും ഏകദേശം 40 Km ലിഫ്റ്റ് അടിച്ചു.

ചിലയിടങ്ങളിൽ ആളുകൾക്ക് പണമുണ്ടെങ്കിലും ജീവിതനിലവാരം തീരെയില്ലായിരുന്നു . മധ്യപ്രദേശിലെ സാഗറിൽ വെച്ച് മൂന്നുനേരം ഭക്ഷണവും താമസവും തന്ന, നല്ല പ്രായം തോന്നിക്കുന്ന പ്രൊഫസർ ആയ ഒരു മനുഷ്യനോട് നിയാസ്ക്ക ചോദിച്ചു "ഒരു പരിചയവുമില്ലാത്ത ഞങ്ങൾക്ക് താമസവും ഭക്ഷണവും തരാൻ എന്താണ് കാരണം " മറുപടി പറയാനാകാതെ അദ്ദേഹം പൊട്ടിക്കരഞ്ഞു.

മഹാരാഷ്ട്രയിലൂടെ പോകുമ്പോൾ ഒരു പെട്ടിക്കടയിലേക്ക് ക്ഷണിച്ച് വയറുനിറയെ ഭക്ഷണം തന്ന ദമ്പതികൾ പറഞ്ഞ വാക്കുകൾ മനസ്സിൽ ഇന്നുമുണ്ട്, "21 വർഷത്തെ അധ്വാനം കൊണ്ടാണ് ഒരു ചെറിയ വീട് വെച്ചത് , ഇന്നും കടമുണ്ട് . എല്ലാവർക്കും നമ്മൾ സന്തോഷത്തോടെ കൊടുക്കുക , നമുക്ക് ഏതെങ്കിലും വഴി ഇരട്ടിയായി തിരിച്ചു ലഭിക്കും ".

ആഗ്രയിലെ താജ്മഹൽ, ആഗ്രഫോർട്ട് എല്ലാം കണ്ട് ഡൽഹിയിലേക്ക് റൈഡ് തുടങ്ങി. പാർലമെൻറ്, ഇന്ത്യ ഗേറ്റ് ഒക്കെ കണ്ട് രാത്രി സമയം മാർക്കറ്റിലേക്ക് ഇറങ്ങിയപ്പോൾ സങ്കടം തോന്നി . വിശ്രമ ജീവിതം നയിക്കേണ്ട വയസ്സായവർ രാവിലെ മുതൽ വൈകുന്നേരം വരെ സൈക്കിൾ റിക്ഷയും ചവിട്ടി , രാത്രി സമയം അതിൽ ചുരുണ്ടുകൂടി കിടന്നുറങ്ങുന്നു . ഊണും ഉറക്കവുമില്ലാതെ പണത്തിനു വേണ്ടി മാത്രം നടക്കുന്ന മനുഷ്യരും, മാലിന്യങ്ങളും, വിഷപ്പുകയുമൊക്കെ ഡൽഹിയെ വെറുക്കാൻ തോന്നിപ്പിച്ചു. ചുവന്ന തെരുവിലൂടെ നടക്കുമ്പോൾ പെണ്ണ് കുട്ടി കൊടുത്താൽ 20 രൂപ കമ്മീഷൻ കിട്ടുമെ

**പഞ്ചാബിലെ അംബാലയിൽ വച്ച് ഫുഡ് ഇൻഫെക്ഷൻ കിട്ടി, ദിവസങ്ങളോളം ആശുപത്രിയിലും റൂമിലുമായി വിശ്രമിച്ചു.**




ന്ന 16കാരന്റെ സംസാരം കേട്ടപ്പോൾ രാജ്യം ഇത്രയും അധഃപതിച്ചല്ലോ എന്ന് തോന്നിപ്പോയി.

പഞ്ചാബിലെ അംബാലയിൽ വച്ച് ഫുഡ് ഇൻഫെക്ഷൻ കിട്ടി, ദിവസങ്ങളോളം ആശുപത്രിയിലും റൂമിലുമായി വിശ്രമിച്ചു. തലേദിവസം വയ്യാതെ റോഡിന്റെ വശങ്ങളിൽ കിടന്നുറങ്ങിയതിനാൽ രാത്രി സമയമായപ്പോൾ കൂടെയുള്ളവർ 30km അപ്പുറത്തായിരുന്നു. എന്റെയും സൈക്കിളിന്റെയും അവസ്ഥ മോശമായിരുന്നതിനാൽ നാളെ കാണാം എന്ന് പറഞ്ഞു പെട്രോൾപമ്പിൽ കിടന്നുറങ്ങി. പത്തു മണിയായപ്പോൾ പനിയും ഛർദ്ദിയും വേട്ടയാടി. ആളുകളുടെ നിർദ്ദേശപ്രകാരം ഹോസ്പിറ്റലിലേക്ക് പോയി. പോകുന്ന വഴിയിൽ സൈക്കിൾ പൂർണമായും കേടായി. അവസാനം ഒരുപാട് ശർദ്ദിച്ച് നാലു കിലോമീറ്റർ നടന്നു. ഫോൺ എടുത്തു വിളിക്കാൻ പോലും പറ്റാത്ത വിധമായി. കൂടെയുള്ളവർ ഇതറിഞ്ഞ് 30 km തിരിച്ചുവരികയും ഡോക്ടറെ കാണിച്ച് മരുന്നു നൽകി റൂമിൽ എത്തിച്ചു സൈക്കിൾ റെഡിയാക്കുകയും ചെയ്തു.

ജമ്മു ബോർഡറിൽ നിന്ന് കോവിഡ് ടെസ്റ്റ് ചെയ്ത് നെഗറ്റീവ് സർട്ടിഫിക്കറ്റുമായി ഭൂമിയിലെ സ്വർഗ്ഗമായ കാശ്മീരിലേക്ക്... എന്റെ സ്വപ്നത്തിലേക്ക് ചവിട്ടിക്കയറി...

കുറേ ഭക്ഷണം കഴിച്ചു , കിടന്നുറങ്ങി തീർക്കാൻ ഉള്ളതല്ല ജീവിതം.

സ്വപ്നങ്ങൾ കാണാനും നേടിയെടുക്കാനുമുള്ളതാണ്. പോയാൽ ഒരിക്കലും തിരിച്ചു കിട്ടാത്ത ഒന്നാണ് സമയം . ജീവിതം ഒരുപാട് പിറകിലോട്ട് നോക്കുമ്പോൾ അനുഭവങ്ങളും ഓർമ്മകളും ഇല്ലെങ്കിൽ നമുക്ക് നമ്മളോട് തന്നെ വെറുപ്പ് തോന്നും. അതു മനസ്സിലാക്കി സന്തോഷത്തോടെ ജീവിക്കുക . നമുക്ക് ഒരു സ്വപ്നം ഉണ്ടെങ്കിൽ അത് നേടിയെടുക്കാനുള്ള വഴി ഉണ്ടെങ്കിൽ പണം ഒരു പ്രശ്നമല്ല എന്ന് യാത്ര പഠിപ്പിച്ചു.
വലിയ വലിയ സ്വപ്നങ്ങൾ കാണുക, സ്വപ്നമായി മാത്രം ബാക്കിവെക്കാതെ നേടിയെടുക്കാൻ ശ്രമിക്കുക.

# നാല് ചുവരുകൾക്കുള്ളിൽ അടക്കപ്പെട്ട കലാലയ ജീവിതം

റിയാസ്
2nd bvoc logistic

*"തിരിച്ചു വരവില്ലാത്ത ഈ ലോകത്തിൽ
നിലച്ചുപോയൊരാ കലാലയ ജീവിതം
പകരം വയ്ക്കാൻ മറ്റൊന്നുമില്ലാ
ആ കുറേ ഓർമകൾ അല്ലാതെ."*

കലാലയങ്ങൾ എന്നും സുഖമുള്ള ഓർമ്മകളാണ്. വ്യക്തിജീവിതത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നതും ഈ കാലഘട്ടമാണെന്നു പറയാം. സ്വാതന്ത്രത്തിന്റെ വിശാലമായ ലോകമാണ് ഓരോ കലാലയങ്ങളും പ്രദാനം ചെയ്യുന്നത്.

നനുത്ത മഴയുള്ള ആദ്യ ദിനം, ക്ലാസ്സ് മുറിയിലെ പരിചയപ്പെടലുകളും, ഹൃദയത്തിൽ പതിഞ്ഞ ചില മുഖങ്ങളും, പങ്കുവച്ച രുചികൾ, അലസതയുടെ ഉറക്കങ്ങൾ, ചുമരുകളിൽ കൊത്തിയെഴുതിയ പേരുകൾ, ചേർത്തുനിർത്തിയ സൗഹൃദങ്ങൾ, മഴയത്ത് ഒരു കുടക്കീഴിൽ ഒരുമിച്ച പ്രണയങ്ങൾ, ആഘോഷങ്ങൾ ആർത്തിറങ്ങിയ രാവുകൾ, പരീക്ഷയുടെ ചൂടറിയുമ്പോൾ തിരയുന്ന പുസ്തകങ്ങൾ, ഒടുവിൽ ഓർമ്മത്താളിൽ കുറിച്ചൊരു പടിയിറക്കവും... ഇതൊക്കെയാണ് ഒരു കലാലയ ജീവിതത്തിന്റെ മാറ്റുകൂട്ടുന്നത്. ഒരായുഷ്കാലത്തേക്ക് ഓർത്തുവയ്ക്കാവുന്ന നിറങ്ങൾ.

എന്നാൽ കൊറോണ വൈറസ് എന്ന മഹാമാരിക്ക് മുൻപിൽ സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങൾ കൊട്ടിയടക്കപ്പെട്ടു. ലോകത്തെ മുഴുവൻ ചുമരുകൾക്കുള്ളിലാക്കിയപ്പോൾ നഷ്ടപ്പെട്ടത് ഇത്തരത്തിലുള്ള ഒരുപാട് നല്ല നിമിഷങ്ങളാണ്. നാളെ എന്ന ഒരു പ്രതീക്ഷപോലുമില്ലാതെ നാമെല്ലാം അതിജീവനത്തിന്റെ പ്രയാണത്തിൽ ഏർപ്പെട്ടപ്പോൾ കഴിഞ്ഞുപോയ കാലത്തിൽ ഉയർന്നു നിൽക്കുന്നത് ഇത്തരം നഷ്ടങ്ങളാണ്.

പരസ്പരം നേരിൽ കാണാതെയും സംസാരിക്കാതെയും സാങ്കേതികവിദ്യയുടെ ലോകത്തിലൂടെ മാത്രം കലാലയജീവിതത്തെ നോക്കികാണേണ്ടിവരുന്നവരുണ്ട്. കൂടിച്ചേരലുകളില്ലാതെ പങ്കുവയ്ക്കലുകളില്ലാതെ ഒരു മുറിക്കുള്ളിലിരുന്ന് പഠിക്കേണ്ടി വന്നവരുണ്ട്. വരും കാലത്തേക്കായി ആരോഗ്യകരമായ ഒരു സാമൂഹിക അകലം നാം പാലിച്ചപ്പോൾ കൂട്ടായ്മയുടെ പാഠങ്ങൾ നമുക്ക് നഷ്ടമായി. കലാലയജീവിതത്തെ കുറിച്ചുകണ്ട സ്വപ്നങ്ങൾ നിറം മങ്ങുന്നത് വേദനയോടെ നമുക്ക് തിരിച്ചറിയേണ്ടിവന്നു. കലാലയങ്ങളിൽ നാം പഠിക്കുന്നത് പുസ്തകങ്ങളിൽ നിന്നു മാത്രമല്ല എന്നതാണ് യാഥാ


**വരും കാലത്തേയ്ക്കായി ആരോഗ്യകരമായ ഒരു സാമൂഹിക അകലം നാം പാലിച്ചപ്പോൾ കൂട്ടായ്മയുടെ പാഠങ്ങൾ നമുക്ക് നഷ്ടമായി. കലാലയജീവിതത്തെ കുറിച്ചുകണ്ട സ്വപ്നങ്ങൾ നിറം മങ്ങുന്നത് വേദനയോടെ നമുക്ക് തിരിച്ചറിയേണ്ടിവന്നു.**



ർത്ഥ്യം. ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിലും നിലപാടുകളിലും വലിയൊരു സ്വാധീനം ചെലുത്താൻ കലാലയങ്ങൾക്ക് സാധിക്കും. ഒരു വ്യക്തി എന്നതിൽ ഒതുങ്ങിനിൽക്കാതെ വ്യക്തിത്വവികസനത്തിനും രാഷ്ട്രീയപരമായ വീക്ഷണങ്ങൾക്കും കലാലയങ്ങൾ വഴിയൊരുക്കുന്നു. കൊറോണ വൈറസിനെ ഭയന്ന് മനുഷ്യർ സ്വയം ഒതുങ്ങിയപ്പോൾ ഇത്തരത്തിലുള്ള സാമൂഹികമായ ഒരു വളർച്ച മനുഷ്യർക്ക് നഷ്ടമായി. മനുഷ്യത്വത്തിന്റെ പാഠങ്ങൾ നാം നേടുന്നത് നാനാ തുറകളിലുള്ള മനുഷ്യരുമായുള്ള ഇടപെടലുകളിലൂടെ യാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

കലാലയങ്ങൾ ... അവിടെ കാമ്പുള്ള ചർച്ചകൾ ഉണ്ടാകണം, ആശയങ്ങൾ തമ്മിൽ കലഹങ്ങൾ ഉണ്ടാകണം, ഒരുപാട് സ്വപ്നങ്ങൾ പിറക്കണം, വിജയങ്ങളും പരാജയങ്ങളും ഉണ്ടാകണം, ഇടനാഴിക ളിൽ ആർപ്പിന്റെ തളം കെട്ടി നിൽക്കണം, പ്രതിഷേധങ്ങൾ ഉണ്ടാകണം, മാറ്റങ്ങൾ സൃഷ്ടിക്കണം... വളർന്നു വരുന്ന ഒരു തലമുറയുടെ വിഭവശേഷി രൂപീകരിക്കുന്ന ഇടങ്ങളാകണം കലാലയങ്ങൾ.

മഹാമാരിയുടെ പേക്കൂത്തിൽ നിന്ന്, അസ്വതാന്ത്ര്യത്തിൽ നിന്ന് വീണ്ടും നാം കലാലയങ്ങളിലേയ്ക്ക് എത്തുമ്പോൾ നാം തിരിച്ചറിയേണ്ട കുറേ പാഠങ്ങളുണ്ട്. കോവിഡ് എന്ന ഭീതി ഇനിയും നമ്മെ വിട്ട് ഒഴിഞ്ഞിട്ടില്ലെന്നിരിക്കെ അതിനെ പ്രതിരോധിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. കലാലയങ്ങ ൾ നൽകുന്ന സ്വാതന്ത്ര്യത്തിൽ നാം ആർത്തുല്ലസിക്കുമ്പോളും സമൂഹത്തോടുള്ള പ്രതിബദ്ധത നാം കാത്തുസൂക്ഷിക്കേണ്ടതുണ്ട്.




മാഗസിൻ '21.

എം ഇ എസ്
അസ്മാബി
കോളേജ്
പി. വെമ്പല്ലൂർ

നമ്മുടെ ഓരോ പ്രവർത്തിയും മറ്റുള്ളവരെ കൂടെ ബാധിക്കുന്നുണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

നഷ്ടപ്പെട്ടവ തിരിച്ചെടുക്കാൻ നമുക്ക് സാധിക്കില്ല. എന്നാൽ, ഇനിയുള്ള നിമിഷങ്ങൾ അവിസ്മരണീയമാക്കാൻ നമുക്ക് സാധിക്കും. കലോത്സവങ്ങളും തിരഞ്ഞെടുപ്പുകളും ആഘോഷങ്ങളും പ്രതിഷേധങ്ങളുമെല്ലാം നമുക്കായി കാത്തിരിക്കുന്നുണ്ട്. 'ഈ നിമിഷത്തിൽ' ജീവിച്ചുകൊണ്ട്, പുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ, സ്വതന്ത്ര്യത്തിന്റെ, കലാലയം വിഭാവനം ചെയ്യുന്ന അനന്തവിഹായസ്സിലേയ്ക്ക് നമുക്ക് പറന്നുയരാം.



**Surumi**
2nd BBA

# തിരിഞ്ഞു നോട്ടം

പാതി വഴിയിൽ വെറുതെ ഒന്നു തിരിഞ്ഞു നോക്കി...

ഏറെ ദൂരം പിന്നിട്ടിരിക്കുന്നു... ഒട്ടും ഭയം തോന്നിയില്ല എന്നത് എന്നെത്തന്നെ ബോധ്യപ്പെടുത്തി... അല്ലെങ്കിലും ഇനി ആരെ ഭയക്കാൻ...

ഒരിക്കൽകൂടെ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടു... എനിക്കായ് വഴിയിൽ കാത്തു നിന്നിരുന്നവനെ.. . അന്ന് അവസാനമായി ബാക്കി വെച്ച
അതെ പുഞ്ചിരിയോടെ എന്റെ കയ്യിൽ കൈച്ചേർത്തു ചേർന്ന് നിന്നു..

ഇതൊക്കെ ഒരു സ്വപ്നമല്ലാതിരുന്നെങ്കിൽ

മരിച്ചു കഴിഞ്ഞാൽ എല്ലാം സ്വപ്നങ്ങളാണ്... നിനക്ക് അതറിയില്ലേ...

**അഷിത പി എ**
3rd bvoc FPT

# ഒരു ഓർമപ്പെടുത്തൽ

മലമുകളിലെത്തിയ കുഞ്ചറിയ  ലോകം കീഴടക്കിയവനെ പോലെ
നെഞ്ചുവിരിച്ചു നിന്നു..... താഴേക്കു നോക്കിയ കുഞ്ചറിയ കണ്ടത് കാട്ടുതീ പടർന്നു കരിഞ്ഞുണങ്ങിയ കാടിനെ ...കരിഞ്ഞ ഇലകളുടെയും ചാരത്തിന്റെയും അടിയിലായി മണ്ണിൽ ജീവനുള്ള വേരുകളും ഉറങ്ങുന്ന വിത്തുകളുമുണ്ട്. അനുകൂല കാലാവസ്ഥയിൽ അവയിലെ ജീവൻ വീണ്ടും ഉണരും.. അതു പറഞ്ഞു കുഞ്ചറിയ തിരിച്ചിറങ്ങി.... വീണ്ടെടുക്കാൻ കഴിയാത്ത വിധം ഒന്നും നഷ്ടപെട്ടിട്ടില്ല ഒരു ഓർമപ്പെടുത്തൽ

ആബിദ എ. എ
2nd BA Economics


# ഉയർത്തെഴുന്നേൽപ്പ്

കലാലയമേ....
ഇത് നിന്റെ ഉയർത്തെഴുന്നേൽപ്പാണ്!
നിനക്ക് വേണ്ടി തുടിച്ചിരുന്ന ഒരുപാട് ഹൃദയങ്ങൾ
നിനക്കായ് മുഴങ്ങിയിരുന്ന മുദ്രാവാക്യങ്ങൾ
നിന്റെ നെഞ്ചിൽ കുത്തിയിറങ്ങിയ ചെങ്കൊടികൾ

ഇതൊന്നുമില്ലാതെ നിന്റെ ഹൃദയം ശാന്തമായി കിടന്ന
ആ പോയ കാലം നീ ഓർത്തുനോക്ക്!
ആത്മാവില്ലാത്ത ശരീരം പോലെ
നീയവിടെ തനിച്ചായിരുന്നു

പക്ഷെ ഒന്നുണ്ട്!
നിന്റെ മാറോടണയാൻ വേണ്ടി
വെമ്പൽ കൊണ്ടിരുന്നൊരുപാട് ഹൃദയങ്ങൾ
വാകപ്പൂക്കളാൽ  നീയൊരുക്കിയ വീഥികളിലൂടെ
നടക്കാൻ വേണ്ടിയവർ കാത്തിരുന്നു
ഒടുവിൽ കാത്തിരിപ്പിനു വിരാമം കുറിച്ച്
ഇന്നിതാ നീ വീണ്ടും ആരവങ്ങളാൽ
നിറഞ്ഞിരിക്കുന്നു...





ഉറവ വറ്റാത്ത സൗഹൃദത്തിനും
കനലെരിയുന്ന പ്രണയത്തിനുമെല്ലാം
ഇന്നു നീ സാക്ഷിയാണ്
നിന്റെ ഹൃദയത്തിൽ പ്രതീക്ഷയുടെ ജ്വാല
തെളിയിച്ചതവരാണ്
അതിന്ന് കത്തിപടരുന്നതുമവർക്കു-
വേണ്ടി തന്നെ..


കാരണം കലാലയ ജീവിതത്തിന്റെ
നഷ്ടപ്പെടലനുഭവിച്ചതും
തിരിച്ചു വരവാഗ്രഹിച്ചതുമവരാണ്
ഒരുപാടോർമകൾ നെയ്യെടുക്കാൻ വേണ്ടി
അവരിന്നും നിന്നോടൊപ്പമുണ്ട്
പ്രതീക്ഷയെന്ന പാതയിലൂടെ നടക്കുമ്പോൾ
ഒന്ന് തിരിഞ്ഞു നോക്കിക്കൊണ്ട് അവർ നിന്നോട്
ഇങ്ങനെ പറയും
"കലാലയമേ ഇതു നിന്റെ
ഉയർത്തെഴുന്നേൽപ്പാണ്"!

# അച്ഛൻ

**ദേവൻ / സിയാന**
2nd Bcom cooperation

ഭാരം എല്ലാം മെല്ലെ ഇറക്കി വെച്ച് തലചായ്ക്കാൻ വന്ന നേരം ജനൽ അഴികളിലൂടെ തണുത്ത കുളിരുള്ള കാറ്റിനാൽ മനസ്സ് ഒന്ന് ശാന്തമായപ്പോൾ ഞാൻ കണ്ടത് നിലാ വെളിച്ചമായി വന്ന ചന്ദ്രനേയും നക്ഷത്ര കൂട്ടത്തെയും .
നല്ല സ്വപ്നങ്ങളും നല്ല നിമിഷവും നമ്മളിലേക്ക് കടന്നു വരുന്ന നേരം മിഴികൾ രണ്ടും മെല്ലെ അടഞ്ഞതും എന്നിലേക്ക് വന്നത് നഷ്ടപ്പെട്ട എന്റെ ബാല്യം.
കണ്ടും സ്നേഹിച്ചും കൊതി തീരാതെ എന്നിൽ നിന്നും പോയത് അല്ലെ .
കണ്ണ് നിറഞ്ഞിട്ടുണ്ട് ഒന്ന് കാണാനായി ... ആഗ്രഹിച്ചിട്ടുണ്ട് ഒന്ന് സ്നേഹത്തോടെ പുണരുവാനായി ....
കഴിയില്ല എന്ന് അറിയാം പക്ഷെ ഈ നിമിഷം എന്നിൽ നിറഞ്ഞ് നിൽക്കുന്നതും കാണാൻ ആഗ്രഹിക്കുന്നതും നിങ്ങളെയാണ് അച്ഛാ .......
ആ മടിയിൽ കിടന്ന് ഒരു നിമിഷമെങ്കിലും തല ചായ്ച്ച് മയങ്ങാനും ...
അരികിൽ ഇരുന്ന് എന്റെ മനസ്സിലെ ഒരോ സങ്കടങ്ങളും സന്തോഷങ്ങളും പങ്കു വെക്കുവാനും ... ആ കൈകളിലെ സ്പർശന ചൂടിൽ ഒരു നിമിഷം മനസ്സിലെ എല്ലാ നോവും പരിഭവങ്ങളും ഇറക്കി വെക്കുവാനും ... ആ കണ്ണുകളിലെ വാത്സല്യം അനുഭവിക്കാനും .... അതിലുപരി ആറടി മണ്ണിലേക്ക് പോകും വരെ എന്റെ കൂടെ വേണമെന്ന് ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട് ...

ഇനി ഒരിക്കലും കിട്ടില്ല എന്നറിയാം... പക്ഷെ കൂടെ ഉണ്ടായിരുന്ന നല്ല നാളുകൾ ഓർമയിൽ വെച്ച് ഞാൻ ഇന്നും ജീവിക്കുന്നു ....


എരിയുക...
ആളുക...
തീപ്പന്തമാവുക ...
വെളിച്ചത്തിൽ
പുതിയലോകം തേടുക ...
അവാസാനത്തെ പാട്ട്



**ആരതി ഇ. ആർ**
2nd BCom Cooperataion


# വാർദ്ധക്യം

പണ്ടൊരിക്കൽ അമ്മിഞ്ഞപ്പാലിൻ
മധുരം അറിഞ്ഞ നീ...
അച്ഛൻ തൻ നെഞ്ചിലെ
ചൂടോന്നറിഞ്ഞ നീ...
ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച അമ്മതൻ
വാത്സല്യമെന്തെന്നു ഏറെ അറിഞ്ഞു നീ..

എന്നാൽ....
ഇന്നിതാ അമ്മിഞ്ഞപ്പാലിന്റെ
മധുരം മറന്നു നീ
അച്ഛൻ തൻ നെഞ്ചിലെ
ചൂടു മറന്നു നീ
വൃദ്ധരായ മാതാപിതാക്കളല്ലോ
കൺകണ്ട ദൈവങ്ങളെന്നും
മറന്നു നീ..

കണ്ണിലുണ്ണികളായി വളർത്തിയ
മക്കളോ...

കൺകണ്ട ദൈവത്തെ
വൃദ്ധാസദനത്തിൽ എറിഞ്ഞവർ
ഓർക്കുക മനുഷ്യാ നീ
ഇന്നു നിൻ മാതാപിതാക്കൾ
വാർദ്ധക്യ കാലത്തിൽ അകപ്പെട്ടു
ഒരിക്കൽ.....
നീയുമാ വാർദ്ധക്യകാലത്തിൽ എത്തിടും
അന്നു നിൻ മക്കളോ
നീ ചെയ്ത കർമത്തെ പിന്തുടർന്നിടും
അന്നു നീ ഓർക്കും



നിൻ മാതാപിതാക്കൾ തൻ വേദന
അസ്ഥി നുറുങ്ങും വേദന അമ്മക്ക്
നൽകിയാണ് നിൻ പിറവി എന്നും
അച്ഛന്റെ ചോര നീരാക്കിയാണ്
നിൻ വളർച്ചയെന്നും
ഓർക്കുക മനുഷ്യാ....
അന്നു തീരും വൃദ്ധാസദനത്തിലെ
തിങ്ങിനിറയും തിരക്കുകൾ

ഓർക്കുക മനുഷ്യാ നീ...
വൃദ്ധരാം മാതാപിതാക്കളല്ലോ
കൺകണ്ട ദൈവമെന്നോർക്കുക നീ..
വൃദ്ധരാം മാതാപിതാക്കളല്ലോ
കൺകണ്ട ദൈവമെന്നോർക്കുക നീ....

# ജനലരികിൽ

**ഉമ്മുകുൽസു കെ.എ**
3rd bsc.Botony

നല്ല നിലാവുണ്ടല്ലോ വല്ലുമ്മാ ഏതോ ദുനിയാവിന്റെ കോണിൽ ആരോ ഗസൽ മൂളുന്നുണ്ടല്ലോ
ജനലരികിലെത്തി നോക്കെത്താ ദൂരത്തേക്ക് നോക്കി ഉമ്മുക്കുല്യസു പറഞ്ഞു. ചന്ദനത്തിരി പുകയുന്ന മുറിക്കുള്ളിൽ വെല്ലിമ്മാടെ ചൂട്ടുപറ്റി കിടക്കുകയായിരുന്നു അവൾ.
ദിക്റുകൾ മൂളുന്നതിനിടയിൽ വെല്ലുമ്മ അവളെ നോക്കി പുഞ്ചിരിച്ചു. അതിസുന്ദരിയായ ചെറു കുട്ടിയാണ് ഉമ്മുകുൽസു. ചെറുപ്പത്തിൽ തന്നെ ഉപ്പാനെ നഷ്ടപ്പെട്ട അവൾക്ക് ഉമ്മയും വല്യമ്മയും മാത്രമേ കൂട്ടിനുള്ളൂ. കൂട്ടുകാരിയുമൊത്ത് കണ്ണുപൊത്തി കളിക്കാനും കാഴ്ചകൾ കാണാനുമെല്ലാം അവൾക്ക് ഏറെ ഇഷ്ടമായിരുന്നു. പക്ഷേ വെല്ലിമ്മാടെ കയ്യീന്ന് വിടാറില്ല അവളെ ഓർത്തു പള്ളിയിലേക്ക് കൂട്ടുകാരുമൊത്ത് പോകുമ്പോ വീണുകിടക്കുന്ന കണ്ണിമാങ്ങയും പെറുക്കി വെല്ലിമ്മാടെ അരികിലേക്കോടുമായിരുന്നു ഉമ്മുകുൽസു.
വല്ലുമ്മാടെ ചെല്ലക്കുട്ടിയായ ഉമ്മുകുൽസുവിനെയും കാത്ത് ഉമ്മറത്തിണ്ണയിലുണ്ടാകും വെല്ലുമ്മ. വെല്ലിമ്മാടെ ചെറുകഥകളും, ഓമന പാട്ടുകളും ശീലുകളും എല്ലാം കേട്ടു വളരുന്നത് കൊണ്ട് അവളും നല്ല ശീലിയിൽ തന്നെ മൂളുമായിരുന്നു.
അന്ന് രാത്രിയും കഥ കേൾക്കാൻ അവൾ എത്തിയിരുന്നു. അന്ന് വെല്ലിമ്മാടെ ചങ്ങാതിയായ വീരാന്റെ കഥയായിരുന്നു. വീരാനുമൊത്ത് ഓത്തുപള്ളിയിൽ പോണതും, മാങ്ങ പറിച്ചിട്ട് കൊടുക്കാതെ അതിനുവേണ്ടി പിണങ്ങിയതും പിണക്കം മാറ്റാൻ വീരാൻ കവിളിൽ മുത്തം കൊടുത്തതും എല്ലാം.

വെല്ലുമ്മ വീരാന്റെ ഓർമ്മകളിൽ തേങ്ങി. നെടുവീർപ്പോടെ വെല്ലുമ്മ കണ്ണീരിനെ മായ്ച്ചു. ഉമ്മുക്കുൽസുവിനെ ചേർത്തു പിടിച്ച് വെല്ലുമ്മ ചോദിച്ചു

മോളെ... ഗസൽ കേൾക്കുന്നുണ്ടോ...
കേൾക്കുന്നുണ്ടല്ലോ വല്ലുമ്മ
അതാരാ...?

അവളുടെ ചോദ്യം കേട്ടതും വെല്ലുമ്മ അവളെ ചേർത്തു പിടിച്ച് മുത്തം നൽകി. അത്തർ മണക്കുന്ന വെല്ലിമ്മാടെ മേത്തേക്ക് അവൾ ചാഞ്ഞു. വെല്ലുമ്മ അവളെ തലോടിക്കൊണ്ടിരുന്നു. അന്ന് വെളുക്കുവോളം അവളും വല്ലുമ്മയും ഉറങ്ങിയില്ല.
സുബഹി ബാങ്ക് കേട്ട്... നിസ്കരിക്കേണ്ടേ ...
വെല്ലുമ്മ എണീക്ക്... വല്ലുമ്മാ... ഉമ്മുക്കുല്യസുവിനെയും ചേർത്തുപിടിച്ച് ഉമ്മ കരഞ്ഞു.
മോളെ.., വല്ലുമ്മ പോയി... മയ്യത്തിന്റെ അരികിൽ ആരുമില്ലാതെ അവളും ഉമ്മയും ഇരുന്നു. മറവ് ചെയ്തതിനു ശേഷം ആളൊഴിഞ്ഞ കൂരയിൽ ഇനി അവളും ഉമ്മയും മാത്രം.!
വെല്ലിമ്മാടെ പതിവ് ചോദ്യം പോലെ അന്നും കരഞ്ഞുകലങ്ങിയ കണ്ണുമായി അവൾ ജനാലക്കരികിൽ എത്തി. ഗസലിന് കാതോർത്തു അന്ന് ആ ഗസൽ നിശബ്ദമായിരുന്നു. കുന്തിരിക്കത്തിന്റെ മണം പടർന്ന, ഏകാന്തത നിറഞ്ഞ ആ രാത്രി,
ആ ഗസലും അവൾക്ക്
നിശബ്ദമായിരുന്നു

**അന്ന് വെല്ലിമ്മാടെ ചങ്ങാതിയായ വീരാന്റെ കഥയായിരുന്നു. വീരാനുമൊത്ത് ഓത്തുപള്ളിയിൽ പോണതും, മാങ്ങപറിച്ചിട്ട് കൊടുക്കാതെ അതിനുവേണ്ടി പിണങ്ങിയതും പിണക്കം മാറ്റാൻ വീരാൻ കവിളിൽ മുത്തം കൊടുത്തതും എല്ലാം.**

ഷാഹിദുൽ ഹഖ് പി.എസ്
ബി സി എ



# കുറിപ്പുകൾ




# നന്ദി

കൂടെ നടന്നവർക്ക്
പ്രതിസന്ധിയിൽ വഴികാണിച്ച
പ്രിയപ്പെട്ടവർക്ക്
ഈ യാത്രയിൽ വെളിച്ചമായ
അധ്യാപകർക്ക്
തളർന്നപ്പോൾ പിടിച്ചെഴുനേല്പിച്ചവർക്ക്
നിങ്ങളുടെ താളുകളിൽ തൂലിക കൊണ്ട്
നൃത്തം ചെയ്തവർക്ക്
അവസാനം
ഇരു കൈനീട്ടി സ്വീകരിച്ചവർക്കും,
വായിച്ചവർക്കും...

സ്നേഹത്തോടെ

മുഹമ്മദ് ഷഹൽ. ടി
സ്റ്റുഡന്റ് കോഡിനേറ്റർ



മാഗസിൻ ' 21
എം ഇ എസ് അസ്മാബി
കോളേജ് / പി. വെമ്പല്ലൂർ